2026 MAY
VOL 25
ISSUE 5
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



"ഹൃദയ ശുദ്ധിയുള്ളവർ
ഭാഗ്യവാൻമാർ;
അവർ ദൈവത്തെ കാണും"

(മത്തായി 5, 8)

**JESUS YOUTH**
A MISSIONARY
MOVEMENT AT
THE SERVICE OF
THE CHURCH

www.jykairosmedia.org

# വി. ദേവസഹായം പിള്ള



പതിനെട്ടാം നൂറ്റാണ്ടിൽ തിരുവിതാംകൂർ രാജ്യത്ത് ഉദ്യോഗസ്ഥനായിരിക്കെ, ക്രിസ്തുവിൽ വിശ്വസിച്ച്, ക്രിസ്തുമതം സ്വീകരിച്ച വ്യക്തിയാണ് വിശുദ്ധ ദേവസഹായം പിള്ള. 1712 ഏപ്രിൽ 23–ന് കന്യാകുമാരി ജില്ലയിലെ നട്ടാലത്ത് ജനിച്ചു. ജ്ഞാനസ്നാനത്തിനു മുൻപ് നീലകണ്ഠപിള്ള എന്നായിരുന്നു പേര്. മാർത്താണ്ഡവർമയുടെ കൊട്ടാരത്തിൽ കാര്യദർശിയായിരുന്നു അദ്ദേഹം.

കുളച്ചൽ യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യം ഡച്ച് സൈന്യത്തെ പരാജയപ്പെടുത്തി. തുടർന്ന്, തിരുവിതാംകൂർ സൈന്യത്തിന്റെ നവീകരണച്ചുമതല മാർത്താണ്ഡവർമ മഹാരാജാവ് ഡച്ച് സൈന്യാധിപൻ ഡിലനോയിയെ ഏൽപിച്ചു. ഡിലനോയിയുടെ സഹായിയായി മഹാരാജാവ് പിള്ളയെ നിയമിച്ചു. അദ്ദേഹത്തിൽ നിന്നാണ് പിള്ള യേശു ക്രിസ്തുവിനെക്കുറിച്ച് അറിഞ്ഞത്.

തുടർന്ന്, തെക്കൻ തിരുവിതാംകൂറിലെ നേമം എന്ന സ്ഥലത്ത് മിഷണറിയായിരുന്ന ബുട്ടാരി എന്ന ഈശോസഭാ വൈദികനിൽ നിന്ന് 1745 മേയ് 17ന് അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചു. അതിനെ തുടർന്ന് നാലു കൊല്ലം ജയിലിൽ കിടക്കേണ്ടി വന്ന ദേവസഹായം പിള്ള 1752ൽ രാജകല്പനപ്രകാരം വധിക്കപ്പെടുകയായിരുന്നു.

ദേവസഹായം പിള്ളയെ രക്തസാക്ഷി വിശുദ്ധ പദവിയിലേക്ക് ഉയർത്താനുള്ള നടപടികൾക്ക് 2012ൽ ബനഡിക്റ്റ് പതിനാറാമൻ പാപ്പയുടെ അംഗീകാരം ലഭിച്ചു. 2012 ഡിസംബർ 2ന് കത്തോലിക്കസഭ ഇദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 2022 മേയ് പതിനഞ്ചിന് കത്തോലിക്കസഭ ഇദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

എഡിറ്റേഴ്സ് റൂം -
അഡ്വ. കെ.ജെ. ജോൺസൺ
jjadvocatesjy@gmail.com



# ഊമക്കത്ത്


ഒരിക്കൽ ഒരിടവകയിൽ ഒരു ഊമക്കത്ത് ലഭിച്ചു. അതിൽ വികാരിയച്ചനെയും കമ്മറ്റി അംഗങ്ങളെയും കഠിനമായി വിമർശിച്ചിരുന്നു. വാക്കുകൾ മൂർച്ചയുള്ളതായിരുന്നു. ചില കാര്യങ്ങൾ ശരിയായിരുന്നെങ്കിലും മറ്റുചിലത് അതിരുകടന്നതും വക്രിച്ചതുമായിരുന്നു. കത്ത് കിട്ടിയ വികാരിയച്ചൻ അടുത്ത ദിവസങ്ങളിൽ ഇടവകാംഗങ്ങളോട് പറഞ്ഞു: "ഈ കത്തിൽ സത്യമുള്ളത് ഞാൻ തിരുത്തും. പക്ഷേ, തന്റെ പേരറിയിക്കാതെ എഴുതിയവനു വേണ്ടി ഞാൻ പ്രാർഥിക്കുന്നു. സ്നേഹത്തിൽ സത്യം പറയാൻ ധൈര്യം ലഭിക്കട്ടെ." ചില വ്യക്തികളെ ചൂണ്ടിക്കാട്ടി, അവരായിരിക്കാം ഇത് ചെയ്തതെന്നും അവരുടെ വീട്ടിൽ പോയി ചോദിക്കാം, നമുക്ക് കേസ് കൊടുക്കാം എന്നൊക്കെയാണ് കമ്മിറ്റിക്കാർ പറഞ്ഞത്. വികാരിയച്ചൻ പക്ഷേ ദൃഢതയോടെ പറഞ്ഞു, ഇത് നമുക്ക് തിരുത്താനുള്ള സമയമാണ്. ഭീരുക്കളെ എന്തിന് ഭയക്കണം? ആ സംഭവം ഇടവകയെ ആഴത്തിൽ സ്പർശിച്ചു. കാരണം അവിടെ ഒരു വലിയ സത്യം ഒളിഞ്ഞിരുന്നു. വിമർശനം ശരിയാകാം, പക്ഷേ അതിന്റെ രീതി തെറ്റിയാൽ അത് ഹൃദയത്തെ മുറിപ്പെടുത്തും.

അപകീർത്തിപരവും അപമാനകരവും അക്രമാസക്തവുമായ പല പോസ്റ്റുകളും സോഷ്യൽ മീഡിയയിൽ സജീവമായി പ്രചരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മറുപക്ഷത്ത് നിൽക്കുന്നവരെ തകർക്കാനും മനസ്സിന് ഇഷ്ടമില്ലാത്തവരെ ഇകഴ്ത്താനുമാണ് ഇങ്ങനെ പ്രവർത്തിക്കുന്നത്. വ്യക്തിയുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതിനു പകരം വ്യക്തിത്വത്തെയാകെ ആക്രമിക്കുന്ന ഒരു രീതിയിലാണ് ഇത്തരത്തിലുള്ള പ്രതികരണങ്ങൾ. ആരോഗ്യകരമായ സാമൂഹിക വളർച്ചയ്ക്ക് വിമർശനങ്ങളും തെറ്റുകൾ ചൂണ്ടിക്കാണിക്കലും വളരെ അത്യാവശ്യമാണ്. വിമർശിക്കാം, പക്ഷേ, അപമാനിക്കരുത്.

യേശുവിന്റെ ജീവിതം തന്നെ അതിന്റെ മികച്ച ഉദാഹരണമാണ്. അവൻ തെറ്റുകൾ ചൂണ്ടിക്കാട്ടി. പക്ഷേ, ഒരാളെയും അപമാനിച്ചില്ല. വ്യഭിചാരിണിയെ പിടിച്ചുകൊണ്ടുവന്നപ്പോൾ കുറ്റത്തെ നിഷേധിക്കാതെ നീ ഇനി പാപം ചെയ്യരുതെന്ന് സ്നേഹത്തോടെ ഉപദേശിച്ചു. സ്നേഹത്തിൽ സത്യം സംസാരിക്കുകയെന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ ശ്രദ്ധേയമാണ്. സത്യം ഇല്ലാത്ത സ്നേഹം കപടതയും സ്നേഹമില്ലാത്ത സത്യം ക്രൂരവുമായിരിക്കും. ഇവ രണ്ടും കൂടിയാൽ മാത്രമേ ശരിയായ മാറ്റം സാധ്യമാകൂ. സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് വിമർശനമുന്നയിച്ച ഒരാൾ കുറച്ചു നാളുകൾക്കുശേഷം യാതൊരു അഭിപ്രായവുമില്ലാതെ ഇരിക്കുന്നതുകണ്ട്, നിനക്കൊന്നും പറയാനില്ലേയെന്ന് സുഹൃത്ത് ചോദിച്ചു. ഒരു മാറ്റത്തിനു വേണ്ടിയാണ് ഞാൻ സംസാരിച്ചത്. ഈ സംഘടനയോടുള്ള സ്നേഹം കൊണ്ടാണ്. ഇന്നത് എനിക്ക് നഷ്ടപ്പെട്ടിരിക്കുന്നു. അദ്ദേഹം മറുപടി പറഞ്ഞു. വിമർശിക്കുന്നവരെ അവഗണിക്കാതെ അവരെക്കൂടി ചേർത്തു പിടിക്കാനും തയ്യാറാകണം.

"നിങ്ങളുടെ സംസാരം എപ്പോഴും കരുണാമസൃണവും ഹൃദ്യവുമായിരിക്കട്ടെ" (കൊളോ 4, 6).

.



എഡിറ്റർ-ഇൻ-ചീഫ്

കെയ്റോസ്
KAIROS ✦ 2026 MAY ✦ VOL 25 ✦ ISSUE 5 ✦ PAGE 48

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr Paul A.J. *(KJYC Animator)*

**Director, Kairos Media**
Dr. Chackochan Njavallil 9447572513

**Printer and Publisher**
Reji J. Karot 9447394142

**Managing Trustee**
Ginees Francis 9562379515

**Executive Director**
Godwin Ignatious 9995211689 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Abhilesh Thomas +1 (289) 952-1785
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Sijo C. Johny +974 3357 2544
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com

**Mailing Address**
INDIA: 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org
+91 484 2984327

USA: Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org
+1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam

കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:

Cloudcatholic Mobile App

Print (Mal, Eng, Buds)

contents

06


10

14

16

18

20

22


letters

**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**
കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
✆ 0484 2984327 ✆ 62382 79115
✉ kairosmag@jykairosmedia.org

കെയ്റോസിൽ പ്രസിദ്ധീകരിച്ച ഫുൾടൈമേഴ്സ് സ്റ്റോറികൾ ഏറെ ഹൃദ്യമായിരുന്നു. നട്ടിടത്ത് മൊട്ടിടുന്നവർ എന്ന തലക്കെട്ടിലെ ലേഖനം നന്നായിരുന്നു. ക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധം വളർത്താനും അതിന്റെ ഊഷ്മളത എന്തെന്ന് അനുഭവിക്കാനും ഒക്കെ ഇടയായി. വായിച്ചപ്പോൾ ഹൃദയസ്പർശിയായി തോന്നി. പ്രാർഥനയുടെ പ്രാധാന്യവും ഏറെ വ്യക്തമാക്കുന്നതായിരുന്നു. പോകുന്നിടത്തെല്ലാം അനുഗ്രഹമാക്കി മാറ്റണം എന്നുള്ള പ്രാർഥനയും ഇഷ്ടപ്പെട്ടു. നിത്യ മരിയയുടെ അനുഭവവും ആകാംക്ഷയോടെയാണ് വായിച്ചു തീർത്തത്. യൂത്ത് ക്ലാസ്സിൽ ജിബി ജോർജിന്റെ 'അവനിലാണ് എല്ലാം' എന്ന ലേഖനം ഈശോയുമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ ആഴം മനസ്സിലാക്കാൻ ഇടയാക്കി. സ്പോർട്സും വിശ്വാസവും എന്ന പേജിൽ സഞ്ജു സാംസനെ കുറിച്ചുള്ള ലേഖനം നന്നായിട്ടുണ്ട്. പലയിടങ്ങളിൽ സഞ്ജുവിനെ കുറിച്ച് വായിക്കുന്നതാണെങ്കിലും ഓരോ തവണ വായിക്കും തോറും ഉള്ളിൽ നിറയുന്ന ശാന്തതയും പ്രചോദനവും ഒക്കെ പറയാതെ വയ്യ. മിഷണറി ജീവിതങ്ങളുടെ കഥ പറയുന്ന ജോഫിന്റെ തുങ്കുബാരി ഏറെ ഇഷ്ടത്തോടെയാണ് വായിച്ചത്. അനുഭവങ്ങൾ നിറഞ്ഞ ലേഖനങ്ങൾ എപ്പോഴും ഹൃദയസ്പർശിയാണ്. എല്ലാ ലക്കങ്ങളിലും തുടരുവാൻ അഭ്യർഥിക്കുന്നു. പ്രാർഥനകളും ആശംസകളും.

***ആന്റണി ജൂഡ്, ചെറായി***

26
30
32
36
44



വ്യത്യസ്തവും
വിശിഷ്ടവുമായ
ഈ ഉള്ളടക്കങ്ങളും
മിഷൻ സ്റ്റോറി
വാർത്താവിചാരം
വഴുതന മാത്തൻ
തുടങ്ങിയ മറ്റു
സ്ഥിരം പംക്തികളും



# യുവത്വനിറവിൽ തീക്ഷ്ണതയോടെ: യുവജന രൂപീകരണത്തിന്റെ വെല്ലുവിളികൾ

സിസ്റ്റർ മരിയെറ്റയുടെ തീക്ഷ്ണത സമ്മതിക്കാതെ വയ്യ. എന്നെ പല പ്രാവശ്യം വിളിച്ചു. ഇടവകയിലെ കുറേ യുവാക്കളെ ഒരു ജനപ്രിയ ധ്യാന കേന്ദ്രത്തിൽ കൊണ്ടുപോകണം. ചെറുപ്പക്കാർ വലിയ പ്രശ്നങ്ങളിലൂടെ കടന്നു പോകുന്നു. സിസ്റ്റർ അവരുമായി നല്ല ബന്ധത്തിലാണ്. പല കാര്യങ്ങളും ശ്രമിച്ചു നോക്കി. പക്ഷേ, വലിയ ഫലമൊന്നും കണ്ടില്ല. ധ്യാന കേന്ദ്രത്തിലെ ഒരു അനുഭവം അവരിൽ സ്ഥായിയായ മാറ്റമുണ്ടാക്കും എന്നൊരു പ്രതീക്ഷയിലാണ് സിസ്റ്റർ ഇപ്പോൾ.


അങ്ങനെ ഒറ്റയടിക്ക് പരിഹരിക്കാവുന്ന ഒന്നാണോ ഇന്നത്തെ യുവജന പ്രശ്നങ്ങൾ? എന്റെ ചിന്ത ആ വഴിക്കാണ്. ഇടവകയിൽ ഇതിന് മുൻപും യുവജന ധ്യാനങ്ങൾ നടത്തിയതും അനേകർ ധ്യാനകേന്ദ്രങ്ങളിൽ പോയതും ഞാൻ ഓർത്തു. വലിയ മാറ്റമൊന്നും വന്നില്ല. പക്ഷേ, ആ കന്യാസ്ത്രീയുടെ ശുദ്ധ മനസ്സിനെ എങ്ങനെ തള്ളിപ്പറയും? അതുമല്ല, ചിലരെങ്കിലും ഒരു ധ്യാനത്തിലൂടെ വലിയ പ്രശ്നങ്ങളിൽനിന്ന് രക്ഷപ്പെട്ടിട്ടുമുണ്ട്. പക്ഷേ, എന്റെ നിശ്ശബ്ദത തീർച്ചയായും അവരെ മുന്നോട്ട് പോകാൻ പ്രോത്സാഹിപ്പിക്കും.

എന്നാൽ, എനിക്ക് വ്യക്തമായ മറ്റൊരു വഴി നിർദേശിക്കാനുണ്ടോ? യുവജനങ്ങളിലെ മാറ്റം ഞാൻ കണ്ടിട്ടുണ്ട്. വളരെ കുത്തഴിഞ്ഞ സാഹചര്യങ്ങളിൽ നിന്നുള്ള യുവാക്കൾ പോലും ജീവനിറവിൽ വരുന്നതും വളരുന്നതും നേതൃത്വ ദൗത്യം ഏറ്റെടുക്കുന്നതും ചുറ്റുമുള്ളവർക്ക് പ്രത്യാശ നൽകുന്നതും ഒക്കെ കണ്ടിട്ടുണ്ട്. ചില അവ്യക്തമായ പടികൾ ഞാൻ ശ്രദ്ധിക്കുന്നുമുണ്ട്. എന്നിരുന്നാലും, ഇന്നത്തെ യുവാക്കളുടെ വെല്ലുവിളികൾക്ക് കൃത്യമായ ഒരു പരിഹാരം എനിക്കുണ്ടെന്ന് ഞാൻ അവകാശപ്പെടില്ല.

## എങ്ങനെയെന്ന് അറിയാത്ത കർഷകൻ

വളർച്ചയെ സൂചിപ്പിക്കുന്ന യേശുവിന്റെ ഉപമകൾ ഏറെ ഉൾക്കാഴ്ച നിറഞ്ഞതാണ്.





**ഫ്രം ദി ഹാർട്ട് - ഡോ. എഡ്‌വേർഡ് എടേഴത്ത്**

## ഒരു കർഷകൻ വിത്ത് വിതച്ച് ക്ഷമയോടും പ്രതീക്ഷയോടും കൂടെ കാത്തിരിക്കുന്നു. വളർച്ച എങ്ങനെ സംഭവിക്കുന്നു എന്ന് ഒട്ടും മനസ്സിലാക്കാതെതന്നെ സൗമ്യമായി നിരീക്ഷിക്കുന്നു.

മർക്കോസ് 4, 26 ലും തുടർന്നുള്ള വാക്യങ്ങളിലും യുവാക്കൾക്ക് സ്വയം കണ്ടെത്താനും മറ്റുള്ളവരോടൊപ്പം വളരാനും സാധിക്കുന്ന ഒരു സാഹചര്യം എങ്ങനെ കെട്ടിപ്പടുക്കാനാകും എന്നതിന് ചില സൂചനകൾ ഞാൻ വായിച്ചെടുക്കാറുണ്ട്. അവിടെ ഒരു കർഷകൻ വിത്ത് വിതച്ച് ക്ഷമയോടും പ്രതീക്ഷയോടും കൂടെ കാത്തിരിക്കുന്നു. വളർച്ച എങ്ങനെ സംഭവിക്കുന്നു എന്ന് ഒട്ടും മനസ്സിലാക്കാതെതന്നെ സൗമ്യമായി നിരീക്ഷിക്കുന്നു, പിന്നീട് ഫലവും വിളവെടുപ്പും കാണുന്ന സംഭവബഹുലമായ ഒരു കഥ. ഒന്നോർത്താൽ ഈ ഭാഗം ഏറെ പാഠങ്ങൾ ഉൾക്കൊള്ളുന്നു.

1970കളിൽ സിസ്റ്റർ സാർത്തോ SDയുടെ തീക്ഷ്ണത എന്റെ ഓർമയിൽ തെളിഞ്ഞു. ഏറെ പ്രതിബദ്ധതയും, സ്ഥിരോത്സാഹവും, ആത്മാവിലുള്ള ആശ്രയബോധവും നിറഞ്ഞ ആ രീതി ഏറെ ഫലം കൊയ്തു. നഗരത്തിൽ നിന്ന് ദൂരെ വൈപ്പിൻ ദ്വീപിലെ ഒരു ഗ്രാമീണ ഇടവക. യുവാക്കളോടൊത്ത് പ്രവർത്തിക്കാൻ നല്ല കഴിവും കാര്യക്ഷമതയും വേണമെന്നാണല്ലോ വയ്പ്പ്. എന്നാൽ, സി. സാർത്തോ ഒരു സാധാരണ വ്യക്തി. പകരം, അവർക്ക് യുവാക്കളോട് നല്ല സ്നേഹമുണ്ടായിരുന്നു, യുവാക്കളുടെയും അവരുടെ കുടുംബങ്ങളുടെയും പ്രശ്നങ്ങൾ അടുത്തറിഞ്ഞ് ഇടപഴകി. പിന്നെ തന്റെ പരിമിതികൾ മനസ്സിലാക്കി സഹായം തേടാൻ മടിയും ഇല്ലായിരുന്നു. അങ്ങനെയാണ് എന്റെ പക്കൽ വന്നതും നിരന്തരം നിർദേശങ്ങൾ തേടിയതും. പിന്നെ നിരവധി യുവാക്കളെ നഗരത്തിലെ ഞങ്ങളുടെ ഗ്രൂപ്പിലേക്ക് കൊണ്ടുവരാനും തുടങ്ങി. വർഷങ്ങൾ നീണ്ട സ്ഥിരോത്സാഹം, അത് ഫലമണിഞ്ഞു.

**യുവാക്കൾക്ക് സഹായം നൽകുന്നത് രണ്ടു തലത്തിൽ ആകണമെന്ന് തോന്നുന്നു:** മരങ്ങൾ നട്ട് വളർത്തുന്നതും വയലിൽ വിത്തു വിതച്ച് പരിപാലിക്കുന്നതും പോലെ. അതായത് വ്യക്തിപരമായ വളർച്ചയും സമൂഹ വിശ്വാസ രൂപീകരണവും തമ്മിലുള്ള ഒരു ബാലൻസിങ്. ഒരാളുടെ ആന്തരിക ജീവിതത്തോടുള്ള അടുപ്പവും ശ്രദ്ധയും അത്യാവശ്യമാണ്. എന്നാൽ, അത് ഒരു വ്യക്തിയെ ഉള്ളിലേക്ക് വലിയാനും വികാരങ്ങളിലും ആത്മപരിശോധനയിലും മാത്രം മുഴുകാനും ഇടയാക്കിയാൽ, അത് ദോഷകരമാകും. അതിനാൽ, താൻ ഉൾപ്പെടുന്ന ഒരു കൂട്ടായ്മയിൽ, സംഘർഷങ്ങളെയും വൈവിധ്യങ്ങളെയും അഭിമുഖീകരിച്ച്, മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കാൻ മുൻകൈ എടുക്കുന്ന ഒരാളായി ഒരു യുവാവിനെയും യുവതിയെയും രൂപപ്പെടുത്തുക അത്യാവശ്യമാണ്. യുവജന പ്രവർത്തനത്തിൽ ഈ വ്യക്തിപര-സാമൂഹിക തുലനം ഒഴിവാക്കാനാകില്ല.

ഒരു പ്രധാന കാര്യം പലപ്പോഴും അവഗണിക്കപ്പെടുന്നു. യുവത്വ വികസനത്തിന് ഏറെ നൈപുണ്യമുള്ള വിദഗ്ധർ വേണമെന്നില്ല. ചിലപ്പോൾ അത്തരം ഒരു ഇമേജ് തടസ്സമായി മാറിയേക്കാം. സ്നേഹം, അംഗീകരിക്കാനുള്ള സന്നദ്ധത, മാറ്റത്തിനായുള്ള തുറന്ന മനസ്സ് എന്നീ ലളിത സമീപനങ്ങൾക്ക് പകരം മുൻപ് വിജയിച്ച അനുഭവങ്ങളെയും മുന്തിയ സാങ്കേതിക വിദ്യകളെയും ആശ്രയിക്കാനുള്ള പ്രലോഭനം വിദഗ്ധരെ വഴിപിഴപ്പിക്കാൻ ഇടയുണ്ട്. അതുകൊണ്ടാണ് ഞാൻ സി. സാർത്തോയെ എടുത്തുകാണിച്ചത്. ഒരു നല്ല യുവജന പ്രവർത്തക എന്താകണം എന്നതിന് മാതൃകയല്ല അവർ. സിസ്റ്റർ ഒരു പ്രത്യേക വഴിയും പിൻചെന്നില്ല. പക്ഷേ, തന്റെ വലിയ ഹൃദയം അവരെ സ്ഥിരോത്സാഹിയാക്കി. യുവാക്കളെ ഒത്തുകൂട്ടി, വ്യക്തിപരമായി ശ്രദ്ധിച്ചു, വേണ്ട സമയത്ത് ശരിയായ സഹായം എത്തിച്ചു. അക്ഷീണ പരിശ്രമം നല്ല ഫലങ്ങൾ കൊയ്തു. പതിറ്റാണ്ടുകൾ പിന്നിട്ട്, ഇന്ന്, അവരിൽ പലരും അനേക ഇടങ്ങളിൽ, വിവിധ രാജ്യങ്ങളിൽ പോലും വീക്ഷണവും വിവേകവുമുള്ള നല്ല നേതാക്കളായി തുടരുന്നു. ഈ വലിയ വിളവ് ആ എളിയ സിസ്റ്ററിന്റെ കരവിരുതല്ലേ?

## യുവത്വം പലപ്പോഴും യുവാക്കളിൽ പാഴാക്കപ്പെടുന്നു.

അടുത്തിടെ, ഞാൻ ഒരു ജീസസ് യൂത്ത് മേഖല സന്ദർശിച്ചു, വിവിധ ഗ്രൂപ്പുകളുമായി ഒന്നിച്ചിരുന്നു. നല്ല കുടുംബ ഗ്രൂപ്പുകൾ; കുട്ടികളുടെ സർഗാത്മകത നന്നായിരുന്നു;

ഹൈസ്കൂൾ വിദ്യാർഥികൾക്ക് ഏറെ ചോദ്യങ്ങൾ; പക്ഷേ, ഇടയ്ക്ക് ഞാൻ അസ്വസ്ഥനായി, ഇവിടുത്തെ യുവാക്കൾ എവിടെ? ഒടുവിൽ, അവരും ഒത്തുകൂടി, അവരോടൊപ്പമുള്ള സമയം നിരവധി ചിന്തകൾക്ക് വഴിവയ്ക്കുകയും ചെയ്തു.

**ഒരു യുവജന ഗ്രൂപ്പിൽ ചെല്ലുമ്പോൾ ഞാൻ അവരെ വീക്ഷിക്കും. പിന്നെ ഒരു തരംതിരിക്കൽ നടത്തും, മിക്കവാറും മൂന്നു ഗണങ്ങളായി**: പുറത്തു നിൽക്കുന്നവർ, അകത്തുള്ളവർ, ഉത്സാഹഭരിതർ. ഇതെല്ലാം അവരുടെ മാനസിക അവസ്ഥയെ പറ്റിയാണല്ലോ. അളക്കാനുള്ള എന്റെ എളുപ്പവഴി സൗമ്യമായി തുറന്ന് സംസാരിക്കാനും ഇടപഴകാനും അവരെ പ്രോത്സാഹിപ്പിക്കുക. അതിനിടെ അവരെ ശ്രദ്ധിക്കുക.

ആ ഗ്രൂപ്പിൽ ഏകദേശം ഇരുപതോളം യുവാക്കൾ ഉണ്ടായിരുന്നു. ക്രമേണ, എനിക്ക് അവരെക്കുറിച്ച് എന്താണ്ടൊരു ഗ്രാഹ്യവും കിട്ടി. മിക്കവാറും നല്ല കത്തോലിക്കർ, അതായത് അകത്തുള്ളവർ. എന്നിരിക്കും. നമ്മൾ സാധാരണ കാണാൻ സാധ്യതയുള്ളവർ രണ്ടാമത്തെ കൂട്ടർ തന്നെ, പറഞ്ഞാൽ കേട്ടിരിക്കുന്ന, തിരുവായ്ക്ക് എതിർവായ പറയാത്ത, മാന്യർ. വീട്ടിലും, സ്കൂളിലും, പള്ളിയിലും ഒക്കെ വലിയ കുഴപ്പം ഉണ്ടാക്കാത്തവർ. പക്ഷേ, കൂടുതൽ ഒന്നും അവരിൽ നിന്ന് പ്രതീക്ഷിക്കരുത്. മൂന്നാമത്തെ കൂട്ടർ ഉണ്ടെങ്കിൽ അവർ മറ്റു രണ്ടുകൂട്ടരെയും കുറച്ചെങ്കിലും ചലിപ്പിച്ചിരിക്കും.

സമയം പരിമിതമാകുമ്പോൾ, വലിയ കുഴപ്പമൊന്നും ഇല്ലാത്ത ഈ രണ്ടാമത്തെ കൂട്ടർക്കായി അധികമൊന്നും ചെയ്യാനില്ല എന്നതാണ് സത്യം. അവർ ഒരു നല്ല പ്രസംഗം, വല്ല രസകരമായ പുത്തൻ ആശയങ്ങൾ ഒക്കെ മാത്രം പ്രതീക്ഷിക്കുന്നു, ക്ഷമയോടെ കേൾക്കുന്നു, വേണ്ടത് ശേഖരിച്ച് തിരിച്ചു പോകുന്നു. എന്നാൽ, ഉത്സാഹഭരിതരായ കുറച്ചുപേരോടൊപ്പം ഒന്നോ രണ്ടോ മണിക്കൂർ ചെലവഴിക്കുന്നത് തികച്ചും വ്യത്യസ്തമാണ്. പരസ്പരം പങ്കിടുന്ന ഒരു കൂട്ടായ്മയിൽ വേരൂന്നിയ, ലോകത്തെ മാറ്റുന്നതിൽ അവരുടെ പങ്ക് നിർവഹിക്കാൻ ആഗ്രഹിക്കുന്ന യുവാക്കൾ. ആ ഉപമയിൽ യേശു നമ്മെ ഈ വഴിക്ക് ദീർഘദൃഷ്ടിയുള്ള കർഷകരാകാൻ വിളിക്കുന്നു. സിസ്റ്റർ സാർത്തോയുടെ ക്ഷമാപൂർവമായ പ്രവർത്തനം നിരവധി വിശ്വാസ ദൃഢതയും നിലനില്പുമുള്ള നേതാക്കളെ രൂപപ്പെടുത്തി. സിസ്റ്റർ മരിയെറ്റയ്ക്കും അവരുടെ യുവാക്കൾക്കും വേണ്ടിയുള്ള എന്റെ പ്രാർഥന ഈ വഴിക്കാണ്, അവർക്കോ അവരുടെ ചുറ്റുമുള്ള മറ്റു ചിലർക്കോ യുവാക്കളെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് ഉണ്ടാവുകയും ആ വഴിക്കുള്ള സ്ഥിരതയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യട്ടെ എന്നാണ് എന്റെ ആഗ്രഹം. ഒരു ധ്യാനം തുടക്കമായേക്കാം, പക്ഷേ അതിന് മുൻപും പിൻപും പലതും ഉണ്ടാകണം. ഒരു കാര്യത്തിൽ ഞാൻ ദൈവത്തിന് നന്ദി പറയുന്നു, അവിടെയും ഇവിടെയും പല ജീസസ് യൂത്തും അത്തരം കാഴ്ചപ്പാടോടെ പ്രവർത്തനം തുടരുന്നു.

ഞാൻ സന്ദർശിച്ച യുവജന ഗ്രൂപ്പിൽ ഞാൻ അവരെ ബോധപൂർവം നിരാശപ്പെടുത്തി. ഒരു ഔപചാരിക പ്രസംഗം ഞാൻ അവിടെ നടത്തിയില്ല, പകരം ഒരു സാധാരണ സംഭാഷണം മാത്രമായി ഒതുക്കി. പിന്നീട്, അവിടെ കണ്ട ഉത്സാഹഭരിതരായ യുവാക്കളെ കണ്ടു, അവരെ ഞാൻ വ്യക്തിപരമായി പ്രോത്സാഹിപ്പിച്ചു. അവിടത്തെ മുതിർന്നവരോട് അവർക്ക് വേണ്ട പ്രോത്സാഹനവും ഒത്താശയും ചെയ്തുകൊടുക്കാൻ നിർദേശിക്കുകയും ചെയ്തു. ഒപ്പം, ഞാൻ എന്റെ ഭാഗത്തുനിന്നുള്ള ഇടപെടലുകൾ തുടരേണ്ടതുമുണ്ട്.

**ഒരു പ്രധാന കാര്യം പലപ്പോഴും അവഗണിക്കപ്പെടുന്നു. യുവത്വ വികസനത്തിന് ഏറെ നൈപുണ്യമുള്ള വിദഗ്ദ്ധർ വേണമെന്നില്ല. ചിലപ്പോൾ അത്തരം ഒരു ഇമേജ് തടസ്സമായി മാറിയേക്കാം.**

രണ്ടോ മൂന്നോ പേർ വേലിയിൽ ഇരിക്കുന്നപോലെ. പിന്നെ ഉത്സാഹഭരിതർ രണ്ടോ മൂന്നോ പേർ. അപ്പോൾ ഒരു ചോദ്യം: ഈ മൂന്നു ഗണങ്ങൾക്ക് എന്താണ് വേണ്ടത്? ലളിതമായി പറഞ്ഞാൽ, പുറത്ത് നിൽക്കുന്നവർ ഇവിടെ വിനോദം തേടി എത്തിയവരാകും; രണ്ടാമത്തെ ഗണം എപ്പോഴും എന്നപോലെ ചില പരിപാടികൾ പ്രതീക്ഷിച്ച് വന്നവരാകും, എന്നാൽ, മൂന്നാമത്തെ കൂട്ടർ വെല്ലുവിളികൾ സ്വീകരിക്കാൻ മടിക്കാത്തവർ, എന്തെങ്കിലും പ്രവർത്തിക്കാൻ സാധ്യതയുള്ളവർ ഒക്കെയാണ്. നാമെല്ലാം പോകുന്ന ആധ്യാത്മിക കൂട്ടായ്മകളിൽ ആദ്യത്തെ കൂട്ടർ വരാൻ സാധ്യത കുറവാണ്. വല്ല കൂട്ടുകാരും പ്രേരിപ്പിച്ചാൽ അത്തരം ഉഴപ്പന്മാർ ഒന്ന് എത്തിനോക്കി കേൾക്കാനും ചോദ്യങ്ങൾക്ക് ഉത്തരം പറയാനും സമയമെടുത്ത്, ആത്മാവ് നമ്മെ പുതിയ ഇടങ്ങളിലേക്ക് നയിക്കുന്നത് അവിടെ കാണാനുമൊക്കെയാണ്.

## തീക്ഷ്ണതയും സ്ഥിരോത്സാഹവുമുള്ള യുവത്വം

യുവജനങ്ങളുമായി ഒന്നിച്ചിരിക്കുമ്പോൾ അവരിൽ ചിലരെങ്കിലും ജീസസ് യൂത്ത് ആയെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കും, പേരിൽ അല്ലെങ്കിലും യഥാർഥ സ്വഭാവത്തിൽ. അതായത്, ക്രിസ്തു ദൗത്യത്തിൽ വ്യക്തിപരമായി അഭിനിവേശമുള്ള, ആനന്ദം

*ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.*


JESUS YOUTH
INTERNATIONAL
CONFERENCE
2026
Go
TO THE ENDS
OF THE EARTH
20 - 25 OCT
ROME



**പാഥേയം - ശശി ഇമ്മാനുവേൽ**

# സഞ്ജു ‘സാംസണായി’ മാറിയ ആ രാത്രിക്ക് നമ്മോട് പറയാനുള്ളത് !

*“പ്രാർഥന, ഒരു മനുഷ്യന് സൃഷ്ടിക്കാനാകുന്ന ഏറ്റവും ശക്തമായ ഊർജത്തെ പുറപ്പെടുവിക്കുന്നു. അത് ഭൂമിയുടെ ഗുരുത്വാകർഷണ ശക്തിയെപ്പോലെ യാഥാർഥ്യമുള്ളതാണ്. ഒരു ഡോക്ടറായ ഞാൻ, എല്ലാ ചികിത്സകളും പരാജയപ്പെട്ട ശേഷവും, ശാന്തമായ പ്രാർഥനയുടെ ശക്തിയിലൂടെ രോഗത്തെയും മാനസിക വിഷാദത്തെയും പരാജയപ്പെടുത്തിയ അനേകരെ കണ്ടിട്ടുണ്ട്.”*

***(ഡോ. അലക്സിസ് കാരൽ, നോബൽ സമ്മാന ജേതാവ്)***

ഒരുപാട് പറഞ്ഞു കേട്ടും ഒരുപക്ഷേ, സാമൂഹ്യ മാധ്യമങ്ങളിൽ ആവർത്തിച്ചു കണ്ടും നമ്മുടെ മനസ്സിൽ കൂടുകൂട്ടിയ ഒരു ഒരു മനോഹര രംഗമുണ്ട്. മൈതാനത്തിന്റെ ആരവങ്ങളൊന്നും അലോസരപ്പെടുത്താതെ ഹെൽമറ്റും, ബാറ്റുമൊക്കെ; താഴെവച്ച് ‘ഗോലിയാത്തിനെ’ വീഴ്ത്തിയ ആ ഇടയ ചെറുക്കനെ പോലെ ശാന്തനായി മുട്ടുകുത്തി ദൈവത്തെ മഹത്വപ്പെടുത്തുന്ന ഒരു ചെറുപ്പക്കാരൻ. മഹാരഥൻമാർ അരങ്ങുവാണിരുന്ന, ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ ഒടുവിൽ അയാളുടെ ഊഴം തെളിയുന്നു. പ്രധാനപ്പെട്ട ഒരു ലോകകപ്പ് മത്സരത്തിന് ഒന്നാം നമ്പർ വിക്കറ്റ് കീപ്പറായി ടീമിൽ സ്ഥാനവും ഉറപ്പിച്ചിരുന്നു. എന്നാൽ, കാര്യങ്ങൾ കീഴ്മേൽ മറിയുന്നു. ലോകകപ്പിനു തൊട്ടുമുമ്പത്തെ ചില മത്സരങ്ങളിൽ ഒന്നും നന്നായി ബാറ്റു ചെയ്യാനാവാതെ അയാൾ പതറിപ്പോയപ്പോൾ, അതുവരെ ആർപ്പുവിളിച്ചവർ തന്നെ കുറ്റപ്പെടുത്താൻ തുടങ്ങുന്നു. പ്രതിഭയുണ്ടായിട്ടും പെട്ടെന്നു തന്നെ ഒന്നുമല്ലാത്തവനായി, അനേകരുടെ ചീത്ത വിളിയും, ഇകഴ്ത്തലും കേട്ട് ഉപേക്ഷിക്കപ്പെട്ട് ഡഗൗട്ടിൽ വെറും കാഴ്ചക്കാരനായി, എല്ലാവരാലും അവഗണിക്കപ്പെട്ട് അയാൾ ഇരിക്കുന്നു. ഇനി ഒരു മത്സരം കൂടി കളിക്കാനുള്ള ഭാഗ്യമുണ്ടാകുമോ എന്ന് പോലും അറിയാത്ത ആ  മലയാളി ചെറുപ്പക്കാരൻ വീണുകിട്ടിയ ഒരവസരമെന്ന് പറയാവുന്ന മട്ടിൽ വെസ്റ്റ് ഇൻഡീസിനെതിരെ ഒരു നിർണായക മത്സരത്തിനിറങ്ങുന്നു. ആ മാച്ചിന്റെ തുടക്കത്തിൽതന്നെ തോൽവി സമ്മതിച്ച് ഇന്ത്യൻ ക്യാപ്റ്റനുൾപ്പടെ, ക്രിക്കറ്റ് ലോകം വാനോളം വാഴ്ത്തിയ പ്രതിഭാധനൻമാരായ മുൻനിരക്കാരെല്ലാം വാളും പരിചയും വച്ച് കീഴടങ്ങി, ഏകദേശം പരാജയത്തിന്റെ വക്കോളമെത്തിയ മത്സരത്തിൽ പിന്നെ അയാളുടെ ഊഴമായിരുന്നു. ഒരു  രാജ്യത്തിന്റെ മുഴുവൻ പ്രതീക്ഷയും ഉത്തരവാദിത്വവും നെഞ്ചിലേറ്റി തന്നെ തള്ളിപ്പറഞ്ഞവരെയും, പരിഹസിച്ച് ചിരിച്ചവരെയും സ്തബ്ധരാക്കി അയാൾ ഒറ്റയാനെപ്പോലെ ഒരു ക്ലാസ് ഇന്നിംഗ്സ് കളിച്ചു. ഒടുവിൽ ആ പോരാട്ടത്തിന്റെ വിജയ നിമിഷത്തിൽ മുൻപൊരിക്കലും ക്രിക്കറ്റ് മൈതാനം കാണാത്ത ഒരു കാഴ്ച അയാൾ സമ്മാനിച്ചു. മുട്ടുകുത്തി കൈവിരിച്ച് ആകാശങ്ങളിലേക്ക് നോക്കി തന്നെ കൈകളിൽ വഹിച്ച അദൃശ്യനായവനോടുള്ള ഹൃദയപൂർവകമായ നന്ദിയുടെയും, സ്തുതിയുടെയും ഒരു പ്രകരണം ഉൾക്കൊള്ളുന്ന ഒരു പ്രാർഥന.

മുൻപൊരിക്കലും അദ്ദേഹം അങ്ങനെ ഒരു വിശ്വാസപ്രകടനവും മൈതാനത്തിൽ നടത്തിയതായി കണ്ടിട്ടില്ല. അനേകം അവിശ്വാസികൾ ഉൾപ്പടെയുള്ളവരുടെ ഹൃദയത്തെ തൊട്ട, കണ്ണു നിറയിച്ച ഒരു കാഴ്ചയായി അത് മാറി. ശരിക്കും ആ രാത്രി



**ആ രാത്രിയാണ് സഞ്ജു 'സാംസണായി' മാറിയത്. രണ്ടാം പേരായി പിതാവിന്റെ പേരായ സാംസൺ അയാളുടെ പേരിനൊപ്പം എന്നും ഉണ്ടായിരുന്നു. എന്നാൽ, വിശുദ്ധ ഗ്രന്ഥം പറയുന്ന പഴയനിയമത്തിലെ, ഒറ്റയ്ക്കുനിന്ന് ശത്രുവിനെതിരെ പൊരുതിയ, അവരുടെ ശക്തിയെ തകർത്ത സാംസന്റെ ആ കരുത്ത് അന്ന് വെളിപ്പെടുകയായിരുന്നു.**

യാണ് സഞ്ജു 'സാംസണായി' മാറിയത്. രണ്ടാം പേരായി പിതാവിന്റെ പേരായ സാംസൺ അയാളുടെ പേരിനൊപ്പം എന്നും ഉണ്ടായിരുന്നു. എന്നാൽ, വിശുദ്ധ ഗ്രന്ഥം പറയുന്ന പഴയനിയമത്തിലെ, ഒറ്റയ്ക്കുനിന്ന് ശത്രുവിനെതിരെ പൊരുതിയ, അവരുടെ ശക്തിയെ തകർത്ത സാംസന്റെ ആ കരുത്ത് അന്ന് വെളിപ്പെടുകയായിരുന്നു. അമിതമായി ആഹ്ളാദ പ്രകടനമൊന്നും നടത്താതെ, പക്വതയോടും, വിനയത്തോടും കൂടെ തുടർന്നുള്ള അദ്ദേഹത്തിന്റെ ഇടപെടലും,

**മുൻപൊരിക്കലും അദ്ദേഹം അങ്ങനെ ഒരു വിശ്വാസപ്രകടനവും മൈതാനത്തിൽ നടത്തിയതായി കണ്ടിട്ടില്ല. അനേകം അവിശ്വാസികൾ ഉൾപ്പടെയുള്ളവരുടെ ഹൃദയത്തെ തൊട്ട, കണ്ണു നിറയിച്ച ഒരു കാഴ്ചയായി അത് മാറി.**

പെരുമാറ്റവും സെലിബ്രിറ്റി ലോകത്തെ അപൂർവ കാഴ്ചയും സാക്ഷ്യവുമാണ്.

തുടർന്ന് അങ്ങോട്ടുള്ള മറ്റു മത്സരങ്ങളിലെല്ലാം മറ്റൊരൊളായി മാറിയ ആ യുവാവ്, അയാളുടെ തന്നെ തലവര മാറ്റി വരയ്ക്കുന്ന പ്രകടനങ്ങളുമായി നിറഞ്ഞാടുകയായിരുന്നു. ലോക ക്രിക്കറ്റിലെ പ്രശസ്ത താരങ്ങളെയെല്ലാം പിൻതള്ളി ആ ടൂർണമെന്റിന്റെ താരമായി  തിരഞ്ഞെടുക്കപ്പെട്ടു. ഒരു വചനം ഇവിടെ തീർത്തും പ്രസക്തമാവുകയാണ്." തളർന്നവന് അവിടന്ന് ബലം നൽകുന്നു; ദുർബലനു ശക്തി പകരുകയും ചെയ്യുന്നു.

"**യുവാക്കൾപോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയറ്റുവീഴാം. എന്നാൽ, ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും**" (ഏശയ്യാ 40, 29 –31).

മത്സരശേഷം രോഗ കിടക്കയിൽ നിന്നും അമ്മ മകനെക്കുറിച്ച് ഫെയ്സ് ബുക്കിൽ കുറിച്ചത് "**പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല് മൂലക്കല്ലായി മാറി**" എന്ന ബൈബിൾ വാക്യമായിരുന്നു. അതിനെക്കാൾ നല്ല ഒരു അടിക്കുറിപ്പില്ല ആ സ്വപ്ന നേട്ടത്തെ വരച്ചിടാൻ. അഹങ്കാരത്തിന്റെ ഒരു കണികപോലും അവശേഷിപ്പിക്കാതെ, വിനീതഹൃദയനായി നേട്ടങ്ങളിൽ മതിമറക്കാതെ തന്റെ ക്രിക്കറ്റ് ബാറ്റിനെ നന്ദിയോടെ ചുംബിച്ചും ഡഗൗട്ട് റൂമിലെ ഒഴിഞ്ഞ കോണിൽ മുട്ടുകുത്തി നിന്ന് ദൈവത്തെ മഹത്വപ്പെടുത്തിയും കാണപ്പെട്ട സഞ്ജു പിന്നീട് പറഞ്ഞത വാക്കുകൾ നമ്മോടു ചിലത് പറയുന്നുണ്ട്

'ട്വന്റി 20 ലോകകപ്പിൽ വെസ്റ്റിൻഡീസിനെതിരായ സൂപ്പർ എട്ട് മത്സരത്തിനു ശേഷം ഡ്രസ്സിംഗ് റൂമിൽ ആത്മീയ ഇടം കണ്ടെത്തുകയും പ്രാർഥിക്കുകയും ചെയ്തതായി സഞ്ജു സാംസൺ. ലോകകപ്പ് വിജയം വെറുമൊരു കായിക നേട്ടം മാത്രമല്ലെന്നും ആഴത്തിലുള്ള ആത്മീയ അനുഭവമാണെന്നും സഞ്ജു പറഞ്ഞു (മനോരമ ഓൺലൈൻ, മാർച്ച് 17, 2026).

ഈ വാക്കുകൾ ശരിക്കും ചെന്നു പതിക്കേണ്ടത് നമ്മുടെ യുവജനങ്ങളുടെ ഉള്ളിലാണ്. ദൈവ വിശ്വാസവും, പ്രാർഥനയുമൊക്കെ പഴഞ്ചനായി കരുതി. അതൊക്കെ എന്നേ കൈവെടിഞ്ഞ മട്ടിൽ ജീവിക്കുന്ന ഈ കെട്ട കാലത്ത്, യുവതലമുറയുടെ അവശേഷിക്കുന്ന ദൈവവിചാരത്തെപ്പോലും ഇല്ലാതാക്കാൻ "**അലറുന്ന സിംഹത്തെ പോലെ ആരെ വിഴുങ്ങണം**" എന്ന് അന്വേഷിച്ച് എല്ലായിടത്തും പരതുന്ന നിരീശ്വര സെക്കുലർ ചിന്താധാരകളുടെ സ്വാധീന വലയത്തിലകപ്പെട്ടവർ ധ്യാനിക്കണം നേട്ടങ്ങൾ കണ്ണഞ്ചിപ്പിക്കാത്ത ഒരു ചെറുപ്പക്കാരന്റെ സാക്ഷ്യമൊഴി. തിരുവചനം നമുക്ക് തരുന്ന ഉറപ്പാണ് ഈ വാക്കുകൾ. "**അവനിൽ വിശ്വസിക്കുന്ന ഒരുവനും ലജ്ജിക്കേണ്ടിവരുകയില്ല**" (റോമാ 10, 11).


നമ്മുടെ ചെറുപ്പക്കാരെ കുറിച്ച് ഞെട്ടലുളവാക്കേണ്ട ചില കണ്ടെത്തലുകൾ ഈയിടെ പുറത്തു വരുകയുണ്ടായി. അമേരിക്ക ആസ്ഥാനമായ Sapien Labs നടത്തിയ Global Mind Health 2025 - ആധുനിക ജീവിതത്തിലെ വിവിധ ഘടകങ്ങൾ ലോകമെമ്പാടുമുള്ള യുവജനങ്ങളുടെ മാനസികാരോഗ്യത്തെ എങ്ങനെ മോശമാക്കുന്നു എന്നതിനെ സംബന്ധിച്ച ഗൗരവമാർന്ന പഠനങ്ങൾ നടത്തിയപ്പോൾ 2024 –നും 2025 –നും ഇടയിൽ 84 രാജ്യങ്ങളിലായി ഒരു മില്യണിലധികം ഇന്റർനെറ്റ് ഉപയോക്താക്കളിൽ നിന്നുള്ള ഡാറ്റ ഉപയോഗിച്ചുള്ള പഠന റിപ്പോർട്ടനുസരിച്ച് മാനസിക ആരോഗ്യത്തിൽ (mind health quotient) 84 രാജ്യങ്ങൾക്കിടയിൽ ഇന്ത്യൻ യുവതി യുവാക്കൾക്ക് 60 –ാം സ്ഥാനമാണ് ലഭിച്ചത്. അവരുടെ സ്കോർ ആകട്ടെ കേവലം 33 മാത്രമാണ്. എന്നാൽ 55 പിന്നിട്ട പ്രായമായവരുടെ സ്കോർ ആകട്ടെ 96 ഉം. അനേക ഘടകങ്ങൾ വിശകലനം ചെയ്യുന്ന ഈ പഠനം പറയുന്നു mind health ഇത്രയും കുറഞ്ഞവർക്ക് ദീർഘകാല ബന്ധങ്ങൾ നിലനിറുത്താൻ ബുദ്ധിമുട്ടാണെന്നു മാത്രമല്ല, (വിവാഹം, കുടുംബം ?) തൊഴിൽ മേഖലയിൽ അവർ അനിശ്ചിതത്വങ്ങൾ വിളിച്ചു വരുത്തുകയും ചെയ്യുമത്രേ.

ഡിവോഴ്സ് കാപ്പിറ്റൽ ഓഫ് ഏഷ്യയെന്ന വിളിപ്പേരുള്ള കേരളത്തിന് നമ്മുടെ പുതിയ കാലത്തെ വിവാഹബന്ധങ്ങളുടെ കെട്ടുറപ്പില്ലായ്മക്ക് വേറേ കാരണം തിരയേണ്ടെന്ന് ചുരുക്കം. ഒരു ജോലിയിലും ഉറച്ചു നിൽക്കാതെ സ്വയം, തൊഴിലില്ലായ്മയുടെ ഇരകളായി അലയുന്ന ചെറുപ്പക്കാരുടെ ദുരവസ്ഥയുടെ കാരണവും വ്യക്തമല്ലേ? MHQ കുറഞ്ഞ ഒരു തലമുറ ഇനി വരുത്തി വയ്ക്കാൻ പോകുന്നതെന്തെല്ലാമാണാവോ?

നോബൽ സമ്മാന ജേതാവും നിരീശ്വരവാദിയായിരുന്ന ഡോ.അലക്സിസ് കാരെൽ വിശ്വാസം സ്വന്തമാക്കി പ്രാർഥനയെക്കുറിച്ചു പറഞ്ഞ വാക്കുകളും സഞ്ജു സാംസന്റെ തിരിച്ചു വരവും മനമിടിഞ്ഞവർക്കും, (വൈകാതെ ആ അവസ്ഥയിലേക്ക് വീഴാൻ പോകുന്നവർക്കുമുള്ള) ഉത്തരമാണ്.

സഞ്ജു 'സാംസനിലേക്ക്" പരകായപ്രവേശം നടത്തിയ ആ രാത്രി വെറുതെ സംഭവിച്ചതല്ല, അവിടെ ഒരു തിരിച്ചുവരവിന്റെ ആത്മീയ രഹസ്യം മറഞ്ഞിരിപ്പുണ്ട്. "**എന്റെ ശത്രുക്കളേ, എന്നെക്കുറിച്ച് ആഹ്ളാദിക്കേണ്ടാ. വീണാലും ഞാൻ എഴുന്നേൽക്കും. ഞാൻ ഇരുട്ടിലിരുന്നാലും കർത്താവ് എന്റെ വെളിച്ചമായിരിക്കും. അവിടന്ന് എനിക്കുവേണ്ടി വാദിക്കുകയും എനിക്കു നീതി നടത്തിത്തരുകയും ചെയ്യും**" (മിക്കാ 7, 8 –9).

***തൃശൂർ സ്വദേശിയായ ലേഖകൻ നിർമല മാതാ സെൻട്രൽ സ്കൂളിൽ വാല്യൂ എഡ്യുക്കേഷൻ ടീച്ചറായി ജോലി ചെയ്യുന്നു. ഭാര്യ അമ്പിളി. മൂന്നു മക്കൾ.***




Subscribe!

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds



**കവർസ്റ്റോറി - ജെ. ക്രൈസ്റ്റ് വോൺ**

# വികാര നൗക

ചെറിയ കാര്യങ്ങളിൽ തട്ടി വ്യതിചലിച്ചുപോകുകയെന്നതാണ് ചെറുതല്ലാത്ത  ഒരാരോപണം. 'പൂച്ചക്ക് പൊന്നുരുക്കുന്നിടത്ത് എന്ത് കാര്യം'  എന്ന് തട്ടാൻ എഴുതിവച്ചിരിക്കുന്നത് വായിച്ചിട്ട്, 'പൂച്ച നടത്തം' എന്ന് പണ്ട് കളിയാക്കിയ ഒരാളെ ഓർത്തതിനെപ്രതി മൂക്കുകുത്താൻ വിസമ്മതിച്ച ഒരു കൂട്ടുകാരി ഉണ്ട്. 'എന്തിനിവിടെ' എന്ന ഫോക്കസ് നഷ്ടപ്പെട്ടു പോകുന്ന നമ്മുടെ പാവം മനസ്സ്. 'Mind itself is a sickness' എന്നൊക്കെ പറഞ്ഞുവച്ചത് ആരാണാവോ!?

ഒരു തമാശയുണ്ട്, വലിയ ഫാക്ടറിയിൽ നിന്നും ഒരാൾ പണിക്കുശേഷം അർബാനയിൽ (wheelbarrow) ഒരു ചെറിയ പൊതിയുമായി പുറത്തേയ്ക്ക് വരുകയാണ്. 'എന്താണ്?' സെക്യൂരിറ്റി ചോദ്യം ചെയ്തു. 'കുറച്ച് അറക്കപ്പൊടിയാണ്.' സെക്യൂരിറ്റി തുറന്നു നോക്കി, അതെ തടിപ്പൊടിയാണ്. രണ്ടാം ദിവസവും മൂന്നാം ദിവസവും നാലാം ദിവസവും ഇതുതന്നെ ആവർത്തിച്ചു. ഇത്തവണ സെക്യൂരിറ്റി പറഞ്ഞു. നീ സത്യം പറ ഈ പൊടിയുടെ പേരിൽ എന്തോ ഇവിടുന്ന് നീ കടത്തുകയല്ലേ? ഞാൻ ആരോടും പറയില്ല! സത്യം പറയൂ! എന്താണത്? അയാൾ രഹസ്യമായി പറഞ്ഞു: 'അർബാന!'

ചെറിയ ഡിസ്ട്രാക്ഷനുകളാണ്, പിന്നെ വലുതൊന്നും തന്നെ കാണാൻ പറ്റാതെ പോകുന്നു. ഹൃദയശാന്തി കെട്ടുതുടങ്ങുന്നതും ചെറിയ ചെറിയ കലർപ്പുകളിൽ നിന്നുമാണ്. ശരീരം മുഴുവനായും ഒരു അരങ്ങായി മാറിയാൽ 'ഹൃദയം' കെ.റ്റി. ഉമ്മറിന്റെ റോൾ ചെയ്യാനാണ് സാധ്യത, സംഗതി മറ്റൊന്നുമല്ല! വൈകാരിക



**തന്റെ അച്ഛൻ ആരാണെന്ന് അവന റിയില്ല! ഒരോ ദിവസവും ആരെങ്കിലും ചോദിക്കും, ഹൃദയം കനപ്പെടും. തനിക്കും കാലത്തിനും നിരക്കാത്ത വികാരവിക്ഷോഭങ്ങളുമായി ആ ചെറിയ ബാലൻ അലഞ്ഞു നടന്നു.**

കേന്ദ്രം എന്ന നിലക്ക് ഹൃദയം ഒരു വികാര ജീവിയാണ്. എന്തു വില കൊടുത്തും ഹൃദയത്തിന്റെ സ്വച്ഛന്ദത നിലനിർത്തേണ്ട തുണ്ട്. അത് മറ്റുള്ളവരിലേയ്ക്ക് പടർത്തേ ണ്ടതുമുണ്ട്.

ആയിരത്തി എണ്ണൂറിന്റെ അവസാനം ടെന്നീസിൽ നടന്ന ഒരു പീഡന പരമ്പരയിൽ കുറേ പെൺകുട്ടികൾ പെട്ടു കെട്ടു പോയി, കൂടെ അവളും. ഉദരത്തിൽ ഉരുവായ ജീവനെ, കൂടെയുണ്ടായിരുന്ന പലരും ചീന്തി എറിഞ്ഞപ്പോഴും അവൾ, ദൈവം നൽകിയ പരീക്ഷണമായി കണ്ട് ആ കുഞ്ഞിന് ജന്മം നൽകി. 'ബെന്നി വാൾട്ടർ' എന്നായിരുന്നു അവന്റെ പേര്. ഹൃദയം നുറുക്കുന്ന ഒരു പ്രശ്നമുണ്ട്. തന്റെ അച്ഛൻ ആരാണെന്ന് അവനറിയില്ല! ഒരോ ദിവസവും ആരെങ്കിലും ചോദിക്കും, ഹൃദയം കനപ്പെടും. തനിക്കും കാലത്തിനും നിരക്കാത്ത വികാരവിക്ഷോ ഭങ്ങളുമായി ആ ചെറിയ ബാലൻ അലഞ്ഞു നടന്നു. ഒരിക്കൽ തന്റെ പള്ളിയിൽ പുതിയ ഒരച്ചൻ പ്രസംഗം നടത്തുന്നു എന്നുകേട്ട് സമാധാനം തേടി അവനവിടെയെത്തി. ഒരിക്കലും പിടിക്കാത്ത പള്ളി പ്രസംഗത്തിൽ അന്നവൻ പെട്ടിരുന്നു. നിറകണ്ണുകളുമായി തിരിഞ്ഞ് നടക്കുന്ന അവന്റെ ചുമലിൽ ഒരു കൈ അവനെ തിരിച്ച് വിളിച്ചു.

'മോൻ ആരാ?' 'ബെൻ!' 'മോന്റ അച്ഛനാരാ?'

ആ നിശ്ചലതയിലെ നിസ്സഹായത തിരിച്ചറിഞ്ഞ പാതിരി എല്ലാവരും കേൾക്കെ ഉറക്കെ പറഞ്ഞു. 'എനിക്കറിയാം ഇവന്റെ അച്ഛനാ രാണെന്ന്!' ബെൻ ഒന്നുഞെട്ടി, അമ്മക്ക് പോലും അറിയില്ല! അച്ചൻ പറഞ്ഞു: 'ഇവിടെ കൂടിയിരിക്കുന്നവർക്ക് അവരുടെ ഭൂമിയിലെ അച്ഛനെ മാത്രമേ അറിയൂ. നിനക്കാകട്ടെ അതറിയാത്തതുകൊണ്ട് നീ ആകാശത്തിലെ അച്ഛന്റെ കുഞ്ഞായിരിക്കുന്നു. ദൈവത്തിന്റെ കുഞ്ഞായിരിക്കയെന്നത് വലിയ ഒരു അവകാ ശമാണ്. ആ അവകാശത്തിന് അർഹനെന്ന കണക്കിന് മുമ്പോട്ട് ജീവിക്കുക.

ആ കുഞ്ഞാണ് 'ബെൻ ഹൂപ്പർ' എന്ന പേരിൽ ടെന്നീസിന്റെ ഗവർണർ പദവി അലങ്കരിച്ച, resilience ന്റെ പര്യായമായി മാറിയ ആൾ. ഹൃദയ വികാരങ്ങൾക്ക് വേണ്ടത്ര തെളിമ കണ്ടെത്തലാണ് ഇന്നലകളുടെയും ഇന്നിന്റെയും ശാന്തിയിലേയ്ക്കുള്ള പോംവഴി. അതിന് സഹജീവിക്ക് തണലൊരുക്കലാണ് നിയോഗം, അല്ലെങ്കിൽ മറ്റെന്താണത്?

EQ എന്ന ഇമോഷണൽ ക്വോഷ്യന്റിനെ യൊക്കെ ഒന്നു കാര്യമായി പരിഗണിക്കേണ്ട തുണ്ടെന്ന് തോന്നുന്നു. 'The power of now' എന്ന പുസ്തകത്തിൽ Echart Tolle ഇമോഷനെ ഡിഫൈൻ ചെയ്തിരിക്കുന്നത് ഇങ്ങനെയാണ്, 'Emotion : The Body's Reaction to Your Mind.' അങ്ങനെ നോക്കു മ്പോൾ 'ഇമോഷണൽ ഇന്റലിജെന്റ്സ്" എന്നത് സാധകൻ പരിശീലിക്കേണ്ടുന്ന ഒരു ആട്ടക്കലയായി മാറുന്നു.

'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; അവർ ദൈവത്തെ കാണും' എന്ന് വേദ പുസ്തകം പറയുന്നുണ്ട്. makarioi എന്ന വാക്കാണ് 'ഭാഗ്യവാൻ' എന്നതിന് മൂലഗ്രന്ഥങ്ങളിൽ ഉള്ളത് 'ആനന്ദമോദർ' എന്നതാണ് ശരിയായ അർഥം. opsontai എന്ന വാക്കിന്റെ അർഥം കാണുക എന്നല്ല! അന്തരംഗത്തിൽ അനുഭവിക്കുക എന്നാണ്. അങ്ങനെ ആനന്ദമറിഞ്ഞവരുടെ ഹൃദയം ദേവാലയമാകുകയാണ്. അഹങ്കാരത്തിന്റെ ആവനാഴികളിൽ നിന്നും അഹംബോധ ത്തിന്റെ സേവനാഴികളിലേയ്ക്ക് ഉണർന്നവർ അപ്പനെ അറിയുകയാണ്! അപ്പം പങ്കു വയ്ക്കുകയാണ്.

ബാല്യത്തിന്റെ അസംബ്ളിയിൽ നിന്നും ഒരു കീർത്തനമുയരുന്നുണ്ട്.

'ഹൃദയരാഗ തന്ത്രി മീട്ടി സ്നേഹഗീതമേകിയും

കർമഭൂമി തളിരിടുന്ന വർണമേകിയും

നമ്മിൽ വാഴും ആദി നാദമെന്നും വാഴ്ത്തിടാം

അകത്തുള്ളവനെ ഈ നിമിഷം വാഴ്ത്തുകയാ ണത്രേ എന്തിലേയ്ക്കുമുള്ള ഫോക്കസിന്റെ ജീവചരിത്രം രേഖപ്പെടുത്തുന്ന തലക്കല്ല്.

***ജെ. ക്രൈസ്റ്റ് വോൺ എന്നത് തൂലികാനാമം. ജിത്തു ജോർജ് എന്നതാണ് ശരിയായ പേര്. ഓസ്ട്രേലിയയിലെ പെർത്തിൽ കുടുംബമായി താമസിക്കുന്നു. ഓസ്ട്രേലി യൻ ഗവൺമെന്റ് ഓർഗനൈസേഷനായ ഡിപ്പാർട്ട്മെന്റ് ഓഫ് കമ്യൂണിറ്റിയിൽ ഡാറ്റ എഞ്ചിനീയറായി പ്രവർത്തിക്കുന്നു.***



**കവർസ്റ്റോറി - ജിതിൻ ജോസഫ്**

# തേനാണ് ദൈവം

ഒരു ബസ് യാത്രയ്ക്കിടയിൽ എവിടെയോ കാഴ്ചയിൽ പതിഞ്ഞ ഒരു പരസ്യ ശകലമാണ് 'ദൈവങ്ങൾ വിൽക്കപ്പെടും.' കടയ്ക്കു മുൻപിലെ മനോഹരമായ ബോർഡിൽ അറിയാവുന്നതും അറിയാത്തതുമായ കുറെയേറെ ദൈവങ്ങളുടെ ചിത്രങ്ങൾ, അതിനു മനോഹരമായ ഒരു അടിക്കുറിപ്പും, 3ഡി, എച്ച്.ഡി, ഫോട്ടോകൾ ഫ്രെയിം ചെയ്തു നൽകപ്പെടും, കൂടാതെ പ്ലാസ്റ്റിക്, പ്ലാസ്റ്റർ ഓഫ് പ്ലാരീസ്, വെള്ളി, പിച്ചള, ഇരുമ്പ് തുടങ്ങിയ ലോകങ്ങളിൽ തീർത്ത പ്രതിമകളും, വിഗ്രഹങ്ങളും മിതമായ നിരക്കിൽ വിശ്വസ്തതയോടെ വിൽക്കപ്പെടും. പുറത്തെല്ലാവരും ഇവർക്കായി വടി പിടിക്കുകയും, കൊടി കുത്തുകയും, വാളെടുക്കുകയും, കുടപിടിക്കുകയും ചെയ്യുമ്പോൾ അകത്ത് അവരെല്ലാവരും ഒരുമിച്ചിരുന്ന് പുറത്തുള്ളവരുടെ ക്രയവിക്രയങ്ങളും പരാക്രമങ്ങളും കണ്ട് പരസ്പരം നോക്കി ചിരിക്കുന്നു. ഒരു കുടക്കീഴിൽ ഒരുമിച്ചിരിക്കുന്നവർക്കിടയിൽ ഒരകൽച്ചയില്ല, കുറ്റപ്പെടുത്തലുകളില്ല, പൊങ്ങച്ചം പറയലുകളില്ല, മാറ്റിനിർത്തലുകളോ, താഴ്ത്തിക്കെട്ടലുകളോ ഇല്ല. പക്ഷേ, നാളെ ഇവരിൽ ആരെങ്കിലും വിറ്റഴിക്കപ്പെടുമ്പോൾ ഇവയെല്ലാം താനേ തലപൊക്കി തലയ്ക്കു മീതെ നിൽക്കുന്നു.

ആഘോഷങ്ങൾക്കും, ആർപ്പുവിളികൾക്കും, ഒരുക്കങ്ങൾക്കും എല്ലാം ഇടയിൽ എന്തെങ്കിലുമൊക്കെ നാം മറന്നു പോകുന്നുണ്ടോ? എന്തെങ്കിലും ബോധപൂർവം ഓർക്കാതെ പോകുന്നുണ്ടോ..? അതിഥിയായും അതിഥികൾക്കായും നാം നെട്ടോട്ടമോടുമ്പോൾ ജീവിതത്തിൽ നിന്ന് പടിയിറങ്ങി പോകുന്ന നല്ല മൂല്യങ്ങളെ, ജീവിത രീതികളെ നാം എപ്പോഴെങ്കിലും ഓർക്കാറുണ്ടോ? മുഖത്തെ ഒരു പ്ലാസ്റ്റിക് ചിരി കൊണ്ട് നാം പലതിനെയും, പലരെയും ചിരിച്ചു തള്ളുമ്പോൾ ഓർക്കുക ഈ ആഘോഷങ്ങളും ആർഭാടങ്ങളും എല്ലാം ചെന്ന് നിൽക്കുന്നത് ഒരു കാലിതൊഴുത്തിലാണ്. ഓരോ ദിവസവും പുതുതായി തുടങ്ങണം, ജീവിതത്തിൽ പുതിയ മാറ്റങ്ങൾ വേണം എന്നൊക്കെ മുൻകൂട്ടി നിശ്ചയിക്കുമ്പോഴും വാശിപിടിക്കുമ്പോഴും, പഴയ ജീവിതരീതികളെ ഒരു കണികപോലും മാറ്റാനോ തിരുത്തിക്കുറിക്കുവാനോ തയ്യാറാകുന്നില്ല എന്നതല്ലേ വാസ്തവം.

പുറംമോടികളിൽ മനം മറന്നു നാം അഹം മറക്കുന്നു. തിരക്കുകളിൽ തിക്കി ഞെരുങ്ങപ്പെടുന്നു എന്ന സത്യം ഒരു ഞെട്ടലോടെ എങ്കിലും നാം ഇനിയും മനസ്സിലാക്കണം. അതിനിടയിൽ എവിടെയൊക്കെയോ നാം നമ്മെ മറക്കുന്നു, ബന്ധങ്ങൾ മറക്കുന്നു, നന്മ മറക്കുന്നു. കണ്ണ് തുറന്നു കാണാനും അകം തുറന്ന് ശ്രവിക്കാനും നമ്മൾ മറന്നു പോയിരിക്കുന്നു.

ദൈവത്തെ തേടിയിറങ്ങിയ ഒരു കുഞ്ഞിന്റെ കഥ എവിടെയോ വായിച്ചതായി ഓർമ വരുന്നു, ഒരു ദിവസം ആറു വയസ്സുള്ള ഒരു കുട്ടി കൈയിൽ 50 രൂപ നോട്ടുമായി ദൈവത്തെ വാങ്ങാൻ ഇറങ്ങി. അവൻ കടകളായ കടകൾ മുഴുവൻ കയറിയിറങ്ങി. ഓരോ കടയിലും ചെന്ന് അവൻ ചോദിച്ചു ഇവിടെ ദൈവത്തെ വിൽക്കുമോ? ആളെ കളിയാക്കുവാണോ എന്ന് ചോദിച്ചു പലരും അവനെ ആട്ടിയോടിച്ചു... ഇതേ ചോദ്യവുമായി അവൻ വൈകുന്നേരംവരെ ഓരോ കടകളിലും കയറിയിറങ്ങി, പക്ഷേ അവന് ദൈവത്തെ മേടിക്കാനോ കണ്ടെത്താനോ ആയില്ല. വൈകുന്നേരമായി, അവൻ അവസാനത്തെ കടയിൽ കയറി ചോദിച്ചു ചേട്ടാ എന്നെ ഒന്ന് സഹായിക്കണം ഇവിടെ ദൈവത്തെ വിൽക്കുമോ? മധ്യവയസ്കനായ ആ കടക്കാരൻ അവനോട് ചോദിച്ചു എന്തിനാണ് നിനക്ക് ദൈവത്തെ? അവൻ ഉത്തരം പറഞ്ഞു! എനിക്ക് സ്വന്തമായി എന്റെ അച്ഛൻ മാത്രമാണുള്ളത് അദ്ദേഹം ഒരു അപകടം പറ്റി ആശുപത്രിയിലാണ് ദൈവത്തിന് മാത്രമേ അച്ഛനെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ എന്ന് ഡോക്ടർ പറഞ്ഞു അതനുസരിച്ച് ദൈവത്തെ വാങ്ങാൻ ഇറങ്ങിയതാണ് ഞാൻ.. കുട്ടി വിചാരിച്ചു ദൈവം എന്നത് ജീവൻ രക്ഷിക്കാൻ സാധിക്കുന്ന എന്തോ മരുന്നാണെന്ന് അതനുസരിച്ച് അവൻ ദൈവത്തെ മേടിക്കാൻ ഇറങ്ങിത്തിരിച്ചു. കൈയിലിരുന്ന 50 രൂപ മേടിച്ച് കടക്കാരൻ ഒരു ചെറിയ കുപ്പി നിറയെ തേൻ കൊടുത്തിട്ട് പറഞ്ഞു ഇതാണ് ദൈവം ഇതു



**എവിടെയൊക്കെയോ നാം നമ്മെ മറക്കുന്നു, ബന്ധങ്ങൾ മറക്കുന്നു, നന്മ മറക്കുന്നു. കണ്ണ് തുറന്നു കാണാനും അകം തുറന്ന് ശ്രവിക്കാനും നമ്മൾ മറന്നു പോയിരിക്കുന്നു.**

കൊണ്ടുപോയി കൊടുത്തു അദ്ദേഹത്തെ രക്ഷിക്കുക. ദൈവത്തെ കിട്ടിയ സന്തോഷത്തിൽ കുട്ടി ഹോസ്പിറ്റലിലേക്ക് ഓടി ആ കുപ്പി ഡോക്ടറെ ഏൽപിച്ചു, ഇതാണ് ദൈവം ഇതുകൊണ്ട് എന്റെ അച്ഛനെ രക്ഷിക്കുക. അച്ഛനെ രക്ഷിക്കാൻ താൻ നടത്തിയ പരിശ്രമങ്ങൾ വെറുതെ ആയില്ലല്ലോ എന്ന് സന്തോഷത്തിൽ ഇരിക്കുമ്പോൾ അവിടേക്ക് വലിയൊരു മെഡിക്കൽ ടീം വരുകയും അവന്റെ അച്ഛന്റെ ചികിത്സ ഏറ്റെടുക്കുകയും ചെയ്തു. അങ്ങനെ അയാൾ ജീവിതത്തിലേക്ക് തിരിച്ചുവന്നു. ഡിസ്ചാർജ് ദിവസം മരുന്നുകളും ബില്ലുമായി ഹോസ്പിറ്റലിൽ അധികാരികൾ അദ്ദേഹത്തെ സമീപിക്കുമ്പോൾ അദ്ദേഹം വിറയ്ക്കുന്നുണ്ടായിരുന്നു എങ്ങനെ ഹോസ്പിറ്റൽ ചെലവുകൾ അടച്ചു തീർക്കുമെന്ന് കരുതി. എന്നാൽ ഹോസ്പിറ്റൽ ബില്ലുകളിൽ ക്യാഷ് പെയ്ഡ് എന്ന് കണ്ടപ്പോൾ അദ്ദേഹം സ്തംഭിച്ചു പോയി. ഇതെങ്ങനെ സംഭവിക്കും! ഇതാര് അടച്ചുതീർത്തു!? അതിനു മറുപടിയായി കുട്ടി സംഭവിച്ച കാര്യങ്ങളെല്ലാം അദ്ദേഹത്തോട് പറഞ്ഞു. ഹോസ്പിറ്റൽ വിട്ട ഉടനെ തന്റെ മകന് ദൈവത്തെ കൊടുത്തുവിട്ട അദ്ദേഹത്തെ കണ്ടു നന്ദി പറയാൻ അവർ യാത്രയായി. ആ നാട്ടിലെ തന്നെ ഏറ്റവും വലിയ ധനവാനായ ഒരു മധ്യവയസ്കൻ ആയിരുന്നു അദ്ദേഹം. ചെയ്ത ഉപകാരങ്ങൾക്കെല്ലാം അവർ അദ്ദേഹത്തോട് നന്ദി പറഞ്ഞു. എന്നാൽ, അദ്ദേഹം മറുപടി പറഞ്ഞു എനിക്കല്ല നിങ്ങൾ നന്ദി പറയേണ്ടത് അത് ദൈവത്തിനാണ്. കൈയിൽ 50 രൂപ നോട്ടുമായി ദൈവത്തെ വാങ്ങാനായി ഇറങ്ങിത്തിരിച്ച നിങ്ങളുടെ മകന്റെ നല്ല മനസ്സിനെ സഹായിക്കാൻ ദൈവം എന്നെ ഒരു ഉപകരണമായി മാറ്റി എന്ന് മാത്രം. നല്ല ഹൃദയത്തിന് മാത്രമേ ദൈവത്തെ വാങ്ങാൻ കഴിയൂ.

ദൈവങ്ങളുടെ പ്രതിമകളെ വിലയ്ക്ക് വാങ്ങാൻ ആർക്കും സാധിക്കും പക്ഷേ, അവയ്ക്ക് ജീവൻ നൽകുന്നത് നാം മനുഷ്യരുടെ സദ്പ്രവൃത്തികൾ വഴിയാണെന്ന് നാം മറന്നു പോകരുത്. ദൈവത്തെ പകർന്നു കൊടുക്കുന്ന, ദൈവത്തെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുന്ന നല്ല മനസ്സുകൾക്കും മനസ്സാക്ഷികൾക്കും ഉടമയാകാൻ നമുക്ക് ശ്രമിക്കാം. ദൈവം അനുഗ്രഹിക്കട്ടെ. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; അവർ ദൈവത്തെ കാണും (മത്തായി 5, 8).

***ജിതിൻ ജോസഫ് : സമന്വയ തിയോളജി കോളേജ്, ഭോപ്പാൽ***



**കവർസ്റ്റോറി - സജീവ് പാറേക്കാട്ടിൽ**

# ഹൃദയശുദ്ധിയുടെ സുവിശേഷകർ

എഴുതപ്പെടാതെ പോയ ഒരു സുവിശേഷമുണ്ട് സുവിശേഷത്തിൽ! മൗനം ഘനീഭവിച്ചതെന്ന് തോന്നിപ്പിക്കുമെങ്കിലും ആ സുവിശേഷത്തിന് എന്തൊരു മുഴക്കമാണ്! വർണങ്ങളൊന്നുമില്ലാത്ത ബ്ലാക്ക് & വൈറ്റ് എന്ന് തോന്നിപ്പിക്കുമെങ്കിലും ആ സുവിശേഷത്തിന് എന്തൊരു അഴകാണ്! എല്ലാ സുവിശേഷങ്ങളും ഇതൾ വിടർത്തിയത് ആ സുവിശേഷത്തിലാണ്. ആ സുവിശേഷമാണ് കരുണയാൽ മറിയത്തെ മരണത്തിൽ നിന്ന് വീണ്ടെടുത്തത്. ആ സുവിശേഷമാണ് 'ഗർഭസ്ഥദൈവത്തിന്' കാവലാളായത്. ആ സുവിശേഷമാണ് തീ പിടിച്ച ഹൃദയവുമായി പ്രിയതമയെയും പുത്രനെയുംകൊണ്ട് പരക്കം പാഞ്ഞത്. ആ സുവിശേഷമാണ് മാംസം ധരിച്ച വചനത്തിന് അപ്പനും അപ്പവുമായത്.

ലളിതമായി സംഗ്രഹിച്ചാൽ ആ സുവിശേഷത്തെ ഹൃദയശുദ്ധിയുടെ സുവിശേഷം എന്നു വിളിക്കാം. അനുനിമിഷം ദൈവത്തെ കാണുകയും കാണിക്കുകയും ചെയ്ത ആ സുവിശേഷത്തിന്റെ സൗഭാഗ്യമോർത്തിട്ടാകണം 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; അവർ ദൈവത്തെ കാണും' എന്ന് പിന്നീടൊരിക്കൽ ആ സുവിശേഷത്തിന് ഭരമേൽപ്പിക്കപ്പെട്ട ദൈവപുത്രൻ പറഞ്ഞത്.

'അവന്റെ അമ്മ' എന്നാണ് പലപ്പോഴും മറിയത്തെ സുവിശേഷങ്ങൾ വിളിക്കുന്നത്. അയാൾക്ക് പക്ഷേ, വാഴ്ത്തുകളും വിശേഷണങ്ങളും അധികമില്ല. നീതിമാൻ എന്നൊരു അടയാളപ്പെടുത്തലുണ്ട്. 'നിന്റെ പിതാവും ഞാനും' എന്ന് മറ്റൊരിക്കൽ അവന്റെ അമ്മ തന്നെ അവനോട് പറയുന്നുണ്ട്. അത്ര മാത്രമേയുള്ളൂ. അതുമതിയല്ലോ! അയാൾക്ക് പരാതിയില്ലല്ലോ! ശുദ്ധിയുടെ ശക്തിയിലും സിദ്ധിയിലും ഹൃദയം ഉറച്ചിരുന്നതിനാൽ പരാതികൾക്കും പരിഭവങ്ങൾക്കും ഇടവും സമയവുമില്ല. ഉള്ളം നിറയെ ആനന്ദമായിരുന്നു. നിയോഗപൂർത്തീകരണത്തിന്റെ, കൃതാർഥതയുടെ, ദൈവാശ്രയത്തിന്റെ, ദൈവൈക്യത്തിന്റെ ആനന്ദം. ഹൃദയശുദ്ധിയാണ് സ്വർഗീയാനന്ദത്തിന്റെ താക്കോൽ എന്ന് അയാൾ നന്നായി ഗ്രഹിച്ചിരുന്നു. അവന്റെ അമ്മ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചതിന് രേഖയുണ്ട്. അയാളാകട്ടെ എല്ലാം സംഗ്രഹിച്ചത് ഹൃദയശുദ്ധിയിലാണ്. അതുകൊണ്ടാണ് നിദ്രയിലെ കിനാവുകൾപോലും അയാൾക്ക് വഴികാട്ടിയത്! കുഞ്ഞുങ്ങളുടെ ചോര കുടിച്ച വാളിന്റെ മുരൾച്ചകൾക്കിടയിലും ദൈവത്തിന്റെ മൃദുമർമരങ്ങൾ അയാൾ ശ്രവിച്ചത്. അടിമത്തത്തിന്റെ ഭവനമാണ് ഈജിപ്ത്. പക്ഷേ, ഹൃദയമെന്ന കൽവിളക്കിൽ, ശുദ്ധതയുടെ എണ്ണയിൽ ജ്വലിക്കുന്ന ദീപമുള്ളപ്പോൾ ഈജിപ്തും നസറത്തും എല്ലാം അയാൾക്ക് ഒരു പോലെയാണ്. അതിനാലാണ് ആ കൽവിളക്ക് പ്രകാശഗോപുരം പോലെ ഇന്നും വിരാജിക്കുന്നത്. അതിനെല്ലാമുള്ള വാഴ്ത്തായിരിക്കും ഹൃദയശുദ്ധിയെ സൗഭാഗ്യമാക്കിയ മകൻ നൽകുന്നത്.

'തച്ചന്റെ മകൻ' എന്നതായിരുന്നു നാട്ടുകാർ അവന് നൽകിയ ചെല്ലപ്പേര്. മകൻ പക്ഷേ, തച്ചന്റെ സുവിശേഷത്തിൽ നിന്ന് പഠിച്ചെടുത്തത് സ്വർഗരാജ്യത്തിന്റെ തച്ചുശാസ്ത്രമാണ്. ഈ ഭൂമിയിൽ ആനന്ദത്തിന്റെ സൗധം പണിതുയർത്തുന്നത് അത്ര സങ്കീർണമല്ല എന്നതിന് മാതാപിതാക്കളോളം മികച്ച ഉദാഹരണങ്ങൾ അവനുണ്ടായിരുന്നില്ല. ദൈവവിശ്വാസത്തിന്റെ അസ്തിവാരം; ദൈവാശ്രയത്തിന്റെ ചുമരുകൾ ; ദൈവസ്നേഹത്തിന്റെ മേൽക്കൂര; ആവൃതിയിൽ നിറയെ നീതിയും വിശ്വസ്തതയും സമാധാനവും. പ്രാണവായു പോലെ നിറയുന്ന ദൈവസാന്നിധ്യാവബോധം! അവിടെ ശാന്തതയും കരുണയും അകനൈർമല്യവുമുള്ള മനുഷ്യർ – ഇത്രയുമായാൽ സ്വർഗത്തിന്റെ മിനിയേച്ചറായി! അത്തരം മനുഷ്യരും ഭവനങ്ങളുമാണ് ദൈവത്തെ കാണുക മാത്രമല്ല; കാണിക്കുകയും ചെയ്യുന്നതെന്ന് നസറത്തിലെ തന്റെ ചെറുഭവനത്തിന്റെ ഓർമയിലാകണം അവൻ പറഞ്ഞത്. കണ്ടും കേട്ടും തൊട്ടും എല്ലാം പഠിക്കാനും പഠിപ്പിക്കാനുമായി രണ്ടു സുവിശേഷങ്ങൾ സദാ പുൽകിയും പുണർന്നും അവന്റെ കൂടെയുണ്ടായിരുന്നല്ലോ! ആ സുവിശേഷങ്ങളുടെ ഓർമയിലായിരിക്കും പുത്രൻ എല്ലാം പഠിപ്പിച്ചത്.

'ഒന്നും പഠിച്ചിട്ടില്ലാതിരിക്കെ, ഇവന് ഇത്ര അറിവ് എവിടെ നിന്നു കിട്ടി' എന്നു പറഞ്ഞ് യഹൂദർ വിസ്മയിക്കുന്നുണ്ട് (യോഹ 7, 15). പാവങ്ങൾ! അവർക്കറിയില്ലല്ലോ അവനെയും അവന്റെ കൂടെ വസിക്കുന്ന സുവിശേഷങ്ങളെയും!

എല്ലാറ്റിലുമുപരി ദൈവം എന്നതാണ് ഹൃദയശുദ്ധിയുടെ സുവിശേഷകരുടെ ആത്മമന്ത്രം. എല്ലാറ്റിലും ദൈവഹിതം എന്നതാണ് അവരുടെ ആത്മാഭിനിവേശം. ഈ ലോകത്തിൽ – യുദ്ധവും പ്രണയവും ഭക്തിയും കാമവും മായയും മുക്തിയും ക്രൗര്യവും ദയയും ആർത്തിയും ഉപേക്ഷയും വിശപ്പും ഉന്മാദവും നിലവിളികളും പൊട്ടിച്ചിരികളും – എല്ലാമുള്ള ഈ ലോകത്തിൽ സ്വർഗീയാനന്ദം സാധ്യമാണെന്ന് പഠിപ്പിക്കുന്നത് ഹൃദയശുദ്ധിയുടെ സുവിശേഷകരാണ്. സുവിശേഷത്തിന് സമാന്തരമായി അവരുടെ പക്കൽ ഒരു ജീവിതഗ്രന്ഥമുണ്ട്. അവരുടെ ജീവിതനിഘണ്ടു എന്നോ മാനിഫെസ്റ്റോ എന്നോ അതിനെ വിളിക്കാം. അതിൽ നിറയെ അവർക്കു മാത്രം വെളിപ്പെടുന്ന വാക്കുകളും അക്ഷരങ്ങളും അർഥങ്ങളുമാണ്! അതിൽ



ആത്മനിന്ദ, അപകർഷത എന്ന പദങ്ങൾ ഉണ്ടാവില്ല. പകരം ആത്മനിർവൃതി, ദൈവാശ്രയത്തിലുള്ള അഭിമാനം എന്ന പദങ്ങളാണുള്ളത്. അതിൽ കുറ്റബോധം, അഹംഭാവം എന്ന പദങ്ങൾ ഉണ്ടാവില്ല. പകരം കൃതാർഥത, വിനയം എന്ന പദങ്ങളാണുള്ളത്. അതിൽ നൈരാശ്യം, വിഷാദം എന്ന പദങ്ങളുണ്ടാവില്ല. പകരം പ്രത്യാശ, ആനന്ദം എന്ന പദങ്ങളാണുള്ളത്.

'അരികിൽ നീയുണ്ടായിരുന്നെങ്കിലെന്നു ഞാൻ; ഒരു മാത്ര വെറുതെ നിനച്ചു പോയി' എന്ന മനോഹരമായ ഒരു മെലഡിയില്ലേ? ഹൃദയശുദ്ധിയുടെ സുവിശേഷകർക്ക് വിഷാദച്ഛായയോടെ ഒരിക്കലും അതാലപിക്കേണ്ടി വരില്ല. അരികിൽ, തൊട്ടരികിലുള്ള ദൈവത്തെ അവർ എപ്പോഴും കാണും. എമ്മാനുവേൽ എന്ന പേരുള്ള ദൈവം എപ്പോഴും അവരുടെ കൂടെ വസിക്കും.

ഏതനുഭവത്തിലും അവർ ദൈവകരം ദർശിക്കും. ഏതിരുട്ടിലും മറ്റാർക്കും ദൃശ്യമല്ലാത്ത സ്രോതസ്സിലൂടെ അവർക്ക് വെളിച്ചം ലഭിക്കും. ഏത് ദുഃഖത്തിലും മറ്റാർക്കും ഗ്രഹിക്കാനാകാത്ത സമാശ്വാസത്താൽ അവർ നിറയും. ഏത് പ്രതിസന്ധികളിലും, ഒടുവിൽ ഒരു വാതിൽ അവർക്കായി തുറക്കും. ഒരു കരം; അതിശക്തമായ ഒരു കരം; ഈ മഹാപ്രപഞ്ചത്തെ നിർമിച്ച അതേ കരം എപ്പോഴും അവരെ താങ്ങും. ഈജിപ്തെന്നോ ഇസ്രായേലെന്നോ ദേവാലയമെന്നോ തെരുവീഥിയെന്നോ മരുഭൂമിയെന്നോ മഹാഗിരിശൃംഗമെന്നോ കടൽത്തീരമെന്നോ കൊടുങ്കാടെന്നോ ഭേദമില്ലാതെ എല്ലായിടത്തും അവർക്ക് തിരുസാന്നിധ്യം ലഭിക്കും. അവരുടെ സാന്നിധ്യവും വാക്കുകളും സുവിശേഷമാകും. അവരുടെ നിഴലുകളും തൂവാലകളും സൗഖ്യമേകും. കണ്ണ് അവർക്ക് ശരീരത്തിന്റെ വിളക്കാകും. സ്വർഗത്തിലെ അവരുടെ പത്തായപ്പുരകൾ നിറഞ്ഞു കവിയും. ഈ ഭൂമിയിൽ പരാജിതരെപ്പോലെ കാണപ്പെട്ടാലും, നിത്യതയിൽ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന കുഞ്ഞാടിന്റെ വലത്തുവശത്തിരുന്ന് അവർ ജനതകളെയും ഗോത്രങ്ങളെയും വിധിക്കും. അവരുടെ നാമങ്ങൾ ജീവന്റെ ഗ്രന്ഥത്തിൽ തങ്കലിപികളിൽ പതിയും.

**ശുദ്ധിയുടെ ശക്തിയിലും സിദ്ധിയിലും ഹൃദയം ഉറച്ചിരുന്നതിനാൽ പരാതികൾക്കും പരിഭവങ്ങൾക്കും ഇടവും സമയവുമില്ല. ഉള്ളം നിറയെ ആനന്ദമായിരുന്നു.**

കുരിശിന്റെ വഴിയിലെ പ്രാർഥന പോലെ, ദൈവം എളിയവരുടെ സങ്കേതമാണെന്ന് പഠിപ്പിക്കുന്നത് ഹൃദയശുദ്ധിയാണ്. ഞെരുക്കത്തിന്റെ കാലത്ത് ആശ്വസിപ്പിക്കുന്നത് ദൈവമാണെന്ന് ബോധ്യപ്പെടുത്തുന്നത് ഹൃദയശുദ്ധിയാണ്. കണ്ണുനീരിനെ ബലിവസ്തുവാക്കുന്നത് ഹൃദയശുദ്ധിയാണ്. എല്ലാറ്റിലും ദൈവത്തെ കാണാൻ ഉൾക്കണ്ണുകളെ തെളിക്കുന്നത് ഹൃദയശുദ്ധിയാണ്.

തുടക്കത്തിൽ പറഞ്ഞ സുവിശേഷത്തിലേക്ക് തിരികെ വരാം. അയാൾ തൊഴിലാളികളുടെയും നന്മരണത്തിന്റെയും മാത്രം മധ്യസ്ഥനല്ല; ഹൃദയശുദ്ധിയുടെ മധ്യസ്ഥനാണ്. ഇപ്പോഴും എപ്പോഴും മകനെ കൺമുന്നിൽ കാണിച്ചു തരണമേ എന്നാണ് ആ മധ്യസ്ഥനോട് നിരന്തരം പ്രാർഥിക്കേണ്ടത്.

***എഴുത്തുകാരനും പ്രഭാഷകനുമായ സജീവ് പാറേക്കാട്ടിൽ എറണാകുളം ലിസി ഹോസ്പിറ്റലിലെ പബ്ലിക് റിലേഷൻ ഓഫീസറാണ്.***



കവർസ്റ്റോറി - ലിയോ ടോം, തൃശൂർ

# "ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; അവർ ദൈവത്തെ കാണും"

(മത്തായി 5, 8)

ഒരു ആത്മപരിശോധന; എന്റെ ജീവിതത്തിൽ ഞാൻ ആരാണ്?

യേശുവിന്റെ ഈ വാക്കുകൾ: "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ" ഒരു നൈതിക നിർദേശമല്ല; അത് നമ്മുടെ ഉള്ളിലെ സത്യത്തെ തുറന്ന് കാണിക്കാൻ നമ്മെ ക്ഷണിക്കുന്ന ഒരു സ്വരമല്ലേ. മറ്റുള്ളവരുടെ മുമ്പിൽ സ്വതവേ കാണുന്ന ആ വ്യക്തി തന്നെയാണോ ഞാൻ! അല്ലെങ്കിൽ ആരും കാണാത്തപ്പോൾ എന്റെ യഥാർഥ രൂപം എന്ത്?

ഇത്തരം ചില ചോദ്യങ്ങൾ നാം സ്വയം ചോദിക്കുന്നത് നല്ലതല്ലേ? അവ നമ്മെ അല്പം അലോസരപ്പെടുത്തുന്നുണ്ടെങ്കിൽ, അതും നല്ലതാണ്. കാരണം, ഹൃദയശുദ്ധിയിലേക്കുള്ള ആദ്യ ചുവടുവയ്പാണത്. ഹൃദയശുദ്ധി എന്നത് ഒരു 'ക്ലീൻ' ജീവിതം മാത്രം അല്ല; അത് 'അഖണ്ഡമായതും സമഗ്രമായതുമായ' ഒരു ജീവിതമാണ്. ഇംഗ്ലീഷിൽ പറയുന്ന പോലെ Integrity എന്നത് ഉള്ളിലും പുറത്തും ഒരേപോലെയായിരിക്കുന്നതാണ്; മുഖംമൂടികളില്ലാതെ ജീവിക്കുക; കപടതയില്ലാത്ത സത്യസന്ധത. 'ആരും കാണുന്നില്ലെങ്കിലും ശരി ചെയ്യുക' എന്നതിന് അസാമാന്യ ധൈര്യം ആവശ്യമാണ്. ഒരു ശുദ്ധഹൃദയം ഒരിക്കലും കപടതയുള്ള ഒരു ഇരട്ട ജീവിതം നയിക്കില്ല. അത് ദൈവത്തിനും ലോകത്തിനും ഇടയിൽ പൊരുത്തക്കേട് സൃഷ്ടിക്കില്ല. പാപത്തിന് എതിരായ നമ്മുടെ യഥാർഥ പോരാട്ടം പലപ്പോഴും പുറത്തല്ല ആരംഭിക്കുന്നത്, മറിച്ച് അത് ഉള്ളിൽ സംഭവിക്കുന്നു.

ഒരുപക്ഷേ, ചെറിയ ഒരു അസത്യത്തിൽ... മറച്ചുവച്ച ഒരു ആഗ്രഹത്തിൽ... ഒരു സ്വാർഥമായ തീരുമാനം... ഒരു അഹങ്കാര ചിന്തയിൽ... അവിടെ നിന്നാണ് ഹൃദയം മങ്ങിത്തുടങ്ങുന്നത്; ഇന്നത്തെ ലോകം നമ്മെ പഠിപ്പിക്കുന്നത് 'നീ എങ്ങനെ കാണപ്പെടുന്നു?' എന്നതാണ്. എന്നാൽ, ദൈവം ചോദിക്കുന്നത്: 'നീ ഉള്ളിൽ ആരാണ്? നീ എന്തായിരിക്കുന്നു? 'There is a lot of difference between Being and Doing' നമ്മൾ പലപ്പോഴും നല്ല ഇമേജ് സൃഷ്ടിക്കാൻ ശ്രമിക്കുന്നു. മറ്റുള്ളവരുടെ അംഗീകാരം തേടുന്നു, നമ്മുടെ യഥാർഥ അവസ്ഥ മറയ്ക്കുന്നു. അവിടെത്തന്നെയാണ് ഹൃദയശുദ്ധി തകരുന്നത്. ഹൃദയത്തിന്റെ നിശ്ശബ്ദതയിൽ ഒരു നിമിഷം ശാന്തമായി ഇരുന്ന് ചിന്തിച്ച് നോക്കൂ... ഞാൻ പറയുന്ന വാക്കുകൾക്കും ഞാൻ ജീവിക്കുന്ന ജീവിതത്തിനും തമ്മിൽ അന്തരമോ അകലമോ ഉണ്ടോ? ഞാൻ കാണിക്കുന്ന വിശ്വാസവും ഞാൻ ഉള്ളിൽ കരുതുന്ന ആഗ്രഹങ്ങളും തമ്മിൽ ഒത്തുപോകുന്നുണ്ടോ?

ഞാൻ ദൈവത്തോടും മറ്റുള്ളവരോടും എന്നോട് തന്നെയും സത്യസന്ധനാണോ? ഈ ചോദ്യങ്ങൾ ഒരുപക്ഷേ, അസ്വസ്ഥത സൃഷ്ടിക്കും. പക്ഷേ, ആ അസ്വസ്ഥത തന്നെയാണ് ആത്മാവിന്റെ ഉണർവ്. അവിടെ



**ശുദ്ധഹൃദയമുള്ളവരാകുന്നത് ഒരിക്കലും വീഴാത്തവരല്ല. പക്ഷേ, വീണപ്പോൾ സ്വയം മറയ്ക്കാതെ ദൈവതിരുമുമ്പിൽ വരുന്നവരാണ്. ഹൃദയശുദ്ധി എന്നത് പിഴവ് മറയ്ക്കുന്നത് അല്ല മറിച്ച് അത് സമ്മതിക്കുന്നതാണ്.**

നമ്മുക്ക് ഹൃദയശുദ്ധിയിലേക്കുള്ള ഒരു വാതിൽ തുറക്കുന്നത് കാണാം. സത്യത്തിൽ ഹൃദയശുദ്ധി വളരെ ചെറുതായി തുടങ്ങുന്ന ഒന്നാണ്. അത് വലിയ തീരുമാനങ്ങളിൽ മാത്രം പ്രകടമാകുന്ന ഒന്നല്ല; അത് ചെറുതായ കാര്യങ്ങളിൽ വളരുന്ന ഒന്നാണ്. ആരും ശ്രദ്ധിക്കാത്തപ്പോൾ നീ എന്ത് തിരഞ്ഞെടുക്കുന്നു? എളുപ്പവഴിയിലൂടെ ക്രിയ ചെയ്തു പോകുന്ന തെറ്റിനെ ഒഴിവാക്കി കഠിനമായ ശരിയുടെ പാത തിരഞ്ഞെടുക്കുന്ന നിമിഷങ്ങൾ. നിന്റെ മനസ്സിൽ മാത്രം നടക്കുന്ന പോരാട്ടങ്ങൾ, വലിയ യുദ്ധങ്ങൾ. അവിടെ തന്നെയാണ് ഹൃദയം ശുദ്ധമാകുന്നത്. വീഴ്ചയും വീണ്ടെടുപ്പും സംഭവിക്കുന്നത്.

ശുദ്ധഹൃദയമുള്ളവരാകുന്നത് ഒരിക്കലും വീഴാത്തവരല്ല. പക്ഷേ, വീണപ്പോൾ സ്വയം മറയ്ക്കാതെ ദൈവതിരുമുമ്പിൽ വരുന്നവരാണ്. ഹൃദയശുദ്ധി എന്നത് പിഴവ് മറയ്ക്കുന്നത് അല്ല; മറിച്ച്  അത് സമ്മതിക്കുന്നതാണ്. വീണ്ടും ഉയിർക്കാൻ തയ്യാറാകുന്നതാണ്.



ദൈവം പൂർണരായ ആളുകളെ അന്വേഷിക്കുന്നില്ല; അവൻ സത്യസന്ധരായ ഹൃദയങ്ങളെയാണ് അന്വേഷിക്കുന്നത്.

അതുകൊണ്ടാണ് ഈ വചനത്തിന്റെ രണ്ടാം ഭാഗത്തിൽ 'അവർ ദൈവത്തെ കാണും' എന്ന് പറയുന്നത്. ഒരു ശുദ്ധഹൃദയത്തിന് ഒരു പ്രത്യേക കാഴ്ചശക്തിയുണ്ട്. അത് കണ്ണുകൊണ്ട് മാത്രം കാണുന്നില്ല; അത് ഹൃദയം കൊണ്ട് കാണുകയും ഹൃദയങ്ങളെ കാണുകയും ചെയ്യുന്നു. പ്രാർഥനയിൽ ദൈവം ജീവിച്ചിരിക്കുന്നവനായി അനുഭവപ്പെടുന്നു. ജീവിതത്തിലെ ചെറിയ സംഭവങ്ങളിൽ അവന്റെ സ്പർശനം കാണാനും മനുഷ്യരിൽ ദൈവത്തിന്റെ രൂപം തിരിച്ചറിയാനും സാധിക്കുന്നു. ഹൃദയം മങ്ങിയാൽ ദൈവം ദൂരെയായി തോന്നും. ഹൃദയം ശുദ്ധമായാൽ ദൈവം മറഞ്ഞിരിക്കുന്നവനല്ല; അവൻ തെളിഞ്ഞുനിൽക്കുന്നവനാണ്.

ചുരുക്കത്തിൽ മുഖംമൂടികൾ തിരിച്ചറിയാനും പറിച്ചെറിയാനുള്ള ധൈര്യമാണ് ഹൃദയശുദ്ധിയുടെ കവാടം. അത് ഒരു നിയമപാലന പ്രകിയ അല്ല; മറിച്ച് അത് ഒരു ധൈര്യമാണ്. സ്വയം നേരിടാനും സ്വയം ആയിരിക്കാനുമുള്ള ധൈര്യം. സത്യത്തിൽ നിലനിൽക്കാനുള്ള ധൈര്യം, ദൈവത്തിനു മുന്നിൽ യഥാർഥമായിരിക്കാനുള്ള ധൈര്യം. ഇന്നത്തെ ലോകം നമ്മോട് പല മുഖങ്ങൾ ധരിക്കാൻ ആവശ്യപ്പെടുന്നു. പക്ഷേ, യേശു നമ്മോട് പറയുന്നു: "മുഖംമൂടി മാറ്റി വാ... ഞാൻ നിന്നെ അതുപോലെ തന്നെ കാണുന്നു." അവിടെനിന്നാണ് ഹൃദയം ശുദ്ധമാകുന്നത്. അവിടെനിന്നാണ് അഖണ്ഡതയും വ്യക്തിത്വത്തിലെ സമഗ്രതയും ആരംഭിക്കുന്നത്. അവിടെ നാം ദൈവത്തെ കാണാൻ തുടങ്ങുന്നു.

***ലേഖകൻ ജീസസ് യൂത്തിലെ സീനിയർ നേതാവും പ്രഭാഷകനുമാണ്.***
***ഭാര്യ ഡോ. ഡോണയോടും മൂന്ന് മക്കളോടുമൊപ്പം തൃശൂരിൽ താമസിക്കുന്നു.***



യുവ/യൂത്ത് മൈസ്റ്റോറി - സന്തോഷ് ചുങ്കത്ത്



# വെയിൽ തണലാക്കിയ ആൾമരം

സെമിനാരിയിൽ എല്ലാ ഞായറാഴ്ചകളിലും വിസിറ്റർ ഉള്ള ഏക വ്യക്തി ഒരുപക്ഷേ ഞാൻ മാത്രമായിരിക്കും. ആരെങ്കിലും വന്ന് 'ബ്രദർ ഫ്രാൻസിസ് ചുങ്കത്തിന് ഒരു വിസിറ്ററുണ്ട്" എന്ന് പറയുമ്പോൾ, എനിക്കറിയാം അത് അപ്പനാണെന്ന്. വീട്ടിൽ നിന്നും എന്നെ തേടി വരാൻ വേറെയാരുമില്ലായിരുന്നു. പാർലറിൽ (സെമിനാരിയിൽ അതിഥികളെ സ്വീകരിക്കുന്ന മുറി) ഒരു ചെറിയ അക്വേറിയത്തിനു താഴെ ഇരുമ്പ് കസേരയിൽ നിശ്ശബ്ദനായി അപ്പൻ അങ്ങനെ ഇരിക്കുന്നുണ്ടാകും. അക്വേറിയത്തിലെ നീല ബൾബിന്റെ വെട്ടം അപ്പന്റെ മുഖത്തേയ്ക്കു ചാഞ്ഞിറങ്ങുന്നുണ്ട്. ഓർമയിലെ അപ്പൻ എപ്പോഴും അങ്ങനെയായിരുന്നു. വളരെ കുറവ് മാത്രമേ സംസാരിക്കുകയുള്ളൂ. എഴുപതുകളിലെയും എൺപതുകളിലെയും അപ്പന്മാർ അല്ലെങ്കിലും അങ്ങനെയായിരുന്നല്ലോ. സ്നേഹം ഉള്ളിൽ ഒതുക്കി ജീവിക്കാനാണ് അവരെ പരിശീലിപ്പിച്ചിട്ടുള്ളത്. സ്നേഹമെന്നത്, പിശുക്കന്റെ മടിക്കുത്തിലെ പൊൻനാണയം കണക്കായിരുന്നു അവർക്ക്. വാർധക്യത്തിലാണ് ഈ സ്വഭാവത്തിൽ അപ്പന് മാറ്റമുണ്ടായത്, അതോ പേരക്കുട്ടികൾ ഉണ്ടായപ്പോഴോ!

എന്തായാലും അന്ന് അപ്പനധികം സംസാരിക്കുന്ന പ്രകൃതമല്ലായിരുന്നു. ഞാൻ പറയുന്ന നുള്ളുനുറുങ്ങ് കാര്യങ്ങൾ കേട്ടങ്ങനെ ഇരിക്കും. പെറ്റിസെമിനാരിയിലെ ആദ്യ കൊല്ലത്തെ ആവേശമാകാം ഒരുപക്ഷേ എനിക്ക് വീടിനെക്കുറിച്ച് ഒട്ടും ആകുലതയോ ആകാംക്ഷയോ ഒന്നുമുണ്ടായിരുന്നില്ല.

ഇടവകയിലെ വികാരിയച്ചനും ബന്ധുക്കളും സുഹൃത്തുക്കളും നാട്ടുകാരും വരെ എന്റെ സെമിനാരി പ്രവേശനത്തെ പിന്തുണച്ചിരുന്നില്ല. ഞങ്ങളുടെ ജീവിതപ്രാരാബ്ധങ്ങൾ എന്താണെന്ന് അറിയാവുന്ന അവർക്ക് എന്നെ പ്രോത്സാഹിപ്പിക്കാൻ മനസ്സ് വന്നില്ല എന്നതാണ് യാഥാർഥ്യം. 'ഒരുത്തൻ വെള്ളം തോർന്ന് കരകയറി വന്ന് സഹായിക്കാനുണ്ടാകും എന്ന അവന്റെ പ്രതീക്ഷയ്ക്ക് കത്തിവച്ചിട്ടാണ് നീ പോകുന്നതെന്ന് മറക്കേണ്ട ട്ടാ' എന്നായിരുന്നു അമ്മയുടെ അപ്പന്റെ സങ്കടം. അപ്പനും അതൊരു ഷോക്കായിരുന്നു. ഒറ്റയ്ക്കായി - സഹായത്തിന് ആളില്ല  എന്നതിനാലല്ല, 'നിനക്ക് വയറ് നിറയെ കഴിക്കാൻ ഉള്ളത് പോലും വാങ്ങിത്തരാൻ അപ്പന് സാധിച്ചിട്ടില്ലല്ലോ മോനെ.." എന്നതായിരുന്നു അപ്പന്റെ സങ്കടം.

സെമിനാരിയിൽ കൊണ്ടുവന്നാക്കി യാത്ര പറയുമ്പോൾ, സെന്റ് പയസ് ഡോർമിറ്ററിയുടെ വരാന്തയിൽ, ആളുകൾ ഒഴിയാൻ അപ്പൻ കാത്തു നിന്നു. ഒടുക്കം എന്തോ കള്ളം ചെയ്യുന്നപോലെ എന്റെ കവിളിൽ അപ്പനൊരു ഉമ്മ തന്നു. ഞങ്ങൾക്ക് രണ്ടുപേർക്കും അതൊരു പുതുമയായിരുന്നു. അപ്പൻ എനിക്ക് തന്ന എന്റെ ഓർമയിലെ ആദ്യത്തെ ഉമ്മ ആ സെമിനാരി വരാന്തയിൽ വച്ചായിരുന്നു.

സെമിനാരിയിൽ എന്നെ കാണാൻ വരുന്ന ഓരോ ഞായറാഴ്ചകളിലും, എന്റെ കാര്യങ്ങൾ പറയുക എന്നതിനപ്പുറം വീട്ടിലെ



**ഒടുക്കം എന്തോ കള്ളം ചെയ്യുന്നപോലെ എന്റെ കവിളിൽ അപ്പനൊരു ഉമ്മ തന്നു. ഞങ്ങൾക്ക് രണ്ടുപേർക്കും അതൊരു പുതുമയായിരുന്നു.**

കാര്യങ്ങൾ ചോദിക്കാൻ ഞാൻ ഓർക്കാറില്ലായിരുന്നു. 'അപ്പൻ എന്താ ഇപ്പോ ചെയ്യുന്നേ, എന്ന് ചോദിക്കാറു പോലുമില്ല. അവധികഴിഞ്ഞ് വീട്ടിൽ നിന്ന് മടങ്ങുമ്പോൾ, സെമിനാരിയിൽ അടയ്ക്കാനുള്ള പണത്തിനു വേണ്ടി അപ്പൻ ബുദ്ധിമുട്ടുന്നത് (മുന്നൂറ് രൂപയോ മറ്റോ ആണ് മൂന്നു മാസം കൂടുമ്പോൾ അടയ്ക്കേണ്ട സംഖ്യ) കണ്ടിട്ടും ഞാൻ ചോദിച്ചിട്ടില്ല, അപ്പൻ ഇപ്പോ എന്താ ചെയ്യുന്നേ. എങ്ങനെയാ കുടുംബം നോക്കുന്നേ എന്ന്. പിന്നെ എന്നോ ഒരിക്കൽ ഞാനത് ചോദിച്ചു.. മറുപടി ഒരു ചിരിയായിരുന്നു. അപ്പനൊന്നും പറഞ്ഞില്ല,

പിന്നെ എന്നോ ഇളയപ്പന്റെ മക്കളാരോ എഴുതിയ കത്തിൽ നിന്നാണ് അപ്പൻ ലോട്ടറി കച്ചവടം ചെയ്താണ് കുടുംബം പോറ്റുന്നതെന്ന് ഞാൻ മനസ്സിലാക്കിയത്. അപ്പോഴേക്കും അപ്പന്റെ കച്ചവടങ്ങളും, പറമ്പുകളും മറ്റ് കൃഷിസ്ഥലങ്ങളും എല്ലാം ഞങ്ങളെ കൈവിട്ടിരുന്നു. അമ്മയും നാല് ചേച്ചിമാരും അനുജനും അടങ്ങുന്ന വലിയ കുടുംബമാണ് ഞങ്ങടേത്. അപ്പൻ അഭിമാനിയായിരുന്നു; പക്ഷേ, ദുരഭിമാനിയായിരുന്നില്ല. കുടുംബം നോക്കാൻ അപ്പൻ തെരുവിലേക്കിറങ്ങി. പ്രത്യാശ എന്നത് അപ്പന് കേവലം ജീവിതത്തിന്റെ ഭാഗമായിരുന്നില്ല;

ജീവിതം തന്നെയായിരുന്നു. 'ശരിയാകും' എന്ന് അപ്പൻ പറയുമ്പോൾ അത് നൽകുന്ന ധൈര്യവും ഊർജവും എഴുതി ഫലിപ്പിക്കാനാകുന്നതല്ല. ഏതെങ്കിലും അത്ഭുതങ്ങൾ സംഭവിക്കാൻ കാത്തിരിക്കാതെ അധ്വാനിക്കാൻ ആ ജീവിതം ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. 'പുരയ്ക്ക് മീതെ വെള്ളം വന്നാൽ, അതിന്നു മീതെ വള്ളം' എന്നതായിരുന്നു അപ്പന്റെ ലൈൻ.

'ഭയത്തെ നിരീക്ഷിക്കുക' എന്നത് ഞാൻ പഠിച്ചത് അപ്പനിൽ നിന്നാണ്. കുറേക്കാലം, ആൾ സഞ്ചാരമില്ലാതെ നീണ്ടുകിടക്കുന്ന പറമ്പുകളുടെ മധ്യേ ഒരഞ്ചു സെന്റു ഭൂമിയിലാണ് ഞങ്ങളുടെ വീട്. വൈദ്യുതിയില്ലാത്ത, ചുമർ തേച്ചിട്ടില്ലാത്ത, തറ ചാണകം മെഴുകിയ വീട്. ചുറ്റും മരങ്ങൾ കാട് തീർത്ത, നോട്ടക്കാരില്ലാത്ത പറമ്പുകൾ. വെള്ളം കുത്തിയൊലിച്ചിറങ്ങി നടവഴികളായി തീർന്ന നാട്ടുവഴികൾ. പറമ്പുകളുടെ അതിരുകൾ തലയ്ക്കുമീതെ തീർത്ത മുള്ളുവേലികളിൽ പകൽ സമയത്തു പോലും അണലിയും മറ്റ് ഇഴജന്തുക്കളും അരിച്ചു നീങ്ങുന്നത് കാണാനാകും. കുഞ്ഞു ചെറുപ്പത്തിൽ, തലയിൽ പറന്നു കൊത്തുന്ന പാമ്പുകളെ പറ്റി കഥപറഞ്ഞ് പേടിപ്പിച്ചത് അമ്മാമ്മയാണ്. നെറുകിൽ കടിച്ച പാമ്പുകൾ, പക തീരതെ മരക്കൊമ്പിൽ തലകീഴായി കിടക്കുമത്രേ. കടിയേറ്റമനുഷ്യൻ വിഷമിറങ്ങാതെ ചാകുമെന്ന് ഉറപ്പുവരുത്താനായിരുന്നുവത്രേ അവ അങ്ങനെ തൂങ്ങികിടന്നത്. ഭയന്ന് വിറച്ച് കുഞ്ഞിക്കണ്ണുകൾ തള്ളിപ്പിടിച്ചിരിക്കുന്ന എന്നെ ആശ്വസിപ്പിക്കാൻ 'ഗീവർഗീസ് സഹദായുടെ' പ്രാർഥന പഠിപ്പിച്ച് ധൈര്യപ്പെടുത്തിയതും അമ്മാമയായിരുന്നു. എങ്കിലും പാമ്പുകൾ എന്നും ഭയപ്പെടുത്തിയിരുന്നു. വഴിയിൽ ഇരുട്ടാണ് ഉണങ്ങിക്കിടക്കുന്ന കരിയിലകൾക്കിടയിൽ ഉണ്ടാകുന്ന ഓരോ ചെറുചലനവും എനിക്ക് ഉൾക്കിടിലം ഉണ്ടാക്കിക്കൊണ്ടിരുന്നു. ഓരോ ശബ്ദത്തിലും ഞാൻ ഞെട്ടുന്നത് അപ്പനറിയുന്നുണ്ട്. പെട്ടെന്ന് അപ്പൻ എന്നെ പിടിച്ചു നിർത്തി, ടോർച്ച് തെളിച്ച് കാണിച്ചു തന്നു. "ഡാ, എന്ത് കാണുമ്പോഴും, കേൾക്കുമ്പോഴും ഭയപ്പെട്ട് ഓടരുത്, ഇത് നോക്ക്. ഇതൊന്നും പാമ്പല്ല, ഒരു കുഞ്ഞു തവളയാണ്. നോക്കാതെ, കാണാതെ പേടിച്ചോടിക്കഴിഞ്ഞാൽ ജീവിതകാലം മുഴുവൻ പേടിക്കേണ്ടി വരും." ഭയത്തെ നിരീക്ഷിച്ച് അറിയുന്നത് തന്നെയാണ് ഭയത്തെ കീഴടക്കുന്നതിലെ ആദ്യ പടി. അപ്പനായിരുന്നു പാഠപുസ്തകം.

നാളുകൾക്ക് ശേഷം, എന്റെ ദൈവവിളി 'പൗരോഹിത്യ'മല്ലെന്ന് തിരിച്ചറിഞ്ഞപ്പോൾ ഞാൻ സെമിനാരിയുടെ പടികളിറങ്ങി. അക്കാലത്ത്, സെമിനാരിയിൽ നിന്ന് തിരിച്ചുപോരുന്ന

**ഏതെങ്കിലും അത്ഭുതങ്ങൾ സംഭവിക്കാൻ കാത്തിരിക്കാതെ അധ്വാനിക്കാൻ ആ ജീവിതം ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. 'പുരയ്ക്ക് മീതെ വെള്ളം വന്നാൽ, അതിനു മീതെ വള്ളം' എന്നതായിരുന്നു അപ്പന്റെ ലൈൻ.**

ഒരാൾ സമൂഹത്തിലും ബന്ധുക്കളുടെ ഇടയിലും ഒരു പരിഹാസപാത്രമാണ്. അപ്പനായിരുന്നു ധൈര്യം നൽകിയത്. എക്കാലത്തും പ്രശ്നം വരുമ്പോൾ ഞാൻ ആദ്യം തേടുന്നത് അപ്പനെയാണ്. പ്രശ്നമൊന്നും പറഞ്ഞില്ലെങ്കിലും, ഫോൺ വയ്ക്കുമ്പോൾ മനസ്സിന് വല്ലാത്തൊരാശ്വാസവും ധൈര്യവും തോന്നും.

ആദ്യമായി കുവൈറ്റിലേയ്ക്ക് പോരുന്നതിന്റെ തലേ രാത്രി ഞങ്ങൾ അപ്പനും മോനും ഉറങ്ങിയതേയില്ല. "എല്ലാം ഒരു സ്വപ്നം പോലെ തോന്നാ മോനെ. തകർന്നുപോയവരായിരുന്നു നമ്മൾ, ദൈവം കൈവിട്ടില്ല, കൂട്ടിപ്പിടിച്ചു നിർത്തി. വെട്ട്, തല്ലാക്കി മാറ്റണേ എന്ന് മാത്രം പ്രാർഥിച്ചു. എന്നിട്ട് ദേ ഇതുവരെയും എത്തിച്ചില്ലേ. രണ്ടു ജപ്തിനോട്ടീസ് കൈയിൽ വന്നിട്ടും ഞാൻ പേടിച്ചില്ല, നമ്മളെല്ലാരും കൂടെ ആത്മഹത്യ ചെയ്യും എന്നുവരെ ചിന്തിച്ച ആളുകളുണ്ടായിരുന്നു, മ്മടെ നാട്ടിലും സ്വന്തക്കാരിലും. നമ്മള് തോറ്റില്ല. തോൽക്കാൻ നമ്മള് തീരുമാനിക്കുന്നതുവരെ തോൽപ്പിക്കാൻ ആർക്കും കഴിയില്ല. ഡാ, നീയും ഭയക്കരുത്. ഈ തടസങ്ങളും പ്രശ്നങ്ങളും മാറും ഇനിയും മുന്നോട്ട് പോവും ധൈര്യം കൈവിടരുത്, അപ്പൻ പ്രാർഥിച്ചോളാ..."

പ്രവാസത്തിനിടയിലെ ഏതോ ഒരവധിക്കാലത്ത് എല്ലാവരും ചേർന്ന് കുടുംബപ്രാർഥനയ്ക്കു ശേഷം ഒന്നിച്ചിരിക്കുമ്പോൾ, അപ്പൻ പറയാൻ തുടങ്ങി.."കേട്ടോ മെറിനെ, സന്തോഷിന് അവന്റെ പ്രായത്തിലുള്ള ആൺകുട്ടികൾക്കുണ്ടായിരുന്ന ഒന്നുംതന്നെ കൊടുക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ലാരുന്നു. വേണ്ടത്ര സ്വാതന്ത്ര്യം പോലും. തൊട്ടുമുന്നിൽ പുഴ ഉണ്ടായിരുന്നിട്ടും, ഞാനവനെ നീന്താൻ വിട്ടില്ല. സൈക്കിൾ ചവിട്ടാനും വിട്ടില്ല. എന്തിന്, എവിടെയെങ്കിലും ഉയരത്തിൽ കേറി നിൽക്കാൻ പോലും ഞാൻ സമ്മതിക്കില്ലായിരുന്നു. (പിന്നീടെന്നെ സൈക്കിൾ ചവിട്ടാൻ പഠിപ്പിക്കുന്നതു അനിയൻ ആന്റെയാണ്, അതും ഞാൻ ഡിഗ്രി രണ്ടാം വർഷം പഠിക്കുമ്പോ) ഇവന് എന്തേലും അപകടം പറ്റിയാലോന്നുള്ള ഭയമായിരുന്നു എനിക്ക്. ഇവൻ തല്ലുകൊണ്ടതുപോലെ ആരും കൊണ്ടിട്ടുണ്ടാവില്ല, സ്റ്റെല്ല പോലും (അത് എന്റെ നേരെ മൂത്ത ചേച്ചിയാണ്). നാശായിപോവല്ലേ ദൈവമേ എന്ന് ചിന്തിച്ചിട്ടാണ്. എന്താ ചെയ്യാ അത്രയ്ക്കുള്ള അറിവേ ഉണ്ടാരുന്നുള്ളൂ എനിക്ക്. മനുക്കുട്ടനെ അങ്ങനെയൊന്നും വളർത്തരുത് ട്ടാ.. 'ഇത്രയും പറയുമ്പോ അപ്പന്റെ കണ്ണിലെ നനവ് എനിക്ക് കാണാമായിരുന്നു..

എല്ലാ വഴികളും അടയുമ്പോഴും 'തമ്പുരാന്റെ വഴി അടയുന്നില്ല' എന്ന് ഞങ്ങളെ പഠിപ്പിച്ചത് അപ്പനായിരുന്നു. ഒരു കുഞ്ഞു മെഴുകുതിരി ഉരുകിത്തീരുന്നത് വരെ അപ്പൻ മുട്ടിന്മേൽ നിന്ന് പ്രാർഥിച്ചു. പ്രാർഥിക്കുന്ന ഒരപ്പന് സ്നേഹം തന്നെയായ പിതാവായ ദൈവത്തെ മക്കൾക്ക് പരിചയപ്പെടുത്താൻ എളുപ്പമാണ്. അനുഭവിക്കാത്ത സ്നേഹം ഒരാൾ പങ്കുവയ്ക്കുന്നതെങ്ങനെ!?

ഞങ്ങളുടെ അപ്പന്റെ പ്രാർഥനയും മനസ്സും തന്നെയാണ് ഞങ്ങടെ ഏറ്റവും വലിയ അനുഗ്രഹം. പക്ഷേ, ആ തണൽമരം ദൈവം തിരിച്ചെടുത്തിട്ട് ആറുമാസങ്ങൾ കഴിഞ്ഞു. അപ്പനില്ലാത്ത ആറു മാസങ്ങൾ! പക്ഷേ, അപ്പനില്ലാതാകുന്നില്ലല്ലോ. ഇങ്ങീ മരുഭൂമിയിലിരുന്ന് ഒന്നു കണ്ണടച്ചാൽ, നെഞ്ചത്ത് കൈവച്ചാൽ അപ്പനെ കാണാം, അപ്പനെ കേൾക്കാം. അത്രയ്ക്ക് അടുത്താണ് ആ സാന്നിധ്യം. അപ്പൻ യാത്രയാകുമ്പോൾ ഞങ്ങളോടു പറഞ്ഞതും അതു തന്നെയാണ്. "ഞാൻ ഇത്രയുംകാലം വളരെ സന്തോഷമായാണ് നിങ്ങളുടെ ഒപ്പം ജീവിച്ചത്. ഇനി ഞാൻ കടന്നുപോകാനുള്ള സമയമായി. ഒന്നിനെയും ഭയക്കരുത്. ദൈവം കൂടെയുണ്ട്, എല്ലാം ധീരമായി നേരിടണം. എന്നും ഒരുമിച്ച് നിൽക്കണം. അമ്മയെ നന്നായി നോക്കണം. ചെറിയ പ്രായത്തിൽ എന്റെ കൂടെ ജീവിക്കാൻ തുടങ്ങിയവളാണ്. നിങ്ങളെ ഞാൻ ഒരിക്കലും മറക്കുകയില്ല, നിങ്ങൾ അപ്പച്ചനെയും മറക്കരുത്. എന്റെ മക്കളെല്ലാവരും നന്നായിവരും." ഞങ്ങൾ സഹോദരങ്ങളെ പരസ്പരം ഭരമേൽപ്പിക്കാനും അപ്പൻ മറന്നില്ല.

പ്രശ്നങ്ങൾക്കിടയിൽ പ്രാർഥനയാണ് താക്കോൽ എന്ന് ജീവിതത്തിൽ ഞങ്ങളെ പഠിപ്പിച്ചത് അപ്പനാണ്, ഇനിയും വായിച്ചു തീരാത്ത ഞങ്ങടെ മറ്റൊരു വേദപുസ്തകം! കണ്ണിൽ നിന്ന് മാഞ്ഞുപോയെങ്കിലും കൂപ്പിയ കൈകളുമായി അപ്പനവിടെയുണ്ട് എന്നത് തന്നെയാണ് ഞങ്ങടെ ധൈര്യവും.




**ജെറിൻ വാകയിൽ ഇന്ത്യയുടെ സ്വന്തം കാർലോ**
ദയ

ദൈവത്തിന്റെ കാറ്റ് കവർന്നെടുത്ത ജെറിനെക്കുറിച്ച് തെല്ലും പരിഭവമില്ല. എടുത്തതെല്ലാം കാറ്റിന് അവകാശപ്പെട്ടത്, നന്ദി മാത്രമേയുള്ളൂ കാറ്റിന്റെ അമൂല്യമായ ദാനങ്ങൾക്ക്. ഒരു സംഗീതം തന്നല്ലോ? ജീവന്റെ രാഗം പിന്നെയൊരു ഗീതമാകുന്നു, നാദമാകുന്നു, മൃദുമർമരമാകുന്നു. ദൈവത്തിന്റെ കാറ്റുമീട്ടിയ സങ്കീർത്തനം പോലെ.

₹ 100/-




**വെള്ളിത്താരകവും മരക്കുരിശും**
ബിഷപ്പ് ഡോ. അലക്സ് വടക്കുംതല

ഇപ്പോൾ എന്റെ കൈയിലുള്ളത് ബിഷപ്പ് ഡോ. അലക്സ് വടക്കുംതലയുടെ 'വെള്ളിത്താരകവും മരക്കുരിശും' ആണ്. ഒന്നിലധികം തവണ ഈ മഹത് ഗ്രന്ഥം ഞാൻ വായിച്ചു. എന്നെ ഏറെ സ്വാധീനിച്ചു. ക്രൈസ്തവ സഭകളിലെ ഒരു വിഭാഗത്തിന് വേണ്ടി മാത്രം രചിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമല്ല ഇത്. വായിക്കാൻ കഴിയുന്ന എല്ലാവർക്കും വേണ്ടിയുള്ളതാണ്.
*(ടി. പത്മനാഭൻ)*

₹ 100/-

# ജീവിതത്തെ ഉണർത്തുന്നു, ഒന്നൊന്നായി ഓരോ പുസ്തകവും !




**ദൈവത്തിന്റെ മൗനം**
ശശി ഇമ്മാനുവേൽ

ഉടനീളം ദർശനത്തിന്റെ അഭിഷേകമുള്ള പുസ്തകം. ദൈവാത്മാവ് നയിക്കുന്ന ഒരു വ്യക്തിക്ക് മാത്രമേ ഇപ്രകാരമുള്ള വ്യക്തമായ ഒരു ദർശനം മനുഷ്യന് നൽകാൻ സാധിക്കൂ. പരിശുദ്ധാത്മാവിന്റെ കൈയൊപ്പുള്ള രചനയെന്ന് നിസ്സംശയം പറയാൻ കഴിയുന്ന പുസ്തകം.


₹ 200/-




**അബ്ബാ ഹൃദയം**
നീൽ ലൊസാനോ
പരിഭാഷ: ജോസ് ജേക്കബ്

പിതാവായ ദൈവത്തിന്റെ ആർദ്രമായ സ്നേഹത്തിലേക്ക് മക്കൾക്കടുത്ത സ്വാതന്ത്ര്യത്തോടെയുള്ള ഒരു കടന്നുചെല്ലൽ. സൗഖ്യം നൽകുന്ന ആശ്ലേഷത്തിന്റെയനുഭവം.

₹ 300/-




**കാറ്റ് വീശുന്ന വഴികൾ**
ഡോ. എഡ്വേർഡ് എടേഴത്ത്

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിലൊരാളും അതിന്റെ ദർശനങ്ങളും കാഴ്ചപ്പാടുകളും രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിക്കാൻ ദൈവം ഉപയോഗിച്ചവരിൽ പ്രമുഖനുമായ ഡോ. എഡ്വേർഡ് എടേഴത്ത്, ജീസസ് യൂത്ത് ജീവിതരീതികൾ രൂപപ്പെട്ടത് എങ്ങനെയെന്ന് വ്യക്തമാക്കുകയാണ് ഈ ഗ്രന്ഥത്തിൽ. മുന്നേറ്റത്തിലെ വിവിധ തലങ്ങളിൽ ബന്ധപ്പെടുന്ന ഏവർക്കും ഈ പുസ്തകം ഏറെ സഹായകമാകും.

₹ 140/-



യുവ/യൂത്ത് ക്ലാസ്സ് - ബിലാസ് ജോസഫ്, പാലാ

# ഇന്റർവ്യൂ

# FAKE Vs REAL



എന്റെ ഒരു സ്ഥാപനത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ പുതിയ ഉദ്യോഗാർഥികൾക്കായി ഇന്റർവ്യൂ നടന്നു. പല യുവജനങ്ങളെയും നേരിൽ കാണാനും, അവരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും കേൾക്കാനും എനിക്കവസരം ലഭിച്ചു. ആ ദിവസങ്ങൾ എന്നെ വലിയ വിഷമത്തിലാക്കിയത് യോജിച്ച കഴിവുകളുള്ള യുവജനങ്ങൾ പോലും അനേകം കാര്യങ്ങൾ ആവശ്യമില്ലാതെ കുത്തി നിറച്ച അപേക്ഷകളുമായിട്ടായിരുന്നു വന്നത്.

പല കാൻഡിഡേറ്റുകളും അവരുടെ റെസ്യൂമേകൾ തയ്യാറാക്കിയിരുന്നത് സത്യത്തെ അലങ്കരിച്ച്, ചിലപ്പോൾ സത്യത്തെ മറച്ചുകൊണ്ടുമായിരുന്നു. ചിലരോട് ചെറിയ ചോദ്യങ്ങൾ ചോദിച്ചപ്പോൾ, അവരുടെ മറുപടികളിൽനിന്നു വ്യക്തമായി മനസ്സിലായി അതവരുടെ ജീവിതാനുഭവമോ കഴിവുകളോ അല്ല, മറിച്ച് ഇന്റർവ്യൂവിനുവേണ്ടി മാത്രം തയ്യാറാക്കിയ ഒരു പേപ്പർ റെസ്യുമേ വ്യക്തിത്വം മാത്രമാണെന്ന്. അവിടെ യഥാർഥത്തിൽ കണ്ടത് കഴിവുകളുടെ നീണ്ട ലിസ്റ്റല്ല മറിച്ച്, സത്യസന്ധതയുടെ കുറവായിരുന്നു.

ഒരു യുവാവ് വലിയ ആത്മവിശ്വാസത്തോടെ സംസാരിച്ചു. അവന്റെ റെസ്യൂമേയിൽ നിരവധി കഴിവുകൾ. പക്ഷേ ഒരു ലളിതമായ ചോദ്യത്തിൽ അവൻ നിശ്ശബ്ദനായി. അവൻ ഒടുവിൽ പറഞ്ഞു: "Sir... I just added that to get selected." ആ നിമിഷം അവനെ ഞാൻ കുറ്റപ്പെടുത്തിയില്ല. പകരം, "സത്യം പറഞ്ഞാൽ താൻ തോറ്റുപോകുമോ?" എന്ന ഭയം അവനിൽ കണ്ടു.

## FAKING : വിജയത്തിന്റെ വഴിയോ?

ഇന്ന് ലോകം നമ്മോട് പറയുന്നത്: 'സ്മാർട്ട് ആകൂ' 'ഇംപ്രസ് ചെയ്യൂ' എന്നെല്ലാമാണ്. പക്ഷേ, ബൈബിൾ നമ്മോട് പറയുന്നു: "നിങ്ങളുടെ പഴയ ജീവിതരീതിയിൽനിന്നു രൂപംകൊണ്ട വഞ്ചനനിറഞ്ഞ ആസക്തി കളാൽ കലുഷിതനായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ. വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയൽക്കാരോടു സത്യം സംസാരിക്കണം" (എഫേ 4, 22-25).

നാം ചെയ്യുന്ന ചില കള്ളത്തരങ്ങൾ നമ്മെ മുന്നോട്ട് കൊണ്ടുപോകുന്ന പോലെ തോന്നും. പക്ഷേ, അത് നമ്മുടെ അടിത്തറതന്നെ തകർക്കും. കള്ളം പറഞ്ഞ് ജോലി നേടാം. പക്ഷേ, പിന്നെയെന്തെന്ന് ചിന്തിച്ചി ട്ടുണ്ടോ? പേടി, സമ്മർദം, എപ്പോഴും എക്സ്പോസ്ഡ് ആകുമോ എന്ന ഭയം ഇതെല്ലാം നമ്മെ വേട്ടയാടിക്കൊണ്ടേയിരിക്കും. യേശു പറയുന്നു: ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്തു പ്രയോജനം?" (മർക്കോ 8, 36).

**ഒരു യുവാവ് വലിയ ആത്മവിശ്വാസത്തോടെ സംസാരിച്ചു. അവന്റെ റെസ്യൂമേയിൽ നിരവധി കഴിവുകൾ. പക്ഷേ, ഒരു ലളിതമായ ചോദ്യത്തിൽ അവൻ നിശ്ശബ്ദനായി.**

## സത്യം: ക്രിസ്തീയ ജീവിതത്തിന്റെ ഹൃദയം

യേശു നമ്മോട് വ്യക്തമായി പറയുന്നു: "വഴിയും സത്യവും ജീവനും ഞാനാണ്" (യോഹ 14, 6). അതിനാൽ, സത്യം ഒരാശയം മാത്രമല്ല; അത് ക്രിസ്തുവിന്റെ സ്വഭാവമാണ്. സത്യത്തിൽ ജീവിക്കുന്നത് യഥാർഥത്തിൽ, ക്രിസ്തുവിൽ ജീവിക്കുന്നതാണ്. വിശുദ്ധ അഗസ്റ്റിൻ ഓർമിപ്പിക്കുന്നു: "കള്ളം പറയുന്നവൻ മറ്റൊരാളെ മാത്രമല്ല വഞ്ചിക്കു ന്നത്; തന്നെത്തന്നെയാണ് വഞ്ചിക്കുന്നത്." അതുപോലെ, വിശുദ്ധ ജോൺ ബോസ്കോ യുവജനങ്ങളോട് പറയുന്നു: "നല്ല ക്രിസ്ത്യാ നിയും നല്ല പൗരനുമാകുക, സത്യസന്ധതയിൽ തുടങ്ങുക." വിശുദ്ധ ജോൺ പോൾ രണ്ടാമൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു: "സത്യം



എളുപ്പമല്ല; പക്ഷേ, അത് നിങ്ങളെ സ്വതന്ത്രരാക്കും." ഇതെല്ലാം ചേർന്നു നമ്മെ ഒരു ലളിതമായ സത്യത്തിലേക്ക് നയിക്കുന്നു: സത്യത്തിൽ നിൽക്കുന്നത് എപ്പോഴും എളുപ്പമല്ല; പക്ഷേ, അതാണ് ശരിയായ വഴി. അതുകൊണ്ടാണ് യേശു നമ്മെ പഠിപ്പിക്കുന്നത്: "നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളതു ദുഷ്ടനിൽനിന്നു വരുന്നു" (മത്താ 5, 37). ഇത് വെറും ഒരു ഉപദേശം മാത്രമല്ല ഒരു ജീവിതരീതിയാണ്, സത്യത്തിൽ ഉറച്ചു നിൽക്കുന്ന ഒരു ക്രിസ്തീയ ജീവിതം.

ഇന്റർവ്യൂ കഴിഞ്ഞ് ഒരു യുവതി എന്നെ സമീപിച്ചു ചോദിച്ചു: "Sir... I didn't clear... but I told only what I truly know." അവളുടെ മുഖത്ത് നിരാശയുണ്ടായിരുന്നു. പക്ഷേ, അവളുടെ കണ്ണുകളിൽ ഒരു സമാധാനം ഉണ്ടായിരുന്നു. ആ സമാധാനം ഒരു ജോലിയേക്കാൾ വിലയേറിയതാണ്. സത്യം പറയുന്നവർക്ക് ചിലപ്പോൾ അവസരം നഷ്ടപ്പെടാം. പക്ഷേ, അത് അവസാനമല്ല. സത്യം വൈകിയാലും വിജയിക്കും. പക്ഷേ അത് ഒരിക്കലും തോറ്റുപോകില്ല. സത്യമെന്നത് വൈകി കൈവരുന്ന സുനിശ്ചിത വിജയം തന്നെയാണ്.

**സത്യം വൈകിയാലും വിജയിക്കും. പക്ഷേ, അത് ഒരിക്കലും തോറ്റുപോകില്ല. സത്യമെന്നത് വൈകി കൈവരുന്ന സുനിശ്ചിത വിജയം തന്നെയാണ്.**

## ചില പ്രായോഗിക നിർദേശങ്ങൾ


ഇന്റർവ്യൂവിൽ നമ്മൾ ചെയ്യേണ്ടത് വളരെ ലളിതമാണ്. അറിയാത്ത കാര്യങ്ങൾ മറയ്ക്കാൻ ശ്രമിക്കാതെ തുറന്ന് പറയുക. എല്ലാം അറിയുന്നവനായി അഭിനയിക്കുന്നതിനുപകരം, പഠിക്കാൻ തയ്യാറാണെന്ന് ആത്മവിശ്വാസത്തോടെ പറയുക. ഒരു ഫേക്ക് ഇമേജ് ഉണ്ടാക്കി ഇംപ്രെസ്സ് ചെയ്യാൻ ശ്രമിക്കുന്നതിനേക്കാൾ, യഥാർഥമായ സ്വഭാവത്തിൽ നിൽക്കുന്നതാണ് കൂടുതൽ വിലപ്പെട്ടത്. അതിനൊപ്പം, നമ്മൾ ചെയ്യുന്ന ശ്രമങ്ങൾ ദൈവത്തിന് സമർപ്പിച്ച്, അവനിൽ വിശ്വാസം വച്ചാൽ, ശരിയായ അവസരം അവൻ തന്നെയാണ് നമുക്കായി ഒരുക്കുക. "ദൈവമേ, അങ്ങയിൽ ഞാൻ ആശ്രയിക്കുന്നു; ഞാൻ ഒരിക്കലും ലജ്ജിതനാകാതിരിക്കട്ടെ! ശത്രുക്കൾ എന്റെമേൽ വിജയംആഘോഷിക്കാതിരിക്കട്ടെ!" (സങ്കീ 25, 2).

ജീവിതത്തിൽ പല ഇന്റർവ്യൂകളും വരും. പക്ഷേ, ഏറ്റവും വലിയ ഇന്റർവ്യൂ നിന്റെ മനസ്സാക്ഷിയോടാണ് അവിടെ കള്ളം പറയാൻ കഴിയില്ല. ചിലപ്പോൾ സത്യം പറഞ്ഞതിനാൽ ചില അവസരങ്ങൾ നമ്മൾ നഷ്ടപ്പെടുത്താം. അപ്പോൾ മനസ്സ് ചോദിക്കും: "ഞാൻ സത്യം പറഞ്ഞത് തെറ്റായോ?" പക്ഷേ, വിശ്വാസം നമ്മോട് പറയുന്നത് വേറെയാണ് സത്യം ഒരിക്കലും തോറ്റുപോകില്ല. അത് ചിലപ്പോൾ വൈകും; എന്നാൽ, ദൈവത്തിന്റെ സമയത്തിൽ തന്നെ വിജയിക്കും. ബൈബിൾ ഉറപ്പുനൽകുന്നു: "കർത്താവിൽ ആശ്രയിക്കുന്നവർ നിരാശരാകുകയില്ല" (റോമ 10, 11). കൂടാതെ "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടന്നു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ" (റോമ 8, 28). അതുകൊണ്ട്, ഒരു അവസരം നഷ്ടപ്പെട്ടാലും അത് അവസാനമല്ല; ദൈവം നിനക്കായി പുതിയ വാതിലുകൾ തുറക്കാൻ സന്നദ്ധനാണ്.

"നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു. ഇതാ, നിന്റെ മുമ്പിൽ ആർക്കും പൂട്ടാൻ കഴിയാത്തവിധം തുറന്നുകിടക്കുന്ന ഒരു വാതിൽ ഞാൻ സ്ഥാപിച്ചിരിക്കുന്നു" (വെളി 3, 8). നീ സത്യത്തിൽ ഉറച്ചു നിൽക്കുമ്പോൾ, ദൈവം നിനക്കായി ശരിയായതും മികച്ചതുമായ വഴികൾ ഒരുക്കും. അതിനാൽ, പ്രിയ യുവജനങ്ങളേ, ഒരു ഇന്റർവ്യൂവിൽ തോറ്റാലും സത്യം നഷ്ടപ്പെടുത്തരുത്. നിന്റെ സത്യസന്ധത ദൈവത്തിന്റെ കൈകളിൽ ഏൽപിക്കൂ; അവൻ അതിനെ അനുഗ്രഹമായി തിരികെ നൽകും. നിന്റെ ഹൃദയം, നിന്റെ വാക്കുകളിലും പ്രവൃത്തികളിലും പ്രതിഫലിക്കട്ടെ. അങ്ങനെ നിന്നിലുള്ള ക്രിസ്തുവിനെ മറ്റുള്ളവർ തിരിച്ചറിയട്ടെ.

***ബിലാസ് ജോസഫ്: മോട്ടിവേഷണൽ സ്പീക്കർ, അധ്യാപകൻ, കത്തോലിക്ക റിസോഴ്സ് പേഴ്സൺ, ഭാര്യയോടും ആറു മക്കളോടുമൊപ്പം പാലായിൽ താമസം.***

# 'അഗ്നിരഥത്തിലേറിയവർ' പുസ്തകം പ്രകാശനം ചെയ്തു




2001 മാർച്ച് 11 ന് മലപ്പുറം പൂക്കിപ്പറമ്പ് ബസ് അപകടത്തിൽ കത്തിയെരിഞ്ഞ അഞ്ച് യുവ മിഷണറിമാരുടെ മിഷൻ തീക്ഷ്ണത വിവരിക്കുന്ന 'അഗ്നിരഥത്തിലേറിയവർ' എന്ന ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് പ്രകാശനം ചെയ്തു. അനുഗൃഹീത എഴുത്തുകാരനും മോട്ടിവേഷനൽ സ്പീക്കറുമായ ജേക്കബ് കോച്ചേരി എഴുതിയ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത് കെയ്റോസ് മീഡിയയാണ്.

മാർച്ച് 14ന് കോഴിക്കോട് കൂരാച്ചുണ്ട് സെന്റ് തോമസ് ഓഡിറ്റോറിയത്തിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. തോമസ് തറയിൽ മുഖ്യ പ്രഭാഷണം നടത്തി. ഫാ. ജോസഫ് വയലിൽ പുസ്തകത്തിന്റെ പ്രതി സിസ്റ്റർ ഡാഫ്നിക്ക് നൽകിയാണ് പ്രകാശനം നിർവഹിച്ചത്. ഫാ. രാജേഷ് വയലുങ്കൽ, ഫാ. സന്തോഷ് ചുവപ്പുങ്കൽ, ഡോ. മിഥുൻ പോൾ, ഗോഡ്വിൻ ഇഗ്നേഷ്യസ്, റെജി കരോട്ട്, ജോഷി കണ്ടത്തിൽ, അമൻ ജോയ് എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ കേരളമെമ്പാടും നിന്നുള്ള ജീസസ് യൂത്ത് അംഗങ്ങൾ പങ്കെടുത്തു.

ഇടുക്കി രാജമുടി ഇടവകയിൽ സുവിശേഷ പ്രഘോഷണം കഴിഞ്ഞ് മടങ്ങവേ ഇവർ സഞ്ചരിച്ചിരുന്ന ബസ് മറിഞ്ഞ്



തീ പിടിച്ച സംഭവത്തിൽ 44 പേർ മരണമടഞ്ഞിരുന്നു. അതിൽ ഉണ്ടായിരുന്ന അഞ്ച് ജീസസ് യൂത്ത് അംഗങ്ങൾ **(റോയി ജോസഫ്, റീന ബാസ്റ്റിൻ, ബിന്ദു ദേവസ്യ, ഷിജി തോമസ്, രജനി മാത്യു)** സ്വർഗം പൂകിയതിന്റെ ഇരുപത്തിയഞ്ചാം വർഷത്തിൽ അവരുടെ ഓർമ പുതുക്കുന്നതിന് ജീസസ് യൂത്തിന്റെ മാധ്യമ വിഭാഗമായ കെയ്റോസ് മീഡിയ പ്രസിദ്ധീകരിച്ചിരിക്കുന്ന 120 പേജുള്ള പരിഷ്കരിച്ച രണ്ടാം പതിപ്പാണ് പ്രകാശനം ചെയ്തത്.



**രാഷ്ട്രീയവും വിശ്വാസവും - ജോബി ബേബി, കുവൈറ്റ്**

ബോക്സിങ് റിങ്ങിൽ എതിരാളികളെ മലർത്തിയടിക്കുന്നതുപോലെ 'അപ്രതീക്ഷിത പഞ്ചിൽ' പോളണ്ടിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ വിജയിച്ച അടിയുറച്ച കത്തോലിക്ക വിശ്വാസിയാണ് കരോൾ നവ്റോക്കി. നാൽപത്തിരണ്ടുകാരനായ കരോൾ നവ്റോക്കി പരമ്പരാഗത കത്തോലിക്ക മൂല്യങ്ങൾക്കും സാംസ്കാരിക, രാഷ്ട്രീയ യാഥാസ്ഥിതികതയ്ക്കും ശക്തമായ മുൻതൂക്കം നൽകുന്ന വ്യക്തികൂടിയാണ്.

**വിജയ പ്രസംഗം**

പ്രസിഡന്റ് തിരഞ്ഞെടുപ്പ് പ്രചാരണ വേളയിലും അതിനുശേഷവും അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്. അദ്ദേഹത്തിന്റെ സന്ദേശങ്ങളിൽ ഭൂരിഭാഗവും പോളണ്ടിന്റെ, അടിസ്ഥാനമായി ക്രിസ്ത്യൻ മൂല്യങ്ങളെ മുറുകെ പിടിക്കാനുള്ള തന്റെ പ്രതിബദ്ധത എടുത്തുക്കാണിച്ചായിരിന്നു. ക്രൈസ്തവ വിശ്വാസത്തെ ദേശീയ സംസ്കാരത്തിന്റെ മൂലക്കല്ലായി താൻ കാണുന്നുവെന്നും ക്രൈസ്തവ മൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ് താൻ നല്ലതായി കാണപ്പെടുന്നതെന്നും പോളിഷ് സർക്കാരും കത്തോലിക്കാ സഭയും തമ്മിൽ അടുത്ത ബന്ധം നിലനിർത്തുമെന്നും വിജയത്തിനു പിന്നാലെ അദ്ദേഹം പറഞ്ഞു. ഓഫീസുകളിൽ നിന്ന് കുരിശുകൾ നീക്കം ചെയ്യുന്നത് ഉൾപ്പെടെ പൊതു ഇടങ്ങ

# കരോൾ നവ്റോക്കി

## **Karol Nawrocki -** President of Poland



ളിൽ ക്രിസ്ത്യൻ ചിഹ്നങ്ങളെയും മൂല്യങ്ങ ളെയും മാറ്റി നിർത്താനുള്ള നീക്കങ്ങളിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. ഗർഭധാരണം മുതൽ സ്വാഭാവിക മരണം വരെ ജീവൻ സംരക്ഷിക്കണമെന്ന കത്തോലിക്ക പ്രബോധ നത്തെ കേന്ദ്രമാക്കി ഗർഭച്ഛിദ്രത്തെ ഉൾപ്പടെ എതിർത്തും അദ്ദേഹം സന്ദേശം നൽകി. പോളണ്ട് ഒരു ക്രിസ്ത്യൻ രാഷ്ട്രമായി തുടർ ന്നില്ലെങ്കിൽ രാഷ്ട്രത്തിന് നിലനിൽപ്പില്ല. ഇത് നമ്മുടെ ഉത്തരവാദിത്വവും കടമയുമാണ്.

ആയിരത്തിൽപരം വർഷങ്ങളായി തുടരുന്ന ക്രിസ്ത്യൻ പൈതൃകത്തിന്റെ ആകെത്തുക യാണ് നമ്മളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ക്രിസ്തുവിനെ കൂടാതെ മനുഷ്യന് സ്വയം മനസ്സിലാക്കാൻ കഴിയില്ലെന്ന പോളണ്ടുകാര നായ മുൻ പാപ്പ വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ വാക്കുകൾ അദ്ദേഹം ഉദ്ധരിച്ചു. മനുഷ്യന് താൻ ആരാണെന്നും, തന്റെ ജീവിതലക്ഷ്യം എന്താണെന്നും ക്രിസ്തുവിനെ കൂടാതെ അറിയാൻ കഴിയില്ലെന്നു അദ്ദേഹം ഓർമിപ്പിച്ചു. ദൈവത്തിന്റെ കൽപനകൾ പിന്തുടരാത്തതാണ് ഇന്നത്തെ ലോകത്തിലെ എല്ലാ നിർഭാഗ്യത്തിന്റെയും കാരണം. എല്ലാവരും ദൈവത്തിന്റെ കൽപനകൾ അനുസരിക്കുകയാണെങ്കിൽ ലോകത്ത് ദൗർഭാഗ്യം ഉണ്ടാകില്ല. അതുപോലെ തന്നെ

**ആധുനിക പോളിഷ് ചരിത്രത്തിൽ ഗവേഷണം നടത്തുകയും നാസി അധിനിവേശ കാലഘട്ടത്തിലെയും കമ്യൂണിസ്റ്റ് കാലഘട്ടത്തിലെയും മറ്റും കുറ്റകൃത്യങ്ങളെക്കുറിച്ച് അന്വേഷിക്കുകയും ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാഷണൽ റിമെമ്പറൻസിന്റെ പ്രസിഡന്റായ നവ്റോക്കി നിരവധി പ്രവർത്തന ങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടത്തിപ്പോന്നത്.**

ക്രിസ്ത്യൻ മൂല്യങ്ങളെ വലിച്ചെറിയുന്നവർ മാത്രമല്ല, ക്രിസ്ത്യൻ മൂല്യങ്ങൾക്കു വിരുദ്ധ മായി പൊരുതുന്നവരും പോളണ്ടിന്റെ അടിസ്ഥാനം അറിയാത്തവരാണ്. റഷ്യയ്ക്കും, ജർമനിക്കുമിടയിലുള്ള മഹത്തായ രാഷ്ട്രമായ പോളണ്ടിലെ എല്ലാവരും ക്രിസ്ത്യൻ മൂല്യ ങ്ങളെ വലിച്ചെറിഞ്ഞവരായിരുന്നാൽ ഇന്ന് പോളിഷ് ജനത റഷ്യൻ ഭാഷയോ ജർമൻ ഭാഷയോ സംസാരിക്കുന്നവർ മാത്രമായിരു ന്നേനെയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പോളണ്ടിന്റെ ക്രിസ്ത്യൻ പൈതൃകവും സ്വത്വവും ചൂണ്ടിക്കാട്ടി നിരവധി തവണ അദ്ദേഹം സന്ദേശം നല്കിയിട്ടുണ്ട്. പോള ണ്ടിന്റെ ആദ്യ ഭരണാധികാരിയായ മിയസ് കോ ഒന്നാമൻ മാമ്മോദീസ മുങ്ങിയ എ.ഡി 966 മുതലാണ് പോളണ്ടിന്റെ ക്രിസ്തീയവ ത്ക്കരണം ആരംഭിച്ചത്. ഇന്ന് പോളിഷ് ജനത യിലെ 84% പേരും ക്രൈസ്തവരാണ്. ഇതിൽ ഭൂരിഭാഗവും കത്തോലിക്ക വിശ്വാ സികളാണ്.

### ഹോട്ടൽ സെക്യൂരിറ്റി ഉദ്യോഗസ്ഥനിൽ നിന്നും ഗുസ്തി താരത്തിലേക്ക്

ഹോട്ടൽ സെക്യൂരിറ്റി ഉദ്യോഗസ്ഥനിൽ നിന്നും ബോക്സിങ് റിങ്ങിലേക്കും പിന്നീട് ചരിത്രകാ രനിലേക്കുമെത്തിയ നീണ്ട കഥയുണ്ട് നവ്റോ ക്കിക്ക് പറയാൻ. പക്ഷേ, അപ്പോഴും തന്റെ യാഥാസ്തിക നിലപാടുകളെയും വിശ്വാസ ത്തെയും ദേശീയതയെയും നവ്റോക്കി മുറുകെ പിടിച്ചു. ആധുനിക പോളിഷ് ചരിത്ര ത്തിൽ ഗവേഷണം നടത്തുകയും നാസി അധിനിവേശ കാലഘട്ടത്തിലെയും കമ്യൂണിസ്റ്റ് കാലഘട്ടത്തിലെയും മറ്റും കുറ്റകൃത്യങ്ങളെ ക്കുറിച്ച് അന്വേഷിക്കുകയും ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാഷണൽ റിമെമ്പറൻ സിന്റെ പ്രസിഡന്റായ നവ്റോക്കി നിരവധി പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടത്തിപ്പോന്നത്. 2022ൽ റഷ്യ യുക്രൈനെ തിരെ പൂർണ തോതിലുള്ള ആക്രമണം നടത്തിയശേഷം പോളണ്ടിലെ സോവിയറ്റ് കാലഘട്ടത്തിലെ സ്മാരകങ്ങൾ നീക്കം ചെയ്യുന്നതിന് നവ്റോക്കിയുടെ നേതൃത്വത്തി ലായിരുന്നു മേൽനോട്ടം. നമ്മുടെ ചരിത്രം നശിപ്പിച്ചവരെ കൺമുന്നിൽ പോലും വേണ്ടെ ന്നായിരുന്നു നവ്റോക്കിയുടെ നിലപാട്. ഹ്യൂമനിറ്റീസ് ഗവേഷകനായ നവ്റോക്കി തന്റെ ജന്മനാടായ ഡാൻസ്കിലെ രണ്ടാം ലോക മഹായുദ്ധ കാലത്തെ മ്യൂസിയത്തി ന്റെയും ചുമതലക്കാരനായിരുന്നു. യുദ്ധത്തിൽ പോളണ്ടുകാർ അനുഭവിച്ച ദുരന്തത്തിന്റെ നേർചിത്രമായി മ്യൂസിയത്തെ മാറ്റിയെടുക്കുന്നതിലും നവ്റോക്കി നിർണാ യക പങ്കുവഹിച്ചു. പോളിഷ് ചരിത്രത്തെ തന്റെ ദേശീയ താത്പര്യത്തോടെയുള്ള പൊളിച്ചെഴുത്ത് എന്നാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാഷണൽ റിമെമ്പറൻസിന്റെയും മ്യൂസിയ ത്തിന്റെയും നവ്റോക്കി കാലഘട്ടത്തെ പിന്നീട് ഗവേഷകർ വിശേഷിപ്പിച്ചത്.

### ഗർഭച്ഛിദ്രത്തെയും സ്വവർഗരതിയെയും എതിർത്ത രാഷ്ട്രീയക്കാരൻ

രാജ്യത്ത് ഗർഭച്ഛിദ്ര നിയമം ഉദാരമാക്കണ മെന്ന ആവശ്യം ഏറെനാളായി ഉയർന്നുവരു ന്നതാണ്. പക്ഷേ, ഇതിനോട് നിഷേധാത്മക നിലപാടായിരുന്നു നവ്റോക്കി മുന്നോട്ടുവച്ചി രുന്നത്. 2021ന് മുമ്പുണ്ടായിരുന്ന ഗർഭച്ഛിദ്ര ഒത്തുതീർപ്പ് പുനഃസ്ഥാപിക്കാൻ ലക്ഷ്യമിടുന്ന ഏതൊരു നിയമനിർമാണത്തെയും താൻ വീറ്റോ ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി യിരുന്നു. ഇതിന് പുറമേ ഗർഭച്ഛിദ്ര ഒത്തു തീർപ്പ് തിരികെ കൊണ്ടുവരുന്ന ഒരു നിയമ ത്തിലും താൻ ഒപ്പിടില്ലെന്ന നിലപാടും നവ്റോക്കി കൈക്കൊണ്ടിരുന്നു. അമ്മയുടെ ജീവനോ ആരോഗ്യത്തിനോ അപകടകരമാ ണെങ്കിലോ അല്ലെങ്കിൽ ബലാത്സംഗം, അവിഹിത ബന്ധം പോലുള്ള ക്രിമിനൽ പ്രവൃത്തിയിൽ നിന്നോ ആണ് ഗർഭം ധരിച്ച തെങ്കിൽ മാത്രമാണ് നിലവിൽ പോളണ്ടിൽ ഗർഭച്ഛിദ്രത്തിന് അനുമതി ലഭിക്കുക. ഈ കർശന വ്യവസ്ഥകൾ മുന്നോട്ടുകൊണ്ടു പോകുമെന്ന അഭിപ്രായം വലിയ എതിർ പ്പിനും വഴിവച്ചിരുന്നു.

സമാനമാണ് സ്വവർഗരതിയുടെ കാര്യത്തിലും നവ്റോക്കിയുടെ നിലപാട്. പോളണ്ടിൽ ആണ് / പെണ്ണ് എന്നീ രണ്ട് വിഭാഗങ്ങൾ മാത്രമാണുള്ളതെന്നും മറിച്ചുള്ള എന്ത് കാഴ്ചപ്പാടിനെയും അംഗീകരിക്കില്ലെന്നു മായിരുന്നു നവ്റോക്കി വ്യക്തമാക്കിയത്. ആണും പെണ്ണും തമ്മിലുള്ള ഒന്നിക്കലെ ന്നാണ് ഭരണഘടനപോലും വിവാഹത്തെ വിലയിരുത്തുന്നതെന്നും അതനുസരിച്ച് മാത്രമേ പ്രവർത്തിക്കുകയുള്ളൂവെന്നും നവ്റോക്കി ചൂണ്ടിക്കാട്ടിയിരുന്നു. സമഗ്ര ലൈംഗിക വിദ്യാഭ്യാസം ഉൾക്കൊള്ളുന്ന, പ്രത്യേകിച്ച് ലിംഗ സ്വത്വം, ലൈംഗിക ആഭിമുഖ്യം പോലുള്ള വിഷയങ്ങളെ അഭിസം ബോധന ചെയ്യുന്ന വിദ്യാഭ്യാസപരമായ പദ്ധതികളെയും നവ്റോക്കി ശക്തമായി എതിർത്തിരുന്നു. അത് കുട്ടികളെ 'ലൈം ഗികവത്ക്കരിക്കുമെന്നും' മാതാപിതാക്കളുടെ അവകാശങ്ങളെ ലംഘിക്കുമെന്നും അവകാ ശപ്പെട്ടുകൊണ്ട് മുൻ സർക്കാരിന്റെ ആരോഗ്യ വിദ്യാഭ്യാസ പാഠ്യപദ്ധതിക്കെതിരായ പ്രതിഷേധങ്ങളിലും അദ്ദേഹം പങ്കെടുത്തു.

***ലേഖകൻ കുവൈറ്റിൽ നഴ്സായി ജോലി ചെയ്യുന്നു.***

# ജീവിതം ആഘോഷമാകാൻ!

ഞാൻ ജനിച്ചത് ഒരു ടിപ്പിക്കൽ കത്തോലിക്കാ കുടുംബത്തിൽ ആയിരുന്നു. അതുകൊണ്ടുതന്നെ പപ്പയും മമ്മിയുമൊക്കെ വിശ്വാസം പകർന്നു തരുകയും എന്നും രാവിലെ കുർബാനയ്ക്കു പോകാൻ നിർബന്ധിക്കുകയും ചെയ്യുമായിരുന്നു. വ്യക്തിപരമായി താത്പര്യമില്ലെങ്കിലും അവരുടെ നിർബന്ധംകൊണ്ട് ഞാൻ രാവിലെ കുർബാനയ്ക്ക് പോകുമായിരുന്നു. പിന്നീട് ആദ്യകുർബാന സ്വീകരണത്തിനു ശേഷം അൾത്താര ബാലനായി ശുശ്രൂഷ ചെയ്യാനൊക്കെ തുടങ്ങിയെങ്കിലും വ്യക്തിപരമായി ഈശോ ആരാണെന്നും എങ്ങനെയാണെന്നുമൊക്കെയുള്ള അനുഭവം ഒന്നും ഉണ്ടായിരുന്നില്ല എന്നെ സംബന്ധിച്ച് ഈശോ എന്ന് പറയുന്നത് പള്ളിയുടെ നാല് ചുമരുകൾക്കുള്ളിൽ അല്ലെങ്കിൽ സക്രാരിയുടെ ഉള്ളിൽ വസിക്കുന്ന ഒരാളായിരുന്നു. പള്ളി വിട്ട് പുറത്തുപോകുമ്പോൾ ഈശോ എന്റെ കൂടെ വരുന്നില്ല. ഈശോ പള്ളിയിൽ തന്നെയാണ് എന്നൊക്കെയായിരുന്നു എന്റെ ഉള്ളിലെ ചിന്ത. പക്ഷേ, പപ്പയും അമ്മയുമൊക്കെ പകർന്നുതന്ന വിശ്വാസം ഉള്ളിലുണ്ടായിരുന്നതുകൊണ്ട് എന്തെങ്കിലുമൊക്കെ ബുദ്ധിമുട്ട് വരുന്ന സമയത്ത് ഈശോയിൽ ആശ്രയിക്കാനുള്ള ഒരു ബോധം എനിക്ക് കിട്ടിയിട്ടുണ്ടായിരുന്നു.

പിന്നീട് അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന സമയത്തൊക്കെ ഞാൻ കണ്ണട ഉപയോഗിക്കുമായിരുന്നു. ഇടയ്ക്ക് കാഴ്ച പരിശോധനയ്ക്ക് പോകുമ്പോൾ കാഴ്ച കുറഞ്ഞു വരുന്നതായി അറിയാൻ സാധിച്ചു. അങ്ങനെ പ്ലസ്ടുവിന് പഠിക്കുന്ന സമയത്താണ് വിശദമായ ഒരു ടെസ്റ്റ് നടത്തുന്നത്. ആ സമയത്താണ് റെറ്റിന പിഗ്മെന്റോസ എന്നൊരസുഖം എനിക്കുണ്ടെന്ന് ഡോക്ടർ പറയുന്നത്. പലപ്പോഴും ടെസ്റ്റിന് പോകുന്നത് ഞാൻ തന്നെയായിരുന്നതുകൊണ്ട് ഇതറിയുന്ന സമയത്തും ഡോക്ടറിന്റെ അടുത്ത് ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതിന്റെ ലക്ഷണമെന്നു പറയുന്നത്, എല്ലാവർഷവും കാഴ്ചയുടെ 20% കുറഞ്ഞു കുറഞ്ഞു വരുന്നു എന്നുള്ളതാണ്. നാലോ അഞ്ചോ വർഷത്തിനുള്ളിൽ കാഴ്ചശക്തി പൂർണമായും നഷ്ടപ്പെടാൻ സാധ്യതയുള്ള ഒരു രോഗമാണ് ഇതെന്നും അദ്ദേഹം അറിയിച്ചു. പതിനേഴ് വയസ്സ് പ്രായമുള്ള എന്നെ സംബന്ധിച്ച് ഇതറിയുന്നത് വളരെ ബുദ്ധിമുട്ടുളവാക്കുന്നതായിരുന്നു.

അൾത്താര ശുശ്രൂഷിയായി സേവനം ചെയ്യുകയും പരിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും കുടുംബ പ്രാർഥനയിൽ പങ്കെടുക്കുകയും ഒക്കെ ചെയ്തിട്ടും ഇത്തരത്തിൽ നാലഞ്ചുവർഷം കൊണ്ട് എന്റെ കാഴ്ച ശക്തി പൂർണമായും എടുത്തു മാറ്റപ്പെടുന്ന ഒരു അവസ്ഥ എന്നെ സംബന്ധിച്ച് ഒരു ഷോക്കായിരുന്നു. കാരണം മുമ്പോട്ട് നോക്കുമ്പോൾ ജീവിതത്തിൽ ഇനി ഒന്നും ബാക്കിയില്ല, ഇരുട്ട് മാത്രം. കല്ലിന്മേൽ കല്ല് ശേഷിക്കാതെ തകർക്കപ്പെടുന്നു എന്നുള്ള ഒരവസ്ഥയിലായിരുന്നു ഞാൻ. നാലഞ്ചു വർഷത്തിനുള്ളിൽ കാഴ്ച പൂർണമായി നഷ്ടപ്പെടും എന്നുള്ള ആ ഒരു യാഥാർഥ്യം എനിക്ക് അക്സെപ്റ്റ് ചെയ്യാൻ പറ്റുന്നില്ലായിരുന്നു.

അങ്ങനെ പ്ലസ്ടു കഴിഞ്ഞ് എൻട്രൻസ് എക്സാമൊക്കെ എഴുതി ബാച്ലർ ഓഫ് ഫാർമസി എന്ന് പറയുന്ന ഒരു കോഴ്സ് പഠിക്കാനായി തമിഴ്നാട്ടിൽ ഈറോഡ് എന്ന സ്ഥലത്ത് ജോയിൻ ചെയ്തു. അവിടെ ചെന്നപ്പോൾ എനിക്ക് ഒട്ടും പരിചയമില്ലാത്ത ഭാഷ, ഭക്ഷണം, സാഹചര്യങ്ങൾ... എല്ലാം വളരെ വ്യത്യസ്തമായിരുന്നു. അതെല്ലാം അഡ്ജസ്റ്റ് ചെയ്യാൻ എനിക്ക് വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. ഞാൻ നാട്ടിൽ നിന്നും ജീസസ് യൂത്ത് മൂവ്മെന്റിലൂടെ വന്നിരുന്നതുകൊണ്ടും പരിശുദ്ധ കുർബാനയുമൊക്കെ ഉണ്ടായിരുന്നതുകൊണ്ടും ഈറോഡിൽ വന്നതിനു ശേഷവും ജീസസ് യൂത്ത് മുന്നേറ്റവുമായി ബന്ധപ്പെടാനും എനിക്ക് സാധിച്ചു. അങ്ങനെയിരിക്കെ ഒരിക്കൽ എന്റെ പഠനവുമായി ബന്ധപ്പെട്ട് റഫ് ആയി എഴുതിയിരുന്ന നോട്ട് മെയിൻ നോട്ട് ബുക്കിലേക്ക് എഴുതുന്നതിന് ശ്രമിക്കുന്നതിനിടയിൽ നോട്ട് ചെയ്തിരിക്കുന്നത് എനിക്ക് വായിക്കാൻ പറ്റാത്ത ഒരവസ്ഥ വരുന്നത് ഞാൻ കണ്ടു. തുടർന്ന് വീണ്ടും ഞാൻ ഡോക്ടറെ കാണാൻ ചെല്ലുകയും കാഴ്ചശക്തി കുറഞ്ഞുവരുന്ന അവസ്ഥ ഡോക്ടർ കൺഫേം ചെയ്യുകയും ചെയ്തു. കാഴ്ച കുറഞ്ഞു വരികയും അടുത്ത നാലഞ്ചു വർഷത്തിനുള്ളിൽ അതു പൂർണ



നാലോ അഞ്ചോ വർഷത്തിനുള്ളിൽ കാഴ്ചശക്തി പൂർണമായും നഷ്ടപ്പെടാൻ സാധ്യതയുള്ള ഒരു രോഗമാണ് ഇതെന്നും അദ്ദേഹം അറിയിച്ചു.

മായി ഇല്ലാതാവുകയും ചെയ്യുമെന്ന കാര്യം വീണ്ടും എന്നെ ഓർമപ്പെടുത്തി.

രണ്ടാം വർഷം പഠിക്കുന്ന സമയത്താണ് ഇങ്ങനെ ഉണ്ടായത്. സ്വാഭാവികമായും ബുദ്ധിമുട്ടുണ്ടാവുന്നതുകൊണ്ട് എക്സാമിന് ഞാൻ തോൽക്കുകയും ചെയ്തു. ഞാൻ പഠിച്ച യൂണിവേഴ്സിറ്റിയുടെ രീതിയനുസരിച്ച് മൂന്ന് വിഷയങ്ങളിൽ തോറ്റു കഴിഞ്ഞാൽ ഇയർ ബ്രേക്ക് ആവുകയും പിന്നീട് വീട്ടിലിരുന്ന് പഠിച്ച് ആറുമാസത്തിനുശേഷം വീണ്ടും എക്സാം എഴുതി, ജൂനിയേഴ്സിന്റെ കൂടെ കോഴ്സ് തുടരുകയും ചെയ്യാം. അങ്ങനെ അത്തരത്തിലുള്ള ഇയർബ്രേക്ക് കോളേജിൽ എനിക്കു മാത്രമായിരുന്നു കിട്ടിയത്. അന്നേരത്തൊക്കെ എന്റെ സുഹൃത്തുക്കൾ പലരും ചോദിക്കുമായിരുന്നു, ജീസസ് യൂത്ത് പരിപാടികളിൽ പോവുകയും പ്രാർഥിക്കുകയും ഞായറാഴ്ചകളിൽ കുർബാനയിൽ പങ്കെടുക്കുകയും ചെയ്തിട്ടും നിനക്കെന്താണ് ഇങ്ങനെ സംഭവിച്ചതെന്ന്. അവരോട് പറയാൻ മറുപടിയൊന്നും എനിക്കുണ്ടായിരുന്നില്ല.

വലിയൊരു ചോദ്യമായി ഇതെല്ലാം എന്റെയുള്ളിൽ അവശേഷിച്ചു.

പിന്നീട് ഞാൻ വീട്ടിൽ പോയി. കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ യൂണിവേഴ്സിറ്റിയിലെ ഇയർബ്രേക്ക് എന്ന സംവിധാനം നിർത്തലാക്കി. അതുപ്രകാരം അവസാനവർഷം ഇയർബ്രേക്ക് കിട്ടി പുറത്തുനിന്ന് പഠിച്ചുകൊണ്ടിരിക്കുന്നവർക്ക് റീജോയിൻ ചെയ്യാനായിട്ടുള്ള അവസരവുമുണ്ടായി. ഇതിലൂടെ എനിക്ക് ലഭിച്ച ഒരു അനുഭവം എന്ന് പറയുന്നത്, ഞാൻ പഠിച്ചിരുന്ന കോളേജിൽ ഇയർബ്രേക്ക് എടുത്ത് പുറത്തുപോയത് ഞാൻ മാത്രമായിരുന്നു. യൂണിവേഴ്സിറ്റിയുടെ റൂൾസ് മാറ്റിയപ്പോൾ ആ കോളേജിൽ എനിക്കുവേണ്ടി മാത്രമായി ഈശോ മാറ്റം കൊണ്ടുവന്നതും പഠനം തുടരാനും അനുവദിച്ചതുമൊക്കെ ഏറെ അത്ഭുതമുളവാക്കി. എനിക്കുവേണ്ടി യൂണിവേഴ്സിറ്റിയുടെ റൂൾസ് മാറ്റിമറിക്കാൻ ഈശോ അനുവദിച്ചത് എനിക്ക് വളരെ തിരിച്ചറിവുള്ളവാക്കിയ സന്ദർഭമായിരുന്നു. പക്ഷേ കുറച്ചുനാളുകൾ



കഴിഞ്ഞപ്പോൾ ഇയർബ്രേക്ക് സംവിധാനം നിർത്തലാക്കിയത് തെറ്റായിപ്പോയ ഒരു തീരുമാനമായി കണ്ടുകൊണ്ട് വീണ്ടും ആ സംവിധാനം നിലവിൽ വരുകയും ചെയ്തു. പക്ഷേ റീജോയിൻ ചെയ്ത വിദ്യാർഥികൾക്ക് പഠനം തുടരാൻ അനുവാദം ലഭിക്കുകയും ചെയ്തു. ഞാൻ തുടർന്ന് പഠനം ആരംഭിച്ചുവെങ്കിലും, ടെക്സ്റ്റ്ബുക്ക് എങ്ങനെ വായിക്കും, പരീക്ഷയിൽ ചോദ്യപേപ്പർ എങ്ങനെ വായിച്ചു പരീക്ഷയെഴുതും എന്ന വലിയൊരു ചോദ്യം എന്റെ മുന്നിൽ ഉയർന്നു നിന്നു.

ഈ നാളുകളിൽ ഞാൻ പഠിച്ചിരുന്നത് എന്റെ കൂട്ടുകാരോടൊപ്പം ഇരിക്കുകയും അവർ വായിച്ചു പഠിക്കുമ്പോൾ അല്പം ഉറക്കെ വായിക്കാൻ പറയുകയും അതുകേട്ട് ഞാൻ പഠിക്കുകയും ചെയ്യുന്ന ഒരു രീതിയിലായിരുന്നു. ബാച്ചിലർ ഓഫ് ഫാർമസി എന്നുള്ള വിഷയമാണ് ഞാൻ എടുത്തിരുന്നത്. ഇതുമായി ബന്ധപ്പെട്ട നിരവധി സ്ട്രക്ച്ചറുകൾ എനിക്ക് പഠിക്കേണ്ടതുണ്ടായിരുന്നു. എന്റെ സുഹൃത്തുക്കൾ ഈ സ്ട്രക്ച്ചറുകളെല്ലാം മതിലിൽ വരച്ച് എന്റെ കൈകൊണ്ട് അതിന്മേൽ വരപ്പിച്ച് എനിക്ക് പറഞ്ഞു തരുമായിരുന്നു. അങ്ങനെയാണ് ഞാൻ അതെല്ലാം പഠിച്ചത്. അങ്ങനെ പരീക്ഷയടുത്തപ്പോൾ യൂണിവേഴ്സിറ്റിയിൽ നിന്നും സ്ക്രൈബ് എന്ന് പറയുന്ന ഒരു സംവിധാനം എനിക്ക് അവർ നൽകുകയും ചെയ്തു. പരീക്ഷയിൽ എന്റെ കൂടെ എന്റെ സഹായിയായി എനിക്ക് ഒരാളെ കൊണ്ടു പോകാമെന്നതാണ് ആ സംവിധാനം. പഠിക്കുന്ന വിഷയവുമായി അൺറിലേറ്റഡ് ആയ ഒരു കോഴ്സ് പഠിക്കുന്ന ഒരാളെ കൂടെ കൊണ്ടുപോകാം. അവർ എനിക്കുവേണ്ടി ക്വസ്റ്റ്യൻ പേപ്പർ വായിച്ചു തരികയും ആൻസർ ഞാൻ പറയുമ്പോൾ അവർ അതനുസരിച്ച് ആൻസർ ഷീറ്റിൽ എഴുതുകയും ചെയ്യും. ഇതെല്ലാം നോക്കുവാനായി ഒരു സ്പെഷ്യൽ ഇൻവിജിലേറ്റർ കൂടെയുണ്ടാവുകയും ചെയ്യും. ഇങ്ങനെ സ്ക്രൈബ് ഫെസിലിറ്റി ഉപയോഗിച്ചാണ് എന്റെ തുടർന്നുള്ള പഠനം മുഴുവൻ ഞാൻ ചെയ്തത്. എന്റെ നാലുവർഷത്തെ കോഴ്സ് നാലുവർഷംകൊണ്ടുതന്നെ ഞാൻ പഠിച്ചുപാസായി. 60% മാർക്കോടുകൂടെ ഞാൻ ആ കോഴ്സ് പൂർത്തിയാക്കുമ്പോൾ

എന്നെ സഹായിച്ചും വായിച്ചുമൊക്കെ തന്നിരുന്ന പലരും പരാജിതരായ സ്ഥലത്ത് ഇത്തരത്തിൽ എനിക്ക് വിജയിക്കാൻ കഴിഞ്ഞത് എന്നെ വിസ്മയിപ്പിച്ചു.

ഇങ്ങനെയൊക്കെയാണെങ്കിലും എഴുതാനും വായിക്കാനും ഒന്നും പറ്റാത്ത സാഹചര്യത്തിൽ കോഴ്സ് പൂർത്തിയാക്കി വിജയിച്ചുവെങ്കിലും തുടർന്ന് മുന്നോട്ട് പോകുമ്പോൾ എങ്ങനെ ജോലിചെയ്യുമെന്നുള്ള ആശങ്കയുണ്ടായി. തുടർന്ന് പഠനം നടത്താൻ ആഗ്രഹിച്ചപ്പോൾ വിദ്യാഭ്യാസ ലോൺ എടുത്തുകൊണ്ട് ചെയ്യുന്ന ആ കാര്യം സ്റ്റോപ്പ് ചെയ്ത് പൈസ സേവ് ചെയ്തുകൂടെ എന്ന് പലരും എന്നെ ഉപദേശിച്ചു. അപ്പോഴെല്ലാം ഞാൻ കൂടുതൽ ആശ്രയിച്ചത് എന്റെ ഈശോയിൽ ആയിരുന്നു. ആ സമയത്ത് എന്നെ ശക്തിപ്പെടുത്തിയത് ഒരു ദൈവവചനമായിരുന്നു. "നിങ്ങളുടെ എല്ലാ ധാരണകളേയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം

## കർത്താവ് പറയുന്നത് കേൾക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും ഞാൻ തയ്യാറായതുകൊണ്ടാണ് ഇന്നിപ്പോൾ ഞാനായിരിക്കുന്ന അവസ്ഥയിലേക്ക് ഉയരാൻ എനിക്കായത്.

കർത്താവായ യേശുക്രിസ്തുവിൽ നിങ്ങളെ കാത്തുകൊള്ളും" (ഫിലി 4, 7). തുടർന്ന് ഈ വചനമായിരുന്നു എനിക്ക് എല്ലാത്തിനും ശക്തി പകർന്നത്. ജീസസ് യൂത്തിൽ സജീവമായി നിൽക്കാനും പഠനവും ഒക്കെയായി മുന്നോട്ടു പോകാനും എനിക്ക് ശക്തി തന്നതും ധൈര്യപ്പെടുത്തിയതും ഈ വചനമായിരുന്നു. അങ്ങനെ ഞാൻ തുടർന്ന് പഠിക്കുകയും പിന്നീട് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റിൽ എംബിഎ ചെയ്തു. വിപ്രോ എന്ന കമ്പനിയിൽ ജോലിക്ക് കയറി. അതിനുശേഷം ഞാനിപ്പോൾ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ ജോലി ചെയ്യുന്നു.

എന്റെ ജീവിതത്തിൽ നിന്നും ഞാൻ പഠിച്ച ഒരു പാഠം എന്നത് ഞാൻ മറ്റുള്ളവരെ കേൾക്കാൻ ആയിട്ട് ശ്രമിച്ചുകൊണ്ടിരുന്നപ്പോൾ ഈശോ പറയുന്നത് കേൾക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. പക്ഷേ ബാക്കിയുള്ളവർ പറയുന്നത് കേൾക്കാതെ ഈശോയുടെ മുന്നിലിരിക്കാനും പ്രാർഥിക്കാനും അങ്ങനെ ഈശോ പറയുന്നത് കേൾക്കാനുമൊക്കെ സാധിച്ചതുകൊണ്ടാണ് മുന്നോട്ടുള്ള കാര്യങ്ങൾ എനിക്ക് വ്യക്തതയോടെ ചെയ്യാനായത്. അങ്ങനെ മനുഷ്യർ പറയുന്നത് മാത്രമാണ് ഞാൻ കേട്ടിരുന്നതെങ്കിൽ ഇപ്പോൾ ഞാൻ എവിടെയുമെത്താതെ പരമ്പരാഗതമായി, കാഴ്ചയില്ലാത്തവർ ചെയ്യാറുള്ള, കുട്ടനെയ്യുകയോ സൂപ്പ് ഉണ്ടാക്കുകയോ ചെയ്യുന്നതുപോലെയൊക്കെ ചെയ്തുകൊണ്ട് എവിടെയെങ്കിലും ആയിരുന്നേനെ. ഇതിൽ നിന്ന് വ്യത്യസ്തമായി കർത്താവ് പറയുന്നത് കേൾക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും ഞാൻ തയ്യാറായതുകൊണ്ടാണ് ഇന്നിപ്പോൾ ഞാനായിരിക്കുന്ന അവസ്ഥയിലേക്ക് ഉയരാൻ എനിക്കായത്.

2008-2009 കാലയളവിലാണ് എനിക്ക് വായിക്കാൻ പറ്റാതായത്. പിന്നീട് രണ്ടുമൂന്നു വർഷത്തിനുള്ളിൽ കാഴ്ച പൂർണമായും നഷ്ടപ്പെടുകയും ചെയ്തു. ഞാനിന്ന് ഇടയ്ക്കിടെ ചിന്തിക്കുന്ന ഒരു കാര്യമുണ്ട്. എന്തുകൊണ്ടാണ് എനിക്ക് ഇത്തരത്തിൽ ഒരു അസുഖം വരാനിടയായത്. അന്നേരത്തൊക്കെ ഈശോ പറഞ്ഞ കാര്യമാണ് എനിക്ക് ഓർമ വരുന്നത്. "ഇവൻ ഇങ്ങനെയായത് ഇവരുടെ പൂർവികരുടെ പാപം നിമിത്തമോ ഇവന്റെ പാപം നിമിത്തമോ അല്ല, മറിച്ച് ദൈവകൃപ ഇവനിൽ പ്രകടമാകാൻ വേണ്ടിയാണ്." പണ്ടൊക്കെ ഇങ്ങനെയൊരു ബോധ്യം കാര്യമായിട്ട് എന്റെയുള്ളിൽ ഉണ്ടായിരുന്നില്ല. പക്ഷേ, കാഴ്ച നഷ്ടപ്പെട്ടതിനുശേഷമാണ് ഞാൻ ചിന്തിച്ചത്, കാഴ്ച നഷ്ടപ്പെടുന്നവർ എങ്ങനെ ബൈബിൾ വായിക്കുമെന്ന്. അതിനുള്ള സാധ്യത മലയാളത്തിൽ ഇല്ലായെന്ന് കണ്ടപ്പോൾ അതിനുവേണ്ടിയുള്ള ഒരു ശ്രമം ഞാൻ തുടങ്ങി. അങ്ങനെ 2015ൽ 'ഡെയ്സി' എന്നുപറയുന്ന ഫോർമാറ്റിൽ കാഴ്ചയില്ലാത്തവർക്ക് വായിക്കാൻ കഴിയുന്ന ഒരു മലയാളം ബൈബിൾ പി.ഒ.സി.ക്ക് വേണ്ടി കെ.സി.ബി.സി. ബൈബിൾ സൊസൈറ്റിയുടെ ഭാഗമായിട്ട് ചെയ്യാനായി ഈശോ എന്നെ ഉപയോഗിച്ചു. ഇതെന്റെ ജീവിതത്തിൽ വലിയൊരു വഴിത്തിരിവായിരുന്നു. കാരണം ഞാൻ ഇത്തരത്തിലുള്ള ഒരു സാഹചര്യത്തിലേക്ക് എത്തപ്പെട്ടതിന്റെ കാരണംതന്നെ മറ്റു പല കാര്യങ്ങളും ചെയ്യാൻ വേണ്ടിയിട്ടായിരുന്നു എന്ന് ഞാൻ തിരിച്ചറിഞ്ഞു. സത്യത്തിൽ എന്റെ ഭാര്യയുടെയും മക്കളുടെയും മുഖം ഞാനിതുവരെ കണ്ടിട്ടില്ല. പക്ഷേ, ഞങ്ങൾ ഹാപ്പിയാണ്. എന്റെ കണ്ണ് ഇവളാണ്, എന്റെ ഭാര്യ. ഞങ്ങൾ സിനിമയ്ക്ക് പോകുമ്പോൾ ഡയലോഗുകൾ ഇല്ലാത്ത ചില സീനുകൾ വരുമ്പോൾ ഇവളാണ് എനിക്ക് പറഞ്ഞുതരുന്നത് എന്താണെന്ന്. ഞങ്ങൾ സിനിമകൾ കാണുന്നു, യാത്രകൾ ചെയ്യുന്നു. 2025ൽ ഞങ്ങൾ കാശ്മീരിൽ പഹൽഗാം ആക്രമണം നടന്ന സ്ഥലത്ത് ആക്രമണം നടക്കുന്നതിന്റെ ഏതാനും ദിവസങ്ങൾക്കു മുമ്പ് പോയിരുന്നു. അങ്ങനെ നിരവധി ആയിട്ടുള്ള അനുഭവങ്ങൾ കർത്താവ് എനിക്ക് തന്നു. കാഴ്ചയില്ലെങ്കിലും കൂടെ നടക്കാൻ പറ്റുന്ന, എല്ലാത്തിനും സഹായിയായ ഒരു ഭാര്യയെ കർത്താവ് എനിക്കു നൽകി.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ ഞാൻ ജോലി ചെയ്യുന്നത് കമ്പ്യൂട്ടർ സിസ്റ്റം വഴിയാണ്. കാഴ്ച്ചയില്ലാത്തവർ എങ്ങനെയാണ് ഇത്തരത്തിൽ ജോലികൾ ചെയ്യുന്നത് എന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യം തന്നെയാണ്. സ്ക്രീൻ റീഡേഴ്സ് എന്ന് പറയുന്ന ഒരു ടെക്നോളജിയുണ്ട്. ടെക്സ്റ്റ് ടു സ്പീച്ച് (TTS) എന്ന ടെക്നോളജി ഉപയോഗിച്ച് സ്ക്രീനിൽ കാണുന്നത് കണ്ടു ഉപയോഗിക്കുന്നതിനു പകരം ഓഡിയോ ഫോർമാറ്റിലേക്ക് മാറ്റി അത് കേട്ടുപയോഗിക്കാൻ തക്ക രീതിയിൽ മാറ്റി തുടർന്നുള്ള കാര്യങ്ങൾക്കായി കമ്പ്യൂട്ടർ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുന്നു. ടെക്നോളജി തന്നെ ഉപയോഗിച്ചാണ് കമ്പ്യൂട്ടറും മൊബൈൽ ഫോണും ഞാൻ ഉപയോഗിക്കുന്നത്.

എന്റെ ഭാര്യ ആൽഫയും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലാണ് ജോലി ചെയ്യുന്നത്. ഞങ്ങൾക്കുറപ്പുണ്ട്, ഞങ്ങളുടെ ജീവിതത്തിലെ കുഞ്ഞുകുഞ്ഞു കാര്യങ്ങളിലൂടെയെല്ലാം ഈശോ കാര്യങ്ങൾ ക്രമീകരിക്കുകയാണെന്ന്. ഇല്ലാത്തതിനെക്കുറിച്ച് ഓർത്ത് വിഷമിക്കാതെ ഈശോടൊപ്പം സന്തോഷത്തോടെ ആയിരിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. എന്റെ ഭാര്യ ആൽഫ പലപ്പോഴും പറയാറുണ്ട് നമ്മൾ ഈശോയോട് ചേർന്ന് നിൽക്കുന്നതുകൊണ്ട് നമ്മുടെ കുറവുകളെല്ലാം വലിയ നിറവുകളായി മാറുന്നുവെന്ന്. ആൽഫയ്ക്കും ധാരാളം അനുഭവങ്ങൾ പറയാനുണ്ട് ഞങ്ങളുടെ ജീവിതത്തിൽ നിന്നും. ചുരുക്കത്തിൽ ജീവിതം ആസ്വദിക്കാൻ എല്ലാവർക്കും കഴിയും പക്ഷേ, ആസ്വാദനം ഒരു ആഘോഷമാക്കി ജീവിതത്തിൽ ഉടനീളം കൊണ്ടുപോകണമെങ്കിൽ നമ്മോടൊപ്പം ഈശോ ഉണ്ടായേ തീരൂ. അങ്ങനെ ഈശോയോടൊപ്പം നമ്മുടെ എല്ലാവരുടെയും ജീവിതം ആഘോഷമാകട്ടെയെന്ന് പ്രാർഥിക്കുന്നു.



**ഫമിലിയ/ഫാമിലികഫേ - രശ്മി ജോയ്**



# മനോഹരമായ വിളി

കുടുംബം, ഒരു മനുഷ്യനു യാതൊരു വിധ ചമയങ്ങളുമില്ലാതെ താൻ ആയിരിക്കുന്നതുപോലെ പെരുമാറാനും ഇടപെടാനും പറ്റുന്ന ഏറ്റവും മനോഹരമായ ഇടം. അത് കൂടുമ്പോൾ ഇമ്പമുള്ളതാണ്. എത്രയൊക്കെ പ്രശ്നങ്ങൾ ഒരു വ്യക്തിക്കു നേരിടേണ്ടി വന്നാലും കുടുംബം ഒപ്പമുണ്ടെങ്കിൽ അതു നിഷ്പ്രയാസം അതിജീവിക്കാൻ അവനു സാധിക്കും. അതിനു ഏറ്റവും നല്ല ഉദാഹരണം ധൂർത്തപുത്രന്റെ ഉപമ തന്നെയാണ്. ഒരാവേശത്തിൽ എടുത്തുചാട്ടത്തിനു അവൻ നഷ്ടമാക്കിയതു അവന്റെ സന്തോഷങ്ങളായിരുന്നു. പ്രായത്തിന്റെ ചാപല്യത്തിൽ തന്റെ സ്വത്തുവകകളും അവകാശം പറഞ്ഞു അപ്പനിൽ നിന്നു മേടിച്ചു, സ്വന്തം കുടുംബത്തെയും ഉപേക്ഷിച്ചു പോയ അവന്റെ യാത്ര ആദ്യം മനോഹരമായിരുന്നെങ്കിലും പോകെ പോകെ അതു പ്രയാസത്തിലേക്കു വഴിതുറന്നു. പക്ഷേ, അവനു ഒരുനാൾ തോന്നിയ സുബോധം അവനെ തിരികെ അവന്റെ കുടുംബത്തിൽ എത്തിച്ചു. ഇത്രയൊക്കെ അവൻ ആ കുടുംബത്തെ വിട്ടു നിന്നുവെങ്കിലും തന്റെ ഈ അവസ്ഥയിൽ പിതാവിന്റെ ഭവനത്തിലെ ഒരു വേലക്കാരനായി ജോലി ചെയ്യാം എന്നോർത്തു തിരികെ ചെന്നവനെ അപ്പൻ സ്വീകരിച്ചത് ഇരട്ടി സ്നേഹത്തോടെയാണ്. എല്ലാ സന്തോഷങ്ങളുമാണ് അവനു തിരികെ നൽകിയത്. കൈവിടുന്ന അപ്പനെയല്ല, ചേർത്തുപിടിക്കുന്ന അപ്പനെയാണ് അവനവിടെ കാണാൻ കഴിഞ്ഞത്.

കുടുംബത്തെ മനോഹരമാക്കുന്നതു ഇത്തരത്തിലുള്ള വിട്ടുവീഴ്ചകളും കാത്തിരിപ്പുകളുമാണ്. ധൂർത്ത പുത്രന്റെ വരവിനായി കാത്തിരുന്ന അപ്പൻ തന്റെ പ്രതീക്ഷ കൈവിട്ടിരുന്നില്ല, അവൻ തിരിച്ചു വരും എന്ന ശുഭാപ്തി വിശ്വാസം, അതു വളരെ വലുതായിരുന്നു. അതുപോലെ, തന്നെ ഒരു വേലക്കാരനായെങ്കിലും അപ്പൻ സ്വീകരിക്കുമെന്നത് ആ മകന്റെ വലിയ പ്രതീക്ഷയും ആശ്വാസവുമായിരുന്നു.

ഓരോ കുടുംബവും മനോഹരമാകുന്നത് ഈ പരസ്പര സ്നേഹത്തിലും ഐക്യത്തിലും

കൂട്ടായ്മയിലും പങ്കുവയ്ക്കലിലും വിട്ടുകൊടുക്കലിലുമാണ്.

ഈയടുത്ത് കുറച്ചു കുടുംബങ്ങളുടെ സന്തോഷത്തിൽ പങ്കുചേരാൻ അവസരം ലഭിച്ചു. ഒത്തിരി വർഷങ്ങളായി മക്കളില്ലാതെ ജീവിക്കുന്ന കുടുംബ സുഹൃത്തുക്കളായ ദമ്പതിമാർ. ഒരു രാത്രിയിൽ പതിവുപോലെ കാണാൻ വന്നപ്പോൾ അതവർക്കു കിട്ടിയ ഒരു സദ്വാർത്ത അറിയിക്കാനാണെന്ന് ഒട്ടും പ്രതീക്ഷിച്ചില്ല. അതിനാൽതന്നെ അത് ഇരട്ടിമധുരമുള്ളതായിരുന്നു.

നാളുകളായി കുംബകോടതിയുടെ വരാന്തയിൽ പിടിവാശിയിൽ നിൽക്കുന്ന ദമ്പതികൾ, കുട്ടികൾ എന്ന കാരണം ഒഴിച്ചാൽ പരസ്പരം അടുക്കാൻ ഒരു സാധ്യതയും ഇല്ലാതിരുന്നിട്ടും ഈ അടുത്ത ദിവസങ്ങളിൽ ഒരുമിക്കാൻ തീരുമാനം എടുത്തുവെന്നറിഞ്ഞപ്പോഴും, ജീവിത പങ്കാളിയുടെ രോഗാവസ്ഥയിലും പ്രതീക്ഷകൾ കൈവിടാതെ നിന്നുകൊണ്ട് ഇന്നും പുഞ്ചിരിയോടെ അതിനെ തോൽപിച്ച് മുന്നേറുന്നത് കാണുമ്പോഴും, ജോലി നഷ്ടപ്പെട്ടിരിക്കുന്ന സുഹൃത്തിന്റെ കുടുംബത്തിലെ ആവശ്യങ്ങൾ കണ്ടറിഞ്ഞു സഹായം വാഗ്ദാനം ചെയ്യുന്ന സൗഹൃദ കൂട്ടായ്മയും തങ്ങൾക്കുള്ളതിനേക്കാൾ മറ്റുള്ളവർക്ക് ദാനം നൽകാൻ മടിക്കാത്ത കുടുംബവും, വല്ലപ്പോഴും ഒന്നു മെസ്സേജ് അയക്കുന്ന കൂട്ടുകാർ, 15വർഷത്തെ ഇടവേളയിൽ ഒരാളെ അയാൾ ഏതവസ്ഥയിൽ ആണെന്നു പോലും നോക്കാതെ സാമ്പത്തിക പ്രതിസന്ധിയിൽ സഹായിക്കുന്നതും കുടുംബത്തിന്റെ നേർക്കാഴ്ചകളാണ്. അതിനാൽതന്നെ വി. ചാവറ പിതാവിന്റെ വാക്കുകൾ കൂടുതൽ മനോഹരമാകുന്നു "ഒരു നല്ലകുടുംബം ആകാശ മോക്ഷത്തിന്റെ സാദൃശ്യമാകുന്നു."

ഒപ്പം ദമ്പതികൾ വിവാഹ ദിനത്തിൽ എടുക്കുന്ന പ്രതിജ്ഞ ഇത്തരത്തിലുള്ള ഓരോ സാഹചര്യങ്ങളെയും കൂടുതൽ മികവാർന്നതാക്കുന്നു. തകർച്ചയുടെ വക്കിൽ നിന്നു വീണ്ടും ഉയിർത്തെഴുന്നേൽക്കുന്ന കുടുംബങ്ങൾ നമുക്കു മുൻപിൽ തുറന്നിടുന്ന വലിയ ഒരു സത്യമുണ്ട്. ഒരു കുടുംബവും നശിച്ചു പോകാൻ ഈശോ അനുവദിക്കില്ല. കുടുംബ ജീവിതം അതിനാൽതന്നെ മനോഹരമായ ഒരു വിളിയാണ്, ഏതു പ്രതിസന്ധിയിലും അത് ഉലയാതെ നിൽക്കാൻ അതിന്റെ അമരത്തു തോണിക്കാരനായി രക്ഷകനായ ദൈവം ഉണ്ടായാൽ മാത്രം മതി.
ഒരുമിച്ചു പ്രാർഥിക്കുന്ന കുടുംബം ഒരുമിച്ചു നിലനിൽക്കുന്നു.

**ഓരോ കുടുംബവും മനോഹരമാകുന്നത് ഈ പരസ്പര സ്നേഹത്തിലും ഐക്യത്തിലും കൂട്ടായ്മയിലും പങ്കുവയ്ക്കലിലും വിട്ടുകൊടുക്കലിലുമാണ്.**

നസ്രത്തിലെ തിരുക്കുടുംബം പല പ്രതിസന്ധികളിലൂടെയും കടന്നുപോയെങ്കിലും ഏറ്റവും അനുയോജ്യമായി നിലകൊണ്ടതുതന്നെ കുടുംബങ്ങൾക്ക് നൽകുന്ന കരുത്തും പ്രത്യാശയും വളരെ വലുതാണ്. കുടുംബങ്ങൾ സ്നേഹത്തിന്റെ, പ്രത്യാശയുടെ, പങ്കുവയ്ക്കലിന്റെ കരുതലിന്റെ വേദികളായി തന്നെ നിലകൊള്ളട്ടെ.

**ദമ്പതികളോട്:**

✠ നിങ്ങളുടെ ബന്ധം പവിത്രമായിരിക്കട്ടെ, പരസ്പരം രഹസ്യങ്ങൾ സൂക്ഷിക്കാതിരിക്കുക

✠ സാമ്പത്തികമായ അച്ചടക്കം, സാമ്പത്തിക കാര്യങ്ങൾ പരസ്പരം അറിഞ്ഞു കൊണ്ടുള്ളതാകട്ടെ

✠ ഏറ്റവും നല്ല സുഹൃത്തുക്കൾ നിങ്ങൾ തന്നെ ആയിരിക്കട്ടെ

✠ Sorry, Please, Thank you, May I.., തുടങ്ങിയ മനോഹരമായ മാന്ത്രിക പദങ്ങൾ അനുദിനം നിങ്ങളുടെ കുടുംബത്തിൽ വളർത്തിയെടുക്കുക

✠ അഭിപ്രായ വ്യതാസങ്ങളും, വഴക്കുകളും സ്നേഹത്തിന്റെ വഴികളിൽ സന്ദർശകരാണ്, അവയെ പിടിച്ചിരുത്താതെ പറഞ്ഞു വിട്ടേക്കുക

✠ മക്കൾക്ക് ആവശ്യമുള്ള എല്ലാ സാധനങ്ങളും വാങ്ങി നൽകുന്ന മാതാപിതാക്കളാകാതെ, എനിക്ക് ഇത് ആവശ്യമുണ്ടോ എന്നു തിരിച്ചറിഞ്ഞു ചിന്തിച്ചു പ്രവർത്തിക്കാൻ മക്കളെ മനസ്സിലാക്കി കൊടുക്കുക

✠ പണത്തേക്കാളുപരി ബന്ധങ്ങൾക്ക് വില കൽപിക്കാൻ കഴിയട്ടെ

✠ ദിവസത്തിൽ ഒരു നേരമെങ്കിലും കുറഞ്ഞത് ഒരു പത്തു മിനിറ്റെങ്കിലും കുടുംബത്തിലുള്ളവർ ഒരുമിച്ചു ചിലവഴിക്കട്ടെ

✠ എല്ലാ തിരക്കുകളും മാറ്റിവച്ചു നിങ്ങൾക്കു വേണ്ടി സമയം ചിലവഴിക്കാൻ സമയമില്ലെങ്കിൽ ഉണ്ടാക്കിയെടുക്കുക

✠ എല്ലാറ്റിലുമുപരി ദൈവസ്നേഹത്തിൽ പരസ്പരം സ്നേഹിച്ചും ഒരുമിച്ചു പ്രാർഥിച്ചും കുടുംബം മുന്നോട്ടുകൊണ്ടു പോകുക





# "ഈ കുട്ടി പപ്പടം ചോദിച്ചു; ആ കുട്ടി പപ്പടം കൊടുത്തില്ല."

വാക്കുകൾക്ക് ഒരാളെ ഉണർത്താനും ജീവൻ പകരാനും ശക്തിയുണ്ടെന്ന കാര്യം നമുക്കേവർക്കുമറിയാം. തളർന്നിരിക്കുന്നവരെ ശക്തിപ്പെടുത്താനും തകർന്നിരിക്കുന്നവരെ ആശ്വസിപ്പിക്കാനും മുന്നോട്ടു നീങ്ങാൻ പ്രചോദിപ്പിക്കുന്നതും വാക്കുകൾ തന്നെ. കൗൺസിലിംഗ് മേഖലയിലുള്ളവരുടെ പ്രവർത്തനവും സംസാരവുമൊക്കെ ഇതിനു നല്ലൊരു ഉദാഹരണമാണ്. ഈ മേഖലയിൽ അല്ലെങ്കിൽ പോലും എത്രയോ ആളുകളാണ് തങ്ങളുടെ നല്ല സംസാരത്തിലൂടെ മനുഷ്യരെ ചേർത്തുപിടിക്കുന്നതും സന്തോഷത്തിലേക്കും സമാധാനത്തിലേക്കുമൊക്കെ നയിക്കുന്നതും. ഇതൊരു കഴിവുതന്നെയാണ്; കഴിവ് എന്നതിനേക്കാൾ ദൈവിക കൃപയാണിത്. ആഗ്രഹമുണ്ടെങ്കിലും ഒരുപക്ഷേ, അതുപോലെ സംസാരിക്കാൻ സാധിക്കണമെന്നില്ല. ചില ആളുകളുടെ സംസാരരീതിക്ക് ഒരു മാജിക്കൽ പവറുള്ളതായും നമുക്ക് അറിയാൻ സാധിക്കും.

ജീവിതയാത്രയിൽ ശരിയായ തീരുമാനങ്ങളെടുക്കാനും കൺഫ്യൂഷൻ ഉണ്ടാകുമ്പോൾ വേണ്ടതെന്താണെന്നും ശരിയായ കാര്യങ്ങളെന്തെന്നും ഗ്രഹിക്കാനും ചിലരുടെ സംസാരരീതി നമുക്കേറെ സഹായകരമാകുന്നുണ്ട്. ശാന്തമായും സൗമ്യമായും പ്രചോദനാത്മകമായും സംസാരിക്കുന്ന അത്തരം ആളുകളുടെ അടുത്തേക്ക് എത്താനും സമയം ചെലവിടാനും ആശയവിനിമയം നടത്താനും ആളുകൾക്ക് താത്പര്യമുണ്ടാകും. മനുഷ്യജീവിതത്തിൽ നിരവധി ആളുകൾക്കിടയിലും കൂട്ടായ്മകൾക്കിടയിലും ഇത്തരം അനുഭവങ്ങൾ കാണാൻ സാധിക്കും. കുടുംബയൂണിറ്റുകൾ, കുടുംബശ്രീ തുടങ്ങിയ സൗഹൃദ കൂട്ടായ്മകളും സാമൂഹിക കൂട്ടായ്മകളുമൊക്കെ ഇത്തരത്തിൽ ആളുകൾക്കിടയിൽ മോട്ടിവേഷൻ ലഭിക്കുന്ന ഇടങ്ങളായും മാനസിക സംഘർഷമില്ലാതെ ഉല്ലാസമനുഭവിക്കാനുമൊക്കെ സാധിക്കുന്ന ഇടങ്ങളായി മാറുന്നത് ഏറെ അനുഗ്രഹപ്രദമാണ്. പറഞ്ഞുവരുന്നത് വാക്കുകളുടെ ശക്തിയും മനോഹാരിതയുമാണ്. ഹീലിംഗ് പവറുള്ള ഔഷധംപോലെയും പലപ്പോഴും വാക്കുകൾ മാറാറുണ്ട്.


വീട്ടിലെത്തിയ ഭർത്താവ് ഭാര്യയെ കാണാതിരുന്നത് മൂലം എവിടെപ്പോയി എന്ന ചിന്തയിൽ കാത്തിരിക്കുകയായിരുന്നു. അല്പനേരം കഴിഞ്ഞ് തിരിച്ചെത്തിയ ഭാര്യയോട് ഭർത്താവിന്റെ ചോദ്യം: "നീ ഇതെവിടെപ്പോയി കിടക്കുകയായിരുന്നു ?" ചോദ്യം കേട്ട ഭാര്യ ഉടനടി മറുപടി നൽകി: "അവിടെയും ഇവിടെയുമൊക്കെ കിടക്കാൻ പോകുന്നത് ഞങ്ങളുടെ സ്വഭാവമല്ല. അതു നിങ്ങളുടെ കുടുംബത്തിലെ സ്വഭാവമായിരിക്കും." ഇത്തരമൊരു സാഹചര്യത്തിൽ പിന്നീടെന്താണ് അവിടെ സംഭവിക്കാൻ പോകുന്നതെന്ന് നമുക്കൂഹിക്കാവുന്നതാണ്.

ഒരു പ്രത്യേക സാഹചര്യത്തിൽ, ചെയ്യാനായി പറഞ്ഞേൽപിച്ച കാര്യങ്ങൾ ചെയ്തിട്ടുണ്ടോ എന്നറിയാൻ അന്വേഷിച്ചപ്പോൾ ചെയ്തിട്ടില്ല എന്നറിയുന്ന നേരത്ത്, "നിന്നോടൊന്നും പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല, ബോധമില്ലാത്ത കഴുതകൾ, വെറുതെ മനുഷ്യന്റെ സമയം മെനക്കെടുത്താൻ..." ഇങ്ങനെ പറയുന്നതിന്റെയും കാര്യങ്ങൾ ചെയ്തിട്ടില്ല എന്നറിയുമ്പോൾ മുൻപ് സൂചിപ്പിച്ചതുപോലെയുള്ള ദേഷ്യവും നിരാശയും നിറഞ്ഞ ആത്മഗതങ്ങൾ പറയാതെയും അവരെ ശകാരിക്കാനോ പുലഭ്യം പറയാനോ നിൽക്കാതെയും, ചെയ്യേണ്ട കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുകയും അത് പ്രാവർത്തികമാക്കാനായി ശാന്തമായും സമാധാനമായും പ്രവർത്തിപഥങ്ങളിലേക്ക് നീങ്ങുകയും ചെയ്യുന്നതാണോ ഉചിതം. വഴക്കും ചീത്തപറച്ചിലുമൊക്കെ കേൾക്കാൻ ആരാണിഷ്ടപ്പെടുക. തെറ്റ് പറ്റിയെങ്കിൽ പോലും അവരെ മനസ്സിലാക്കി, ചേർത്തു നിർത്തി, നല്ല വാക്കുകളിലൂടെ സംസാരിച്ച് അത്ഭുതകരവും ഗുണപരവുമായ കാര്യങ്ങളിലേക്ക് നീങ്ങുന്നത് വലിയൊരു കാര്യം തന്നെയാണ്.

"നിങ്ങളുടെ സംസാരം എപ്പോഴും കരുണാമസൃണവും ഹൃദ്യവുമായിരിക്കട്ടെ. ഓരോരുത്തരോടും എങ്ങനെ മറുപടി പറയണമെന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കണം" (കൊളോ 4, 6). നമ്മളുടെ പരസ്പര സംസാരം ഹൃദ്യമായിരിക്കണമെന്ന് ദൈവമാഗ്രഹിക്കുന്നു. "സൗമ്യമായ മറുപടി ക്രോധം ശമിപ്പിക്കുന്നു; പരുഷമായ വാക്ക് കോപം ഇളക്കിവിടുന്നു" (സുഭാ 15, 1). സംസാരിക്കുമ്പോഴും പ്രത്യേകിച്ച് മറുപടി പറയുമ്പോഴുമുള്ള അവസരങ്ങളിൽ ഉളവാകേണ്ട സൗമ്യതയെയും ശാന്തതയെയും കുറിച്ചാണ് ഇവിടെ നമ്മെ ഓർമപ്പെടുത്തുന്നത്.

ഏത് മേഖലയെടുത്താലും അത് കുടുംബത്തിലായാലും ജോലിയിടങ്ങളിലായാലും വിദ്യാലയങ്ങളിലായാലും രാജ്യങ്ങൾ തമ്മിലും ഭരണകർത്താക്കൾ തമ്മിലും ആശയവിനിമയം നടത്തുമ്പോൾ ഇക്കാര്യം ഏറെ പ്രസക്തമാണ്. "ഈ കുട്ടി പപ്പടം ചോദിച്ചു; ആ കുട്ടി പപ്പടം കൊടുത്തില്ല." വലിയ അക്രമം നടക്കുന്നതിനിടയിൽ കാരണം അന്വേഷിക്കുന്ന ഒരാളോട് മറുപടി നൽകുന്ന, 'വാഴ' എന്ന സിനിമയിലെ ഈ ഡയലോഗ് ഇവിടെ ഓർത്തുപോകുന്നു.

ഇതു വായിക്കുന്ന നമ്മൾ ഓരോരുത്തരുടെയും മനസ്സിലൂടെ നമുക്കറിയാവുന്ന എത്രയോ ഉദാഹരണങ്ങൾ ഇപ്പോൾ വന്നുപോയിട്ടുണ്ടാകും. രാഷ്ട്രീയ മേഖല




യിൽ നിത്യേന കാണാൻ കഴിയുന്ന കാര്യമാണിത്. പത്രത്തിലും ടിവിയിലുമൊക്കെ നമ്മൾ കാണുന്നതും കേൾക്കുന്നതും ഇതുതന്നെയാണ്. നേതാക്കൾക്കിടയിലുള്ള അവിവേകപൂർണവും ശത്രുത നിറഞ്ഞതുമായ സംസാരരീതികളും അതിന് ചുട്ട മറുപടി കൊടുക്കുന്ന മറ്റു പാർട്ടിയിലുള്ളവരും. ഇവരുടെ വർത്തമാനത്തിന്റെ രീതികളും ഇവർക്കിടയിലെ കോപ്രായങ്ങളും കാണാനും കേൾക്കാനും ഒക്കെയാണ് പലപ്പോഴും മാധ്യമങ്ങൾ നമ്മെ 'സഹായിക്കുന്നത്.'

ചുരുക്കത്തിൽ, വാക്കുകളും സംസാരവുമൊക്കെ ഒരു കലയാണ്. അത് പഠിക്കുക തന്നെ വേണം. നിരവധി ആളുകളുമായി ഇടപെടുന്നതിലൂടെയും വായനയിലൂടെയുമൊക്ക ഇതു നമുക്ക് സ്വായത്തമാക്കിയെടുക്കാവുന്നതാണ്. ആളുകളെ കേൾക്കാനും സ്നേഹത്തിലും പ്രചോദനാത്മകമായും സംസാരിക്കാനും നമുക്കാവട്ടെ.

"നമ്മെ അനുസരിക്കുന്നതിനുവേണ്ടി കുതിരയുടെ വായിൽ കടിഞ്ഞാൺ ഇടുമ്പോൾ, അതിന്റെ ശരീരം മുഴുവനെയും നാം നിയന്ത്രിക്കുകയാണു ചെയ്യുന്നത് വളരെ വലുതും, ശക്തമായ കാറ്റിനാൽ പായിക്കപ്പെടുന്നതുമായ കപ്പലുകളെ നോക്കുവിൻ. വളരെ ചെറിയ ചുക്കാനുപയോഗിച്ച്ആഗ്രഹിക്കുന്ന സ്ഥലത്തേക്കു കപ്പിത്താൻ അതിനെ നയിക്കുന്നു. അതുപോലെ, നാവ് വളരെ ചെറിയ അവയവമാണ് എങ്കിലും അതു വൻപു പറയുന്നു. ചെറിയ ഒരു തീപ്പൊരി എത്ര വലിയ വനത്തെയാണു ചാമ്പലാക്കുക!"
(യാക്കോ 3, 3–5).

***കെയ്റോസ് മാസികയുടെ എക്സിക്യൂട്ടീവ് എഡിറ്ററാണ് ലേഖകൻ. ഭാര്യയോടും നാല് മക്കളോടുമൊപ്പം എറണാകുളത്ത് താമസം.***



**ടീൻസ്പിരിറ്റ്/റെയിൻബോ - ആന്റണി മഞ്ഞക്കുന്നേൽ**

# മിന്നും താരങ്ങൾ

പ്രോഗ്രാമിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി പിള്ളേരുടെ ഇടയിലേക്ക് എട്ടും പൊട്ടും തിരിയാത്തവരെന്ന മുൻധാരണയോടെ 'ഗൗരവക്കാരൻ' വേഷത്തിൽ ഇറങ്ങിച്ചെല്ലാനായിരുന്നു മനസ്സിലെ ആദ്യ കണക്കുകൂട്ടൽ. ആദ്യദിവസം തന്നെ മൈക്ക് കൈയിൽ എടുത്ത് സംസാരിക്കുംനേരം അവരെ കൈയിൽ എടുക്കാനായി തമാശകലർത്തിയാണ് ഞാൻ കാര്യങ്ങൾ പറഞ്ഞത്. അതുവരെ സംസാരവും കുറേശ്ശെ അലമ്പും ഒക്കെ കാണിച്ചിരുന്ന കുട്ടികൾ ഈ ചെറിയ തമാശയും സർക്കാസവും ചേർത്ത വാക്കുകൾ അത്രയും ശ്രദ്ധയോടെ കേൾക്കുന്നതാണ് ഞാൻ കണ്ടത്. പിന്നീടങ്ങോട്ട് കുട്ടികളുമായുള്ള സമ്പർക്കം വളരെ ഈസിയായി നടക്കുന്നത് എനിക്ക് മനസ്സിലാകുന്നുണ്ടായിരുന്നു.

ഏപ്രിൽ മാസത്തിൽ ബാംഗ്ലൂർ സോണിലെ ടീൻസ് ടീമിന്റെ നേതൃത്വത്തിൽ ഒരുക്കിയ റോഡ് റ്റു ജീസസ് പ്രോഗ്രാം (RJ) അക്ഷരാർഥത്തിൽ ഒത്തിരി കുഞ്ഞൻ കാര്യങ്ങൾ മനസ്സിലാക്കി തന്ന സമയമായിരുന്നു.  വികൃതിയും കുസൃതിയും ഒപ്പത്തിനൊപ്പം നിൽക്കുന്ന മുന്നൂറിലധികം വരുന്ന ആൽഫ ജനറേഷനെ ഈ വേനൽ കാലത്ത് ഒരു മേൽക്കൂരയ്ക്ക് കീഴിൽ കൊണ്ട് നിർത്തുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ 'മഹാ സംഭവങ്ങളും' മനസ്സിൽ പ്രതീക്ഷിച്ചു 'കാത്തോണേ കർത്താവെ' എന്ന പ്രാർഥനയോടെയാണ്  ഈ നിയോഗത്തിലേക്ക് ഞങ്ങൾ ഇറങ്ങിത്തിരിച്ചത്.

ഓരോ കാര്യങ്ങൾക്ക് വേണ്ടിയും ടീമംഗങ്ങൾ ഓടിനടക്കുമ്പോൾ കുട്ടികൾ ഞങ്ങളെ കാണുമ്പോൾ 'ചേട്ടാ/ ചേച്ചി ഭക്ഷണം കഴിച്ചോ' എന്ന് ചോദിക്കുന്നു, 'ഇല്ല' എന്നാണ് ഞങ്ങൾ മറുപടി പറയുന്നതെങ്കിൽ 'നേരം കളയാതെ വേഗം പോയി കഴിക്ക് കേട്ടോ' എന്ന് ഈ 'കുഞ്ഞൻ കാർന്നോന്മാർ' പറയുന്നവരെ എത്തി ആ സ്നേഹം. അല്ലറ ചില്ലറ വികൃതിത്തരങ്ങൾ ഒക്കെ ഒപ്പിച്ച പിള്ളേരെ കാണുമ്പോഴും അവരുടെ അടുത്തിരുന്ന് ആദ്യം അവർക്ക് പറയാനുള്ളത് മുഴുവൻ കേൾക്കാനും ശേഷം സ്നേഹത്തോടെ സംസാരിക്കാനും ചെറിയ തിരുത്തൽ നിർദേശങ്ങൾ അവരുടെ



**കുട്ടികൾക്കായുള്ള പ്രോഗ്രാമുകൾ നടത്തുന്നതിനിടയിൽ മുതിർന്നവരും ലീഡേഴ്സായവരും അഭിമുഖീകരിക്കുന്ന ചില വസ്തുതകളിലേക്കാണ് ഈ വായന നമ്മെ നയിക്കുന്നത്.**

ആൽഫ ഭാഷയിൽ പറഞ്ഞുകൊടുക്കാനും കഴിഞ്ഞത് ദൈവപരിപാലന കൊണ്ട് മാത്രം ആയിരുന്നു. വ്യക്തിപരമായി ടീനേജേഴ്സിനോട് ഇടപെടാൻ അത്ര പരിചയമില്ലാഞ്ഞിട്ടും ഈ യാത്രയെ ഇത്രയധികം മനോഹരമാക്കിയ ചിലകാര്യങ്ങൾ ഇതൊക്കെ ആയിരുന്നു: ഒന്നാമതായി, സ്വർഗത്തിന്റെ കണ്ണിലൂടെ അവരെ നോക്കാൻ സാധിച്ചു. സ്നേഹത്തോടെ അവരെ കേട്ടാൽ, അവരോടു കാര്യങ്ങൾ പറഞ്ഞാൽ, ഒന്ന് തോളിൽ തട്ടിയാൽ പിന്നെ അവർ മിടുക്കരാകും. വാസ്തവത്തിൽ ഈശോ ലോകത്തെ നേടിയതും ഈ സ്നേഹത്തിന്റെ അടിത്തറയിലാണല്ലോ. രണ്ടമതായി നമ്മൾ അവരെ നോക്കുന്ന അതേ ഗൗരവത്തിൽ അവർ നമ്മളെയും നോക്കുന്നുണ്ട് എന്ന വസ്തുത. ഏറ്റവും നിസ്സാരമായി പറഞ്ഞാൽ, നമ്മൾ ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോൾ പ്രാർഥിച്ചു കുരിശുവരക്കുന്നത്, ജപമാല കൈയിൽ കൊണ്ടുനടക്കുന്നത്, മറുപടി പറയുന്ന രീതി ഒക്കെ അവർ ഫാൻ ബോയ് ഫാൻഗേൾ മോഡിൽ നമ്മളെ അവർ നിരീക്ഷിക്കുന്നുണ്ട്. ആദ്യം ഇതൊരു അത്ഭുതമായി തോന്നി. പിന്നെ മനസ്സിലായി, നമ്മൾ അവരെ എത്രത്തോളം സ്നേഹത്തോടെ നോക്കുന്നോ അത്രത്തോളം താത്പര്യത്തോടെ അവർ നമ്മളെയും നോക്കും. ശരിക്കുപറഞ്ഞാൽ രണ്ട് ആങ്കിളിൽ നിന്നും ഈശോ നോക്കുന്ന പോലെ. അവരിലെ ഈശോയിലേക്ക് ലീഡേഴ്സും നമ്മളിലെ ഈശോയിലേക്ക് പാർടിസിപന്റ്സും നോക്കുന്ന മനോഹരമായ അനുഭവം. ഈ പ്രോഗ്രാമിലേക്ക് ഇറങ്ങുമ്പോൾ മനസ്സിൽ ആഗ്രഹിച്ചതും പ്രോഗ്രാമിലൂടെ സംഭവിച്ചതും ഇനിയും തുടരാൻ ആഗ്രഹിക്കുന്നതുമായ കാര്യം മറ്റൊന്നുമല്ല: യൗവനത്തിൽ നമ്മൾ കണ്ടുമുട്ടിയ ഈശോയെ കൗമാരത്തിൽ ഈ കുട്ടികൾ അനുഭവിച്ചറിയണം. ജീസസ് പങ്കുവയ്ക്കുന്ന സ്വപ്നവും ഇതാണ്: ടീനേജേഴ്സിന് ഈശോയെ അറിയാൻ ഇടയാക്കുക. ദൈവസ്നേഹത്തിൽ വളരുന്ന ടീനേജേഴ്സിനെ കാണുന്നതിൽ കവിഞ്ഞ മറ്റെന്ത് സന്തോഷമാണ് സ്വർഗത്തിന് ഉണ്ടാവുക! എല്ലാം അറിയുന്ന, വ്യക്തിപരമായി സ്നേഹിച്ചു വഴിനടത്തുന്ന ഈശോയെ അല്ലാതെ മറ്റെന്ത് സമ്മാനമാണ് ആൽഫ യൂത്ത് മുന്നേറ്റത്തിലൂടെ എനിക്ക് കിട്ടിയ അനുഗ്രഹത്തിന് പകരമായി നൽകാൻ എന്തുണ്ട് എന്ന് ചോദിച്ചാൽ, ജനറേഷന് സമ്മാനിക്കാൻ സാധിക്കുക. നാളത്തെ ഡൊമിനിക് സാവിയോയും കാർലോ അക്യുറ്റിസും മരിയ ഗൊരേത്തിയും മിന്നും താരങ്ങളായി നമുക്കിടയിൽ നമ്മളോടൊപ്പം ഉണ്ടെന്ന തിരിച്ചറിവിൽ പ്രാർഥനയോടെ മുന്നോട്ട്.

***(ഡിഗ്രി രണ്ടാം വർഷ വിദ്യാർഥി, ബാംഗ്ലൂർ ടീൻസ് ടീം മെമ്പർ & RJ പ്രോഗ്രാം ജനറൽ കോർഡിനേറ്റർ)***





**വാർത്താവിചാരം** - സണ്ണി കോക്കാപ്പിള്ളിൽ

# 'പ്രതീക്ഷ' നമ്മെ പ്രചോദിതരാക്കുന്നു




ഈയടുത്തനാളിൽ കണ്ട ഒരു സിനിമയാണ് ഹോപ്പ്. ലോഗോസ് ഫിലിംസിന്റെ ഒരു സിജോയ് വർഗീസ് ചിത്രം. ക്രിസ്തീയത പ്രായോഗികമാക്കുമ്പോൾ സമൂഹത്തിൽ സംഭവിക്കാൻ സാധ്യതയുള്ള സാഹചര്യങ്ങളെ HOPEൽ തുറന്നുകാട്ടുന്നു.

അനുദിന ജീവിതത്തിൽ ദൈവത്തിൽ ആശ്രയിക്കുമ്പോഴും ആശ്രയിക്കാതെയിരിക്കുമ്പോഴും ഉണ്ടാകാവുന്ന വ്യത്യസ്ത സാധ്യതകളെ ഈ സിനിമ നമ്മെ പരിചയപ്പെടുത്തുന്നു. പ്രതികൂല സാഹചര്യങ്ങളിലും ദൈവത്തിലുള്ള ആശ്രയത്വം ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങളും അതുവഴി സമൂഹത്തിൽ ഉണ്ടാകുന്ന പരിവർത്തനങ്ങളും ഛിദ്രശക്തികളെ അത് എങ്ങനെയൊക്കെ ബാധിക്കുന്നുവെന്നും സിനിമ നമ്മെ ഓർമപ്പെടുത്തുന്നു. ദൈവവചനത്തിന്റെ പ്രാധാന്യത്തെ നിരവധി സംഭവങ്ങളിലൂടെ വ്യക്തമാക്കുന്ന ഈ ചിത്രത്തിന്റെ നിരൂപണം അല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ഇത്തരം ചിത്രങ്ങളുടെ ആവശ്യകത എടുത്തുപറയാൻ ആഗ്രഹിക്കുന്നു.

ഒരു ധ്യാനത്തിൽ പങ്കെടുത്തു കിട്ടുന്ന ആത്മീയ അനുഭവങ്ങൾ ഈ സിനിമ നമുക്ക് നൽകുന്നുണ്ട്. അതിനാൽതന്നെ സൺഡേ സ്കൂളുകളിലും യുവജന കൂട്ടായ്മകളിലും ഈ സിനിമ ചെലുത്തുന്ന സ്വാധീനം വളരെ വലുതായിരിക്കും. എല്ലാ രൂപതകളിലെയും വിശ്വാസ പരിശീലന വിഭാഗവും യുവജന വിഭാഗവും ഈ സിനിമ തങ്ങളുടെ മേഖലകളിൽ പ്രദർശിപ്പിക്കുന്നത് വലിയ ആത്മീയ ഉണർവിന് കാരണമാകും. പ്രസ്തുത മേഖലയിലെ നിരവധി പ്രശ്നങ്ങൾക്ക് ഈ സിനിമ ഉത്തരം നൽകും.

ദൈവവചനത്തിന്റെ പ്രാധാന്യം മനസ്സിലാകുന്നതിനുവേണ്ടി എത്രയോ ക്വിസ് പരമ്പരകളും അതുപോലെ മറ്റു പരിപാടികളും സംഘടിപ്പിക്കുന്നു. ഉദ്ദേശിക്കുന്ന ഫലം അവയിലൂടെ ഉണ്ടാകുന്നുണ്ടോയെന്ന് ചിന്തിക്കേണ്ടതാണ്. എന്നാൽ, ഈ ചിത്രം ദൈവവചനത്തിന് ജീവിതത്തിൽ എത്രമാത്രം പ്രാധാന്യം ഉണ്ടെന്ന് വ്യക്തമായി കാഴ്ചക്കാരെ ബോധ്യപ്പെടുത്തുന്നു. യുവജന സംഘടനകളും പ്രാർഥനാ ഗ്രൂപ്പുകളും ഈ സിനിമയെ പ്രമോട്ട് ചെയ്യണം.

എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അവയെ തിരുത്തി, ഈ വിധത്തിലുള്ള നിരവധി സിനിമകൾ സമൂഹത്തിൽ ഉണ്ടാകണം. പുതുതലമുറയെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് സിനിമയാണ്. കാഴ്ചപ്പാടുകളിൽ വലിയ മാറ്റമാണ് സിനിമ വരുത്തുന്നത്. ഇറങ്ങിയ സിനിമ സാമ്പത്തിക ലാഭം നേടിയാൽ മാത്രമാണ് കൂടുതൽ സിനിമകൾ ഈ മേഖലയിൽ സൃഷ്ടിക്കപ്പെടുകയുള്ളൂ. സഭയുടെ ആത്യന്തിക ലക്ഷ്യവും സുവിശേഷ പ്രഘോഷണം മാത്രമായതിനാൽ അതിന് ശക്തമായ പ്രചോദനം നൽകുന്ന ഇത്തരം സിനിമകളുടെ നിർമാണത്തിന് ഏറെ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു.



# FCRA എന്താ കുഴപ്പം?

ഇന്ന് കേരളത്തിൽ വലിയ ചർച്ചാവിഷയം ആയിരിക്കുന്ന എഫ്സിആർഎ നടപ്പിലാക്കിയാൽ സത്യസന്ധമായി കാര്യങ്ങൾ നടത്തുന്നവർക്ക് എന്താണ് കുഴപ്പം എന്ന് പലരും ചോദിക്കുന്നു. വിദേശത്തുനിന്ന് വരുന്ന പണം ശരിയല്ലാത്ത കാര്യങ്ങൾക്ക് ഉപയോഗിക്കുന്നവർക്ക് അല്ലേ പ്രശ്നമുള്ളത് എന്ന് പലരും ചോദിക്കുന്നു. ഒറ്റനോട്ടത്തിൽ അത് ശരിയെന്ന് തോന്നാം.

നമ്മുടെ ഒട്ടനേകം ദേവാലയങ്ങളും സ്ഥാപനങ്ങളും പണിതിരിക്കുന്നത് വിദേശ ഫണ്ട് കൂടി ഉപയോഗിച്ചാണ്. ഒരു സ്ഥാപനത്തിന് വന്ന ഫണ്ടിൽനിന്നും അല്പം പോലും മറ്റൊരു സ്ഥാപനത്തിനു നൽകരുതെന്ന് പറയുന്നത് അംഗീകരിക്കാൻ കഴിയുമോ? ഏതൊരു സ്ഥാപനവും നാട്ടുകാരുടെ വിഹിതം കൂടി ചേർത്താണ് നിർമിച്ചിരിക്കുന്നത്. സ്കൂൾ, പള്ളി, അനാഥാലയങ്ങൾ തുടങ്ങിയവയുടെ മേൽ ഈ ഫണ്ടിന്റെ പേരിൽ സർക്കാരിന് അധികാരം ഉണ്ടെന്നു പറയുന്നത് ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിന്റെ മേലുള്ള അവകാശലംഘനമായി മാറില്ലേ? ഈ സ്ഥാപനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ കണ്ടാൽ സർക്കാരിന് അത് ഏറ്റെടുക്കാനുള്ള നിയമ ഭേദഗതി മതസ്വാതന്ത്ര്യത്തിന് വിരുദ്ധമായി മാറുന്നു. ഒരു സർക്കാർ ഉദ്യോഗസ്ഥന് ഒരു സ്ഥാപനത്തോടു വിരോധം തോന്നിയാൽ വളരെ നിസ്സാരമായ കാരണങ്ങൾ ചുമത്തി മുഴുവൻ സ്വത്തുവകകളും സർക്കാരിലേക്ക് കണ്ടു കെട്ടാനുള്ള സാഹചര്യത്തെ തീർച്ചയായും നാം ഭയപ്പെടുകതന്നെ വേണം.

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ എന്നീ മേഖലകളിൽ ഒട്ടനവധി കാര്യങ്ങളാണ് സഭ ചെയ്യുന്നത്. യഥാർഥത്തിൽ സർക്കാരാണ് ഇത് ചെയ്യേണ്ടത്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് വലിയ സഹായമാണ് സഭ നൽകുന്നത്. അതിനെ ശ്ലാഘിക്കുന്നതിനു പകരം അതിന്റെ പ്രവർത്തനങ്ങളിൽ കൈകടത്തുന്നത് മതങ്ങൾക്കും വ്യക്തികൾക്കും ഭരണഘടന ഉറപ്പു കൊടുക്കുന്ന സ്വാതന്ത്ര്യത്തെ നിയന്ത്രിക്കലാണ്. വിദേശ ഫണ്ടിൽ നല്ലൊരു ഭാഗവും വിദേശത്ത് ജോലി ചെയ്യുന്ന സഭാംഗങ്ങളുടെയാണ്. ക്രൈസ്തവർക്ക് മാത്രമാണ് ഈ നിയമഭേദഗതിയോട് എതിർപ്പുള്ളത്, ഹിന്ദു മുസ്ലിം സംഘടനകൾക്ക് എന്തുകൊണ്ട് എതിർപ്പില്ല എന്ന് ചോദിക്കുന്നവരെ കാണാം. സാമാന്യം സത്യസന്ധമായി ക്രൈസ്തവ സഭകൾ ഇക്കാര്യം കൈകാര്യം ചെയ്യുന്നതുകൊണ്ടും ബില്ലിന്റെ വീഴ്ചകൾ നിയമപരമായി മനസ്സിലാക്കിയത് കൊണ്ടുമാണ് കത്തോലിക്കാ സഭ എഫ്സിആർഎ ബിൽ ഭേദഗതി കൂടുതൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന് ചൂണ്ടിക്കാണിക്കുന്നത്. ഒരു ബിൽ അവതരിപ്പിക്കുമ്പോൾ വേണ്ടത്ര ചർച്ച നടത്താതെയും സെലക്ട് കമ്മിറ്റിക്ക് വിടാതെയും പാസ്സാക്കാൻ ശ്രമിക്കുന്നതിന്റെ പിന്നിൽ അധികാരത്തിന്റെ അഹങ്കാരമുണ്ട്. ഞങ്ങൾ നിയമങ്ങൾ പാസാക്കും വേണമെങ്കിൽ ഞങ്ങൾക്കു കീഴടങ്ങി ഞങ്ങളെ അനുസരിച്ച് ജീവിച്ചു കൊള്ളൂ എന്ന് ഭീഷണിപ്പെടുത്തുന്നത് ജനാധിപത്യ സർക്കാരിനു യോജിച്ചതല്ല.

സ്മാർട്ട് കിഡ്സ് – ചിത്രീകരണം: വെങ്കി




കഥ: സെറീൻ ഏയ്ഞ്ചൽ

# ജോക്കുട്ടന്റെ യാത്ര

ജോക്കുട്ടന്റെ മുന്നിൽ ഹെലികോപ്റ്റർ വന്നു നിന്നു. പൈലറ്റായ അങ്കിൾ കൈകൊണ്ട് ആംഗ്യം കാണിച്ച് അവനെ അകത്തേക്ക് വിളിച്ചു. വിളിക്കേണ്ട താമസം വലിയ സന്തോഷത്തോടെ ജോക്കുട്ടൻ ഹെലികോപ്റ്ററിൽ കയറി. വലിയ നീളമുള്ള പങ്കകറക്കി ഹെലികോപ്റ്റർ ഉയർന്നു പറക്കാൻ തുടങ്ങി. ഉയരത്തിൽ എത്തിയപ്പോൾ ഗ്ലാസിലൂടെ അവൻ പുറത്തേക്ക് നോക്കി. ഹായ് എന്തു രസം... താഴെയുള്ള മരങ്ങളെല്ലാം ചെറിയ പൂന്തോട്ടം പോലെ അവന് തോന്നി. ഹെലികോപ്റ്റർ പറന്നു പറന്ന് കായലിനു മുകളിലൂടെ പറക്കാൻ തുടങ്ങി. ചെറു വഞ്ചികളും ബോട്ടുകളുമൊക്കെ കടലാസ് വഞ്ചികൾ പോലെ കായലിൽ ഒഴുകുന്നത് ജോക്കുട്ടൻ കണ്ടു. അവൻ ദൂരേക്ക് നോക്കിയപ്പോൾ അങ്ങകലെ ചെറിയ ചെറിയ തെങ്ങിൻ തോപ്പുകളും കണ്ടു. മുകളിലുള്ള വെള്ളിമേഘങ്ങൾ കൈയെത്തും ദൂരത്തിൽ ആണെന്ന് തോന്നി.

സന്തോഷംകൊണ്ട് മതിമറന്ന അവൻ അങ്കിളിനോട് ചോദിച്ചു: അങ്കിൾ മേഘങ്ങൾക്കിടയിലൂടെ നമുക്ക് മുകളിലേക്ക് പോകാൻ പറ്റുമോ? ഇങ്ങനെ പൊങ്ങിപ്പൊങ്ങി ദൂരേക്ക് പോയാൽ മേഘങ്ങൾക്കിടയിലൂടെ നമുക്ക് സ്വർഗത്തിലെത്താൻ പറ്റുമോ അങ്കിൾ? ജോക്കുട്ടന്റെ ചോദ്യം കേട്ട് ഡ്രൈവറങ്കിൾ അവനെ നോക്കി പുഞ്ചിരിച്ചു. ജോക്കുട്ടന് വിമാനയാത്ര ഇഷ്ടമായോ? ജോക്കുട്ടൻ ഭാഗ്യവാനാണല്ലോ. വിമാനയാത്ര തുടങ്ങുന്ന ആദ്യദിവസം തന്നെ ആദ്യം യാത്ര ചെയ്യാൻ നറുക്കെടുപ്പിലൂടെ അവസരം കിട്ടിയ ആൾ ജോക്കുട്ടനല്ലേ, മിടുക്കൻ. ഇനി ഇടയ്ക്കൊക്കെ പപ്പയുടെ കൂടെ ഇവിടെ ഹെലികോപ്റ്റർ യാത്രയ്ക്ക് വരണം കേട്ടോ. ജോക്കുട്ടൻ തലയാട്ടി വരാമെന്ന് പറഞ്ഞു.

പിന്നെയും പറന്നു പറന്ന് കായലിന് കുറുകെയുള്ള പാലം കടന്ന് നഗരത്തിനു മുകളിലൂടെ പറന്നു തുടങ്ങി. താഴെ വണ്ടികളെ കണ്ടപ്പോൾ അവന് അത്ഭുതം. ഉറുമ്പിൻ കൂട്ടങ്ങൾ വരിവരിയായി പോകുന്ന പോലെ അവനു തോന്നി. പിന്നീട് അവിടെയുള്ള ഒരു ദേവാലയത്തിന്റെ കുരിശിന്റെ മുകൾഭാഗം തൊട്ടടുത്ത് അവൻ കണ്ടു. വീണ്ടും ഹെലികോപ്റ്റർ പറന്നു പറന്ന് പൊന്തക്കാടുകൾക്ക് മീതെ പറന്നു. കായലിനു മീതെ പറന്നു വീണ്ടും യാത്ര തുടങ്ങിയ സ്ഥലത്ത് തിരിച്ചെത്തി. ഹെലികോപ്റ്ററിന്റെ വാതിൽ തുറന്നു പുറത്ത് കടക്കുമ്പോൾ വേറെയും കുട്ടികൾ കയറാനായി മാതാപിതാക്കളോടൊപ്പം അവിടെ നിൽക്കുന്നുണ്ടായിരുന്നു. നഗരത്തിലെ കുട്ടികളുടെ പാർക്കിൽ പുതിയതായി ആരംഭിച്ച ഹെലികോപ്റ്റർ യാത്രയുടെ ആദ്യ ദിനമായിരുന്നു അന്ന്. ഹെലികോപ്റ്ററിൽ നിന്നിറങ്ങി അവൻ പപ്പയുടെയും അമ്മയുടെയും അടുത്തെത്തി. അവിടെ നിന്നും പപ്പയുടെയും അമ്മയുടെയും കൂടെ സ്കൂട്ടറിൽ കയറി അവർ മടങ്ങി.





തൊട്ടടുത്തുതന്നെ ഉണ്ടായിരുന്ന ഗ്രൗണ്ടിൽ പുസ്തകമേള നടക്കുന്നു. അവിടെ നല്ല തിരക്കുണ്ടായിരുന്നു. പുസ്തകങ്ങൾ കണ്ടുകൊണ്ട് നടക്കുമ്പോൾ ഈശോയുടെ അത്ഭുതങ്ങളുടെ ചിത്രകഥ കണ്ടപ്പോൾ ജോക്കുട്ടന് അതു വേണം. അമ്മ പുസ്തകം കൈയിലെടുത്ത് തുറന്നു നോക്കി. നിറയെ പല വർണങ്ങളിലുള്ള ചിത്രങ്ങൾ. കുട്ടികൾക്ക് പറ്റിയ പുസ്തകംതന്നെ. അവർ ഒരെണ്ണം വാങ്ങി ജോക്കുട്ടന്റെ കൈയിൽ കൊടുത്തു. അമ്മയും വാങ്ങി ഒന്നുരണ്ട് പുസ്തകങ്ങൾ. പുസ്തകമേളയും കഴിഞ്ഞ് വീണ്ടും അവർ യാത്ര തുടർന്നു. പോകുംവഴി ജോക്കുട്ടൻ പപ്പയോട് ചോദിച്ചു: പപ്പാ, നെയ്റോസ്റ്റും വെള്ളച്ചമ്മന്തിയും കഴിച്ചാലോ? ഇത് ചോദിച്ചു കൊണ്ട് അവൻ അമ്മയെ നോക്കി. കാര്യം മനസ്സിലായ അമ്മ തലയാട്ടിച്ചിരിച്ചു. പുറത്തെവിടെയെങ്കിലും യാത്ര പോയാലോ, കറങ്ങാൻ പോയാലോ മടങ്ങും വഴി ഒരു നെയ്റോസ്റ്റും വെള്ളചമ്മന്തിയും വേണം. അവന്റെ ഇഷ്ടഭക്ഷണമാണത്. അതറിയാമായിരുന്ന അവന്റെ പപ്പ സ്കൂട്ടർ ഓടിച്ച് ഹോട്ടലിനു മുന്നിലെത്തി. പതിവുപോലെ നെയ്റോസ്റ്റും വെള്ളച്ചമ്മന്തിയും കഴിച്ച് അവർ വീട്ടിലേക്ക് മടങ്ങി.

അവധിക്കാലമായതിനാൽ പല പല പരിപാടികളാണ് ജോക്കുട്ടന്റെ ഫാമിലി പ്ലാൻ ചെയ്തിരിക്കുന്നത്. അടുത്താഴ്ചയിലാണ് മുത്തച്ഛന്റെയും മുത്തശ്ശിയുടെയും കൂടെ തറവാട്ടിൽ എല്ലാവരും ഒരുമിച്ചു കൂടുന്നത്. അങ്കിളും ആന്റിയും കസിൻസും എല്ലാവരും എത്തും. ഉല്ലസിക്കാനുള്ള ദിവസമാണത്. ഈ അവധിക്കാലത്ത് ദേവസഹായം പിള്ളയുടെ അടുക്കൽ പോകാമെന്ന് പപ്പ പറഞ്ഞിട്ടുണ്ട്. കൂടാതെ ജോക്കുട്ടന്റെ ലിസ്റ്റിലുള്ള ഒരു പരിപാടി കൂടിയുണ്ട്. അത് അവനിഷ്ടപ്പെട്ട ബീച്ചാണ്. ബീച്ചിൽ പോയി തിരയിൽ കളിക്കാനും ഓടിച്ചാടി നടക്കാനുമൊക്കെ അവനു വളരെ ഇഷ്ടമാണ്.


ഇതിനെല്ലാത്തിനും പുറമേ ഏറ്റവും വലിയ ആഘോഷം നടക്കാനിരിക്കുന്നത് അടുത്തമാസമാണ്. ജോക്കുട്ടനും കുടുംബവും അതിനായി വളരെ ആഗ്രഹത്തോടെ കാത്തിരിക്കുകയാണ്. അടുത്ത മാസമാണ് ജോക്കുട്ടന്റെ ആദ്യകുർബാന സ്വീകരണം. ആദ്യമായി ഈശോയെ നാവിൽ സ്വീകരിക്കാൻ വേണ്ടിയുള്ള ഒരുക്കത്തിന്റെ നാളുകൾ.



# വഴുതന മാത്തൻ



**കാർട്ടൂൺ:** സിനിൽ കെ.ജെ. / **ആശയം:** സ്റ്റീവ് വർഗീസ്






SUBSCRIBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES

To purchase scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org | +91 484 2984327 | 91 62382 79115 | www.jykairosmedia.org

RNI No.KERMAL/2002/12027, Date of publication: 01/05/2026, ₹50.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662